32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 25, 2024 | Vol. XXXII No. 43 | Periodicals Postage Paid






ന്യൂയോർക്ക് കേരള സെന്ററിൽ വെച്ച് കൈരളി ടിവി യുഎസ്എയുടെ ഷോർട്ട് ഫിലിം അവാർഡ് ജേതാക്കൾക്ക് അവാർഡുകൾ സമ്മാനിച്ചപ്പോൾ. (ഇടത്തുനിന്ന്): ജോസുകുട്ടി വലിയകല്ലുങ്കൽ (മികച്ച നടൻ), ജെസി ജോസ്, സാറാ സ്റ്റീഫൻ, കൈരളി ടിവി യുഎസ്എ ഡയറക്ടർ ജോസ് കാടാപുറം, ദീപാ മേനോൻ (മികച്ച നടി), ശ്രീലേഖ ഹരിദാസ് (മികച്ച സംവിധായിക), ഡെയ്സി സ്റ്റീഫൻ (കേരള സെന്റർ വൈസ് പ്രസിഡണ്ട്) എന്നിവരാണ് ചിത്രത്തിൽ.

(വാർത്ത 16-ാം പേജിൽ)

Visit Our Website: www.keralaexpress.com

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

**EXPERIENCE
PERSONAL
ATTENTION
RESULTS**



Salu K. Kunnatha



Reena Emmanuel



Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**

1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**

708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700


www.kunnathalaw.com

## അഭ്യർത്ഥന

# ലോകസമാധാനം നിലനിർത്തുവാൻ കമലാ ഹാരിസിനും ടിം വാൽസിനും വോട്ടു ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു



കമലാ ഹാരിസ്



ടിം വാൽസ്

Best Compliments from:



സണ്ണി പുറമറ്റം
ചിക്കാഗോ

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഡൽഹിയിൽ സിആർപിഎഫ് സ്കൂളിനു സമീപം സ്ഫോടനം

6 വിമാനങ്ങൾക്ക് വ്യാജ ബോംബ് ഭീഷണി

9 ചിക്കാഗോ കെ.സി.എസ് ആര് നയിക്കും?

17 25–ാമത് ഇന്റർനാഷണൽ 56 കാർഡ് ഗെയിം വൻവിജയം

18 ഡോണൾഡ് ട്രംപിന്റെ സ്വേച്ഛാധിപത്യ മോഹങ്ങൾ

## ഉപതെരഞ്ഞെടുപ്പ് സ്ഥാനാർത്ഥികളായി; പ്രിയങ്ക വയനാട്ടിലേക്ക്



തിരുവനന്തപുരം: കേരളത്തിലെ ഉപതെരഞ്ഞെടുപ്പിൽ വയനാട് ലോക്സഭാ മണ്ഡലത്തിൽ എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി കോൺഗ്രസ് സ്ഥാനാർത്ഥിയാകും. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് രാഹുൽ മാങ്കൂട്ടത്തിലും ചേലക്കരയിൽ രമ്യ ഹരിദാസും കോൺഗ്രസ് സ്ഥാനാർത്ഥികളാകും. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പ്രിയങ്കയുടെ അരങ്ങേറ്റമാകും വയനാട്ടിലേത്.

വയനാട് ലോക്സഭാ മണ്ഡലത്തിൽ ബിജെപി രമ്യ ഹരിദാസും പാലക്കാട് നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിൽ സി. കൃഷ്ണകുമാറുമാണ് മത്സരിക്കുന്നത്.

ചേലക്കരയിൽ കെ. ബാലകൃഷ്ണനും സ്ഥാനാർത്ഥിയാകും. പാലക്കാട്ട് മണ്ഡലത്തിൽ കോൺഗ്രസ് വിട്ടുവന്ന ഡോ. പി. സരിൻ ഇടതു സ്വതന്ത്രനായി മത്സരിക്കും. ചേലക്കരയിൽ മുൻ എംഎൽഎ യു.ആർ. പ്രദീപാണ് ഇടതുമുന്നണി സ്ഥാനാർത്ഥി. വയനാട്ടിൽ സത്യൻ മൊകേരിയുടെ സ്ഥാനാർത്ഥിത്വം സിപിഐ നേരത്തെ പ്രഖ്യാപിച്ചിരുന്നു.

## മദ്രസകൾക്കെതിരായ ബാലാവകാശ കമ്മീഷൻ നിർദേശം സുപ്രീംകോടതി സ്റ്റേ ചെയ്തു

ന്യൂഡൽഹി: മദ്രസകൾക്കെതിരായ ബാലാവകാശ കമ്മീഷൻ നിർദേശങ്ങൾ സുപ്രീംകോടതിയുടെ സ്റ്റേ ചെയ്തു. വിശദാംശങ്ങൾ തേടി കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് സുപ്രീംകോടതി നോട്ടീസ് അയച്ചു. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാത്ത മദ്രസകൾ പൂട്ടണമെന്നായിരുന്നു ബാലാവകാശ കമ്മീഷൻ നിർദേശം.

ഉത്തർപ്രദേശ്, ത്രിപുര സർക്കാരുകൾ ഇതിന്റെ നടപടികളിലേക്ക് കടന്നിരുന്നു. യുപി സർക്കാരിന്റെ നടപടി ചോദ്യം ചെയ്ത് ജംഇയ്യത്തൽ ഉലമ ഹിന്ദാണ് സുപ്രീംകോടതിയിൽ ഹർജി നൽകിയത്. മദ്രസകൾക്കും മദ്രസാ ബോർഡുകൾക്കും നൽകുന്ന ധനസഹായം അവസാനിപ്പിക്കണമെന്നാണ് ദേശീയ ബാലാവകാശ കമ്മീഷൻ നിർദേശം നൽകിയത്. മദ്രസകളിലെ വിദ്യാഭാസ രീതി വിദ്യാഭ്യാസ അവകാശ നിയമവും ഭരണഘടനാ അവകാശങ്ങളും ലംഘിക്കുന്നുവെന്നു ചൂണ്ടിക്കാട്ടി കമ്മീഷൻ അധ്യക്ഷൻ പ്രിയാങ്ക് കാനൂങ് ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചിരുന്നു. (ശേഷം 30–ാം പേജിൽ)

## നവീൻ ബാബുവിന്റെ ആത്മഹത്യ: കണ്ണൂരിൽ വ്യാപക പ്രതിഷേധം

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ ആത്മഹത്യയിൽ പ്രതിഷേധിച്ച് കണ്ണൂരിൽ വ്യാപക പ്രതിഷേധം. കോൺഗ്രസ്, ബിജെപി പ്രവർത്തകരാണ് വിവിധ ഇടങ്ങളിൽ പ്രതിഷേധവുമായി രംഗത്തെത്തിയത്. പരിയാരം മെഡിക്കൽ കോളജിലേക്കായിരുന്നു കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധവുമായി എത്തിയത്.

നവീൻ ബാബുവിനെതിരെ പരാതി ഉന്നയിച്ച ടി.വി. പ്രശാന്തിനെ മെഡിക്കൽ കോളജിലെ ജോലിയിൽനിന്ന് പുറത്താക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു മാർച്ച്. ഡിസിസി പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ നടത്തിയ മാർച്ചിനിടെ പ്രവർത്തകരും പോലീസും തമ്മിൽ ഉന്തും തള്ളുമുണ്ടായി.

പോലീസ് വലയം ഭേദിച്ച് കോളജ് ഓഫീസിലേക്കു പ്രവർത്തകർ കയറാൻ ശ്രമിച്ചത് സംഘർഷത്തിനിടയാക്കി. വനിതാ പ്രവർത്തകർ ഉൾപ്പെടെ ആശുപത്രി കാഷ്വാലിറ്റിക്കു മുമ്പിലും കോളജിനു മുമ്പിലും എത്തിയെങ്കിലും നേതാക്കൾ ഇടപെട്ട് പിന്തിരിപ്പിക്കുകയായിരുന്നു.

കണ്ണൂർ കളക്ട്രേറ്റിലേക്ക് ബിജെപി പ്രവർത്തകരും പ്രതിഷേധ മാർച്ച് നടത്തി. മാർച്ചിനിടെ പോലീസും പ്രവർത്തകരും തമ്മിൽ ഏറ്റുമുട്ടി. കളക്ട്രേറ്റിന് മുന്നിൽ ബാരിക്കേഡ് വെച്ചാണ് പോലീസ് മാർച്ച് തടഞ്ഞത്. പോലീസ് ജലപീരങ്കി പ്രയോഗിച്ചതോടെ പ്രവർത്തകർ പ്രകോപിതരാകുകയായിരുന്നു.

നവീൻ ബാബുവിന്റെ ആത്മഹത്യയിൽ ആരോപണവിധേയനായ ജില്ലാ കളക്ടർ അരുൺ കെ. വിജയനെ മാറ്റി നിർത്തുക, പി.പി. ദിവ്യയെ അറസ്റ്റ് ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്. കേസെടുത്ത് അഞ്ച് ദിവസമായിട്ടും പി.പി. ദിവ്യയെ അറസ്റ്റ് ചെയ്യാനോ ചോദ്യം ചെയ്യാനോ പോലീസിന് സാധിച്ചിട്ടില്ലെന്നും ബിജെപി നേതാക്കൾ ആരോപിച്ചു. മേഖലയിൽ സംഘർഷ സാഹചര്യം നിലനിൽക്കുകയാണ്.




## കാശ്മീരിൽ ഭീകരാക്രമണം; എൻഐഎ അന്വേഷിക്കുന്നു

ശ്രീനഗർ: ജമ്മു കാശ്മീരിലെ ഗാൻദെർബാൽ ജില്ലയിലെ ഗഗൻഗീർ മേഖലയിൽ ഒക്ടോബർ 20–ന് ഉണ്ടായ ഭീകരാക്രമണത്തിനു പിന്നിൽ ഭീകരസംഘടനയായ 'ദ് റെസിസ്റ്റൻസ് ഫ്രന്റെന്ന്' സൂചന.



ഗാൻദെർബാലിൽ ഭീകരാക്രമണം നടന്നയിടത്ത് നിലയുറപ്പിച്ചിരിക്കുന്ന സുരക്ഷാ ഉദ്യോഗസ്ഥൻ.

പാക്കിസ്ഥാന്റെ പിന്തുണയുള്ള ഭീകരസംഘടനയായ 'ദ് റെസിസ്റ്റൻസ് ഫ്രന്റിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം ആരംഭിച്ചു.

ഈ വർഷം ജൂണിൽ ജമ്മു കാശ്മീരിലെ റിയാസി ജില്ലയിൽ തീർത്ഥാടകർ സഞ്ചരിച്ചിരുന്ന ബസിന് നേരെയുണ്ടായ ഭീകരാക്രമണത്തിനു പിന്നിലും 'ദ് റെസിസ്റ്റൻസ് ഫ്രന്റ്' ആയിരുന്നു. ഇതിന് പിന്നാലെയാണ് ഒക്ടോബർ 20–ന് കാശ്മീരിനെ ഭീതിയിലാഴ്ത്തിയ മറ്റൊരു ഭീകരാക്രമണവും നടന്നിരിക്കുന്നത്. ജമ്മു കാശ്മീരിലെ ഗാൻദെർബാൽ ജില്ലയിലെ ഗഗൻഗീർ മേഖലയിൽ തൊഴിലാളികളുടെ താമസസ്ഥലത്ത് ഭീകരർ നടത്തിയ വെടിവെപ്പിൽ ഒരു ഡോക്ടറും ആറ് തൊഴിലാളികളും കൊല്ലപ്പെട്ടിരുന്നു. മരിച്ച തൊഴിലാളികളിൽ ഇതര സംസ്ഥാനക്കാരുമുണ്ട്. സോനാമാർഗ് മേഖലയിൽ ശ്രീനഗർ-ലേ തുരങ്കനിർമാണത്തിന് എത്തിയ തൊഴിലാളികളുടെ താമസസ്ഥലത്താണു വെടിവെപ്പുണ്ടായത്. ജോലിക്കുശേഷം ഒക്ടോബർ 20–ന് വൈകിട്ട് തൊഴിലാളികളും മറ്റു ജീവനക്കാരും ക്യാംപിലേക്കു തിരിച്ചെത്തിയപ്പോഴായിരുന്നു ആക്രമണം. രണ്ട് ഭീകരരാണ് ഇങ്ങോട്ടേക്ക് കടന്നുകയറിയതെന്നു സംശയിക്കുന്നു. (ശേഷം 30–ാം പേജിൽ)

## വിജയ രഹാത്കർ ദേശീയ വനിതാ കമ്മീഷൻ അദ്ധ്യക്ഷ



ന്യൂഡൽഹി: ദേശീയ വനിതാ കമ്മീഷൻ അദ്ധ്യക്ഷയായി വിജയ രഹാത്കറിനെ കേന്ദ്രസർക്കാർ നിയമിച്ചു. ഡോ. അർച്ചന മജുംദാറിനെ വനിതാ കമ്മീഷൻ അംഗമായി മൂന്നുവർഷ കാലാവധിയിൽ നിയമിച്ചെന്നും കേന്ദ്ര വനിതാ-ശിശുക്ഷേമ വകുപ്പ് അറിയിച്ചു. ബിജെപി ദേശീയ സെക്രട്ടറിയായ വിജയ രഹാത്കർ ദേശീയ വനിതാ കമ്മീഷന്റെ ഒമ്പതാമത് അദ്ധ്യക്ഷയായാണ് നിയമിതയാകുന്നത്. മൂന്നു വർഷത്തേക്കാണ് നിയമനം. ഓഗസ്റ്റ് ആറിന് സ്ഥാനമൊഴിഞ്ഞ രേഖാ ശർമയ്ക്കു പകരമാണ് നിയമനം. മഹിളാ മോർച്ച ദേശീയ അദ്ധ്യക്ഷയായിരുന്ന വിജയ മഹാരാഷ്ട്ര സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പോക്സോ, തലാക്, മനുഷ്യക്കടത്ത് തുടങ്ങിയ വിഷയങ്ങളിൽ ശ്രദ്ധേയ ഇടപെടലുകൾ നടത്തിയ വിജയ ആസിഡ് ആക്രമണ അതിജീവിതർക്കായുള്ള പ്രവർത്തനങ്ങളിലൂടെ ദേശീയ ശ്രദ്ധ നേടിയിരുന്നു.

# ഡൽഹിയിൽ സിആർപിഎഫ് സ്കൂളിനു സമീപം സ്ഫോടനം

ന്യൂഡൽഹി: ഡൽഹിയിലെ പ്രശാന്ത് വിഹാറിൽ സിആർപിഎഫ് സ്കൂളിനു സമീപമുണ്ടായ സ്ഫോടനം പരിഭ്രാന്തി പരത്തി. ഒക്ടോബർ 20-ന് രാവിലെ 7.47-നായിരുന്നു സംഭവം. ആളപായമുണ്ടായില്ലെങ്കിലും സ്കൂളിനു സമീപത്തെ കടകൾക്കും പാർക്ക് ചെയ്തിരുന്ന വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. സ്ഫോടനത്തിന്റെ കാരണം വ്യക്തമാക്കുന്ന സൂചനകളൊന്നും ലഭിച്ചിട്ടില്ലെന്ന് ഡൽഹി പോലീസ് അറിയിച്ചു. ക്രൂഡ് ബോംബിനു സമാനമായ ചില സൂചനകൾ ലഭിച്ചതായി ഫോറൻസിക് വൃത്തങ്ങൾ അറിയിച്ചു.



ഡൽഹിയിലെ പ്രശാന്ത് വിഹാറിൽ സിആർപിഎഫ് സ്കൂളിനു സമീപം സ്ഫോടനമുണ്ടായ സ്ഥലം എൻഐഎ ഉദ്യോഗസ്ഥർ പരിശോധിക്കുന്നു.

ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) അന്വേഷണം ഏറ്റെടുത്തിട്ടുണ്ട്. സ്കൂളിനു സമീപം 19-ന് വൈകുന്നേരം മുതൽ പ്രവർത്തിച്ചിരുന്ന ഫോണുകളുടെ വിവരം അന്വേഷണ ഏജൻസികൾ പരിശോധിക്കും. ബോംബ് സ്ക്വാഡും ഫോറൻസിക് സംഘങ്ങളും സ്ഥലത്തെത്തി പരിശോധന നടത്തി.

സ്ഫോടനസംഭവത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയം അന്വേഷണ ഏജൻസികളോടു റിപ്പോർട്ട് തേടി. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹിയിൽ അതീവ ജാഗ്രതാ നിർദേശം നൽകിയിരിക്കുകയാണ്. സംഭവവുമായി ബന്ധപ്പെട്ട് ഡൽഹി പോലീസ് സ്ഫോടകവസ്തു നിരോധന നിയമപ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്തു. പ്രദേശവാസികൾ ചിത്രീകരിച്ച വീഡിയോയിൽ, സ്ഫോടനമുണ്ടായ സ്ഥലത്തുനിന്ന് വൻതോതിൽ പുക ഉയരുന്നതു കാണാം. രണ്ടു കിലോമീറ്റർ അകലെവരെ സ്ഫോടനത്തിന്റെ ശബ്ദം കേട്ടതായി റിപ്പോർട്ടുണ്ട്.

അതേസമയം, രാജ്യതലസ്ഥാനത്തെ ക്രമസമാധാന തകർച്ചയ്ക്കു കാരണം കേന്ദ്രം ഭരിക്കുന്ന ബിജെപിയാണെന്ന ആരോപണവുമായി ഡൽഹി മുഖ്യമന്ത്രി അതിഷി മർലേന രംഗത്തുവന്നു. ഡൽഹിയുടെ ക്രമസമാധാന ചുമതല കേന്ദ്രസർക്കാരിനാണ്. എന്നാൽ ഇവർ ഇക്കാര്യം അവഗണിക്കുകയും ഡൽഹിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളുടെ പ്രവർത്തനം തടസപ്പെടുത്താൻ ശ്രമിക്കുകയുമാണ്.

അധോലോക കാലത്തെ മുംബൈക്കു സമാനമാണ് ഡൽഹിയെന്നും അതിഷി എക്സിൽ കുറിച്ചു. സംസ്ഥാനത്തെ ക്രമസമാധാന സംവിധാനം തുറന്നുകാട്ടുന്നതാണ് സ്ഫോടനമെന്നും അവർ ആരോപിച്ചു.

# ലോകത്ത് കത്തോലിക്കരുടെ എണ്ണം വർദ്ധിച്ചു

വത്തിക്കാൻ: ലോകത്ത് കത്തോലിക്കരുടെ എണ്ണം വർദ്ധിക്കുകയാണെന്ന് വത്തിക്കാൻ റിപ്പോർട്ട്. യൂറോപ്പിൽ കത്തോലിക്കരുടെ എണ്ണം കുറയുകയാണെന്നും റിപ്പോർട്ടിലുണ്ട്. യൂറോപ്പിലൊഴികെ മറ്റെല്ലാ ഭൂഖണ്ഡങ്ങളിലും കത്തോലിക്കരുടെ എണ്ണം വർദ്ധിച്ചു.

ആഫ്രിക്കയിലാണ് ഏറ്റവും വലിയ വർദ്ധന. 2022-ൽ ആഫ്രിക്കയിലെ കത്തോലിക്കാ ജനസംഖ്യ 272.4 ദശലക്ഷമായിരുന്നെങ്കിൽ ഇപ്പോഴത് 7.3 ദശ ലക്ഷം കണ്ട് വർദ്ധിച്ചിട്ടുണ്ട്. യൂറോപ്പിലാകമാനം തുടരുന്ന ജനനനിരക്കിലെ കുറവാണ് കത്തോലിക്കരുടെ ജനസംഖ്യയിലെ കുറവിന് പ്രധാന കാരണമെന്നും റിപ്പോർട്ടിൽ പറയുന്നു. 2022-ൽ യൂറോപ്പിലെ ജനസംഖ്യയിൽ 39.5 ശതമാനവും കത്തോലിക്കരായിരുന്നുവെങ്കിൽ ഇപ്പോഴത് 0.08 ശതമാനം കുറഞ്ഞു. ലോകജനസംഖ്യയിൽ 17.7 ശതമാനമാണ് കത്തോലിക്കർ. മുൻവർഷത്തെ അപേക്ഷിച്ച് 0.03 ശതമാനം വളർച്ച നേടി. നോർത്ത്, സൗത്ത് അമേരിക്കയിലെ കത്തോലിക്കാ ജനസംഖ്യ രണ്ടു വർഷത്തിനുള്ളിൽ 5.8 ദശലക്ഷം കണ്ട് വർദ്ധിച്ചു. ഏഷ്യയിലെ കത്തോലിക്കാ ജനസംഖ്യയിലും വർദ്ധനയുണ്ടായി. രണ്ടു വർഷത്തിനുള്ളിൽ 889,00 ആണ് വർദ്ധന. ഓഷ്യാനിയയിൽ 123,000 വർദ്ധനയുണ്ടായി.

തുടർച്ചയായ അഞ്ചാം വർഷവും കത്തോലിക്കാ വൈദികരുടെ എണ്ണം ആഗോളതലത്തിൽ കുറയുകയാണെന്നാണ് റിപ്പോർട്ടിലുള്ളത്. ആഗോളതലത്തിൽ 15,882 വിശ്വാസികൾക്ക് ഒരു വൈദികനാണുള്ളത്. യൂറോപ്പിലാണ് വൈദികരുടെ എണ്ണം ഗണ്യമായി കുറഞ്ഞത്. എന്നാൽ, ആഫ്രിക്കയിലും ഏഷ്യയിലും വൈദികരുടെ എണ്ണത്തിൽ വർദ്ധനയുണ്ടായി. ആഫ്രിക്കയിലും ഓഷ്യാനിയയിലും വൈദികാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന രേഖപ്പെടുത്തി. സന്യാസിനികളുടെ എണ്ണത്തിലും ആഗോളതലത്തിൽ വലിയ കുറവാണുള്ളത്. എന്നാൽ, ആഫ്രിക്കയിൽ വലിയതോതിലും ഏഷ്യയിൽ ചെറിയ തോതിലും വർദ്ധനയുണ്ട്.

# നവീൻ ബാബുവിനെതിരെ കൈക്കൂലി ആരോപണം; പ്രശാന്തിനെ പുറത്താക്കാൻ നീക്കം

തിരുവനന്തപുരം: കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിനെതിരെ കൈക്കൂലി ആരോപണം ഉന്നയിച്ച പ്രശാന്തിനെ പരിയാരം മെഡിക്കൽ കോളജിലെ ജോലിയിൽ നിന്നും നീക്കം ചെയ്യുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

പ്രശാന്ത് ഗവൺമെന്റ് ജീവനക്കാരൻ അല്ലെന്നും അദ്ദേഹത്തെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. പ്രശാന്ത് പരിയാരം മെഡിക്കൽ കോളജിലെ ഇലക്ട്രിക് വിഭാഗത്തിലെ താൽക്കാലിക ജീവനക്കാരൻ മാത്രമാണ്. പ്രശാന്ത് ഇനി ജോലിയിൽ തുടരേണ്ട എന്നാണ് തന്റെ നിലപാട്. പ്രശാന്തിനെ പുറത്താക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതേസമയം പെട്രോൾ പമ്പിന്റെ അപേക്ഷകൻ പ്രശാന്ത് ആണോയെന്ന് അറിയില്ലെന്നും മന്ത്രി പറഞ്ഞു. പ്രശാന്തിനെതിരെ വകുപ്പ്തല അന്വേഷണം നടത്തുമെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറിയോട് നേരിട്ട് അന്വേഷിച്ചു റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സത്യസന്ധനായ ഉദ്യോഗസ്ഥനായിരുന്നു നവീൻ ബാബുവെന്നും പ്രളയസമയത്തും കോവിഡ് കാലത്തും നല്ല നിലയിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥനായിരുന്നുവെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു. നവീന്റെ കുടുംബത്തിന് നീതി ഉറപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി ആയാണ് മന്ത്രി ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

# ഫ്ളക്സ് ബോർഡുകൾക്കെതിരെ വീണ്ടും ഹൈക്കോടതി

കൊച്ചി: പാതയോരങ്ങളിൽ അനധികൃത ഫ്ളക്സ് ബോർഡുകളും കൊടിമരങ്ങളും സ്ഥാപിക്കുന്നതിൽ വീണ്ടും രൂക്ഷവിമർശനവുമായി ഹൈക്കോടതി. സംസ്ഥാനം നന്നാവില്ല, പുതിയ കേരളമെന്നല്ല, പഴയ കേരളമെന്നു തന്നെ പറയണമെന്നും ഹൈക്കോടതി വിമർശിച്ചു. രാഷ്ട്രീയമായി ശക്തരാകുന്നവർക്ക് നിയമം ബാധകമാകാത്ത സാഹചര്യമാണുള്ളതെന്നും രാഷ്ട്രീയ പിന്തുണയുണ്ടെങ്കിൽ എന്തുമാകാമെന്ന സാഹചര്യമാണെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിരീക്ഷിച്ചു. എറണാകുളം മാധവാ ഫാർമസി ജംഗ്ഷനിൽ കോൺഗ്രസ് വെച്ച ഫ്ളക്സ് ബോർഡിന് 5,000 പിഴ ഈടാക്കി നോട്ടീസ് അയച്ചെന്ന് കോർപ്പറേഷൻ മറുപടി നല്കി. എന്നാൽ, സർക്കാരിന്റെ പൊതുസമ്പർക്ക വകുപ്പ് പോലും മന്ത്രിമാരുടെ പേരിൽ ഫ്ളക്സ് ബോർഡ് വെക്കുന്നുണ്ടെന്നു കോടതി ചൂണ്ടിക്കാട്ടി. ഹൈക്കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടും അനധികൃത ബോർഡുകൾക്ക് കുറവുണ്ടാകുന്നില്ല. ആയിരക്കണക്കിന് അനധികൃത ബോർഡുകൾ ഇപ്പോഴുമുണ്ടെന്നും ഹൈക്കോടതി പറഞ്ഞു. കൊടുങ്ങല്ലൂർ ബൈപ്പാസിൽ ഒരാൾ കുഴിയിൽ വീണ് മരിച്ചത് അറിഞ്ഞില്ലേയെന്നും കോടതി ചോദിച്ചു. ആരാണിതിനു മറുപടി നല്കുക. ജില്ലാ കളക്ടറടക്കം ആരും ഇതൊന്നുംകാര്യമാക്കിയില്ലേ. നൂറുകണക്കിനാളുകൾ ദിനംപ്രതി റോഡിലെ കുഴിയിൽ വീഴുന്നുവെന്നും കോടതി നിരീക്ഷിച്ചു.

# ലാൽ വർഗീസ് കല്പകവാടി അന്തരിച്ചു



ആലപ്പുഴ: മുതിർന്ന കോൺഗ്രസ് നേതാവ് ലാൽ വർഗീസ് കല്പകവാടി (70) അന്തരിച്ചു. ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ഒക്ടോബർ 20-ന് തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

തേവലക്കര തോട്ടപ്പള്ളി തോട്ടത്തിൽ പരേതനായ മുൻ കമ്യൂണിസ്റ്റ് നേതാവ് വർഗീസ് വൈദ്യന്റെ മകനാണ്. കിസാൻ കോൺഗ്രസ് മുൻ ദേശീയ വൈസ് പ്രസിഡണ്ടായിരുന്ന ലാൽ വർഗീസ്, കേരള കർഷക ക്ഷേമനിധി ബോർഡ് അംഗമായും ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഹോൾട്ടികോർപ്പ് ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

17 വർഷം കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ടായും സംഘടനയുടെ ജനറൽ സെക്രട്ടറി, വൈസ് പ്രസിഡണ്ട്, ട്രഷറർ തുടങ്ങിയ സ്ഥാനങ്ങളിലും പ്രവർത്തിച്ചു.

2016-ൽ കിസാൻ കോൺഗ്രസ് ദേശീയ കോ-ഓർഡിനേറ്ററായി. നിലവിൽ കെപിസിസി എക്സിക്യൂട്ടീവ് അംഗമാണ്. ദേശീയതലത്തിൽ കോൺഗ്രസിന്റെ കർഷക സംഘടന രൂപീകരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 43
October 25, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ജീവിതത്തെക്കുറിച്ച് ഒരാൾക്കുള്ള വീക്ഷണമാണ് അയാളുടെ ജീവിതത്തിന്റെ ശക്തി.
**അൽക്കോട്ട്**

വിജയിക്കുമ്പോൾ മറ്റുള്ളവർ പറയുന്നത്ര നല്ലതോ, പരാജയപ്പെടുമ്പോൾ അവർ ചിന്തിക്കുന്നത്ര മോശമോ ആയിരിക്കില്ല നിങ്ങൾ.
**ലോ ഹോർട്ട്സ്**

# MEDICARE PLANS

**QUESTIONS ANSWERED**

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT


**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com






Steve Crifase

LIFE MEMBER MILLION DOLLAR ADVOCATES FORUM The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ജനാധിപത്യ രാഷ്ട്രീയത്തെ വീണ്ടെടുക്കണം

കണ്ണൂർ എഡിഎം നവീൻ ബാബുവിന്റെ സംസ്കാരം കഴിഞ്ഞു. പക്ഷേ, ആ മരണം, ജീർണമായൊരു രാഷ്ട്രീയ സംസ്കാരത്തെ ഒരിക്കൽക്കൂടി തുറന്നുകാട്ടി. സംഭവത്തിൽ ഉത്തരവാദികളായവരെല്ലാം ശിക്ഷിക്കപ്പെട്ടാലും ധാർഷ്ട്യക്കാരായ നേതാക്കളെ നിരന്തരം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഈ രാഷ്ട്രീയ സംസ്കാരത്തെ കേരളം എങ്ങനെ ചെറുക്കുമെന്ന ചോദ്യം ബാക്കിയാണ്. അതിന് ഉത്തരം കണ്ടെത്തിയില്ലെങ്കിൽ ഈ നാടു നശിക്കുന്നത്, ഉള്ളതിലേക്കും മികച്ച ഭരണസംവിധാനമായ ജനാധിപത്യത്തിന്റെ മടിയിലിരുന്നുതന്നെയായിരിക്കും. വിപ്ലവഗാനങ്ങളിലും പ്രസംഗങ്ങളിലും ഭാഷാമേന്മയുള്ള ലേഖനങ്ങളിലുമൊന്നും കാണുന്നതല്ല പലരുടെയും യഥാർഥ രാഷ്ട്രീയം. അത്, അധികാരാസക്തി, ധാർഷ്ട്യം, ധനാർത്തി, അഴിമതി, ഹിംസ എന്നിവയുടെയൊക്കെ ഒരു ചേരുവയാണ്. അതിനെ ചെറുക്കണം, ജനാധിപത്യരാഷ്ട്രീയത്തെ വീണ്ടെടുക്കണം.

പാർട്ടിയിലെ ഏതു തിന്മയെയും നന്മയാക്കുന്ന ന്യായീകരണം, അണികളുടെ വിധേയത്വം, അസത്യപ്രചാരണം തുടങ്ങിയവയെല്ലാം പതിവുപോലെയുണ്ടായി. ദിവ്യയുടേത്, അഴിമതിക്കെതിരായ സദുദ്ദേശ്യപരമായ വിമർശനം മാത്രമാണെന്നു പറഞ്ഞ കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ, യാത്രയയപ്പു യോഗത്തിൽ ഇത്തരം പരാമർശങ്ങൾ ഒഴിവാക്കാമായിരുന്നെന്നും കൂട്ടിച്ചേർത്തു. ചാനലുകളിൽ ചർച്ചയ്ക്കെത്തിയ പാർട്ടിക്കാരെല്ലാം ദിവ്യയെ കൈവിടാതെ നവീന്റെ മരണത്തിൽ സങ്കടപ്പെട്ടുകൊണ്ടിരുന്നു. മരണാനന്തരവും നവീനെ സംശയത്തിന്റെ നിഴലിൽ നിർത്തിയത് പാർട്ടിക്കാർ മാത്രം.

ഒടുവിൽ കേരളത്തിനൊപ്പം പാർട്ടിയുടെ പത്തനംതിട്ട ഘടകം ഉറച്ചുനിൽക്കുകയും യൂണിയനുകളിൽ അഭിപ്രായവ്യത്യാസമുണ്ടാകുകയും ചെയ്തതിനാലാകാം പാർട്ടി സെക്രട്ടറി ഉൾപ്പെടെ നിലപാടു മാറ്റി. ദിവ്യക്കെതിരെ കേസെടുക്കാൻ നിർബന്ധിതരാകുകയും ചെയ്തു. ഇതുവരെയുള്ള വിവരങ്ങൾവെച്ച് അഴിമതിയുടെ മരണാനന്തര കുപ്പായം നവീനെ അണിയിക്കാനുള്ള ശ്രമങ്ങളെല്ലാം പാഴാകുകയാണ്.

അഴിമതിയും അക്രമവും ഭരണപരാജയവും പിൻവാതിൽ നിയമനങ്ങളും പോലീസ്രാജും രാഷ്ട്രീയ ബാന്ധവ ആരോപണങ്ങളും ഗുണ്ടായിസവും വിദ്യാഭ്യാസരംഗത്തെ അഴിമതികളും യുവനേതാക്കൾക്കെതിരെയുള്ള പിൻവാതിൽ നിയമന വിവാദങ്ങളുമൊക്കെ പ്രതിക്കൂട്ടിലാക്കിയ സിപിഎമ്മിന്റെ തലയ്ക്കു മുകളിൽ കണ്ണൂർ സംഭവവും തൂങ്ങിയാടുകയാണ്. ഈ രാഷ്ട്രീയവും പ്രാദേശിക നേതാക്കൾപോലും അലങ്കാരമാക്കിയ ധാർഷ്ട്യവും ജനാധിപത്യത്തോടല്ല ഏകാധിപത്യത്തോടാണ് ചേർന്നുനിൽക്കുന്നത്. അതു ചെറുക്കപ്പെടണം.

ഒരാളെ വാക്കുകൾകൊണ്ടു മുറിവേൽപിക്കുകയും അതുവഴി സ്വയം ജീവനെടുക്കാനുള്ള വഴിയൊരുക്കുകയും ചെയ്തത് ഉത്തരവാദപ്പെട്ട ഒരു ജനപ്രതിനിധിയാണെന്നത് എടുത്തുപറയണം. വിമർശിക്കാൻ ജനപ്രതിനിധിക്കുള്ള അവകാശം അംഗീകരിക്കുമ്പോഴും വ്യക്തിപരമായി അധിക്ഷേപിക്കുന്ന രീതി സ്വീകാര്യമല്ല. പൊതുവേദികളിൽ പറയുന്ന ഓരോ വാക്കിലും സംസ്കാരത്തിന്റെ കയ്യൊപ്പുണ്ടാകണമെന്ന പാഠം ജനപ്രതിനിധികൾതന്നെ മറക്കുന്നതാണ് പതിവായി ഇവിടെ കണ്ടുപോരുന്നത്.

ജനപ്രതിനിധി എന്ന സ്ഥാനത്തിന്റെ വലുപ്പവും അതിൽ അവശ്യം വേണ്ട പക്വതയുമെല്ലാം വിസ്മരിച്ചായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ പ്രസംഗം എന്നതിൽ സംശയമില്ല. എന്തിനും അധികാരമുണ്ടെന്നു കരുതുന്ന ജനപ്രതിനിധികളെ ആത്മപരിശോധനയിലേക്കും സ്വയംതിരുത്തലിലേക്കും കൊണ്ടുപോകാൻ എഡിഎമ്മിന്റെ സ്വയമൊടുക്കൽ നിമിത്തമായെങ്കിൽ എന്നാഗ്രഹിക്കാനേ കഴിയൂ.

രാഷ്ട്രീയത്തെയല്ല, അതിന്റെ ജീർണതയെ ചെറുക്കണം. നവീന്റെ മരണത്തിൽ മനുഷ്യത്വപരമായ നിലപാടു സ്വീകരിച്ചവരും കുടുംബത്തോടൊപ്പം നിന്ന പാർട്ടിക്കാരും സിപിഎം പത്തനംതിട്ട ഘടകവുമൊക്കെ പ്രതീക്ഷയുണർത്തുന്ന രാഷ്ട്രീയത്തിന്റെ ഭാഗമാണ്. നിങ്ങൾ നാളെയും മനുഷ്യർക്കൊപ്പമുണ്ടായിരുന്നാൽ പാർട്ടിക്കും ഭാവിയുണ്ട്. ജനാധിപത്യ ഭരണഘടനയുടെ നിയന്ത്രണമില്ലായിരുന്നെങ്കിൽ കണ്ണൂരിൽ കണ്ട ധാർഷ്ട്യം ഈ നാടിനെ ഇതിനോടകം ജനാധിപത്യത്തിൽനിന്നു വേർപെടുത്തുമായിരുന്നുവെന്നു തോന്നിപ്പോകുന്നു.

# വിമാനങ്ങൾക്ക് വ്യാജ ബോംബ് ഭീഷണി; കോടികളുടെ നഷ്ടം

ന്യൂഡൽഹി: ഇന്ത്യയിൽനിന്നു സർവീസ് നടത്തുന്ന ആഭ്യന്തര-രാജ്യാന്തര വിമാനങ്ങൾക്ക് ബോംബ് ഭീഷണി സന്ദേശം ലഭിക്കുന്നത് തുടർക്കഥയാകുന്നു. ഏഴു ദിവസത്തിനിടെ നൂറോളം വിമാനങ്ങൾക്കു നേരെ ബോംബ് ഭീഷണി ഉയർന്നതോടെ ഇന്ത്യയിലെ വ്യോമയാന മേഖല പ്രതിസന്ധിയിലായി. ഒക്ടോബർ 20-ന് മാത്രം 25 വിമാനങ്ങൾക്കു ബോംബ് ഭീഷണിയുണ്ടായി. 20-ന് ഭീഷണി ലഭിച്ചവയിൽ വിസ്താരയുടെ ഡൽഹി-ഫ്രാങ്ക്ഫർട്ട് വിമാനത്തിന് അഫ്ഗാനിസ്ഥാൻ അനുമതി നിഷേധിച്ചതിനാൽ പാക്കിസ്ഥാൻ വ്യോമപാത പിന്നിട്ട ശേഷം ഡൽഹിയിലേക്കു തിരികെയെത്തിച്ചു.

വിമാനങ്ങൾക്കു പുറമേ കൂടാതെ കർണാടക ബെളഗാവി സാംബ്ര വിമാനത്താവളത്തിനുനേരെയും 20-ന് ബോംബു ഭീഷണിയുണ്ടായി. ചെന്നൈയിൽനിന്നാണു വ്യാജസന്ദേശം ലഭിച്ചത്. ഇതുവരെയുള്ള എല്ലാ ഭീഷണികളും വ്യാജമാണെന്നു കണ്ടെത്തിയിട്ടുണ്ട്. കുറ്റക്കാരെ നോ ഫ്ളൈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതടക്കം കർശന നടപടികളുണ്ടാകുമെന്നു വ്യോമയാന മന്ത്രാലയം അറിയിച്ചു.

ഇത്രയേറെ ഭീഷണികൾ എത്തുന്നതിനു പിന്നിൽ മറ്റെന്തെങ്കിലും കാരണമുണ്ടോ എന്ന് അധികൃതർ പരിശോധിക്കുന്നുണ്ട്. ഭീഷണികൾക്കു പിന്നിൽ ഒരു കൂട്ടം തമാശക്കാരാകാം (പ്രാങ്ക്) എന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു പറഞ്ഞതു മാത്രമാണ് ഏക ഔദ്യോഗിക പ്രതികരണം. കാനഡയുമായുള്ള ഇന്ത്യയുടെ ബന്ധത്തിൽ വിള്ളലുണ്ടായതിനു പിന്നാലെയാണ് ബോംബ് ഭീഷണി പരമ്പരയുടെ തുടക്കം.

46 വിമാനങ്ങൾക്ക് ഭീഷണി ലഭിച്ചതു സമൂഹമാധ്യമമായ എക്സിലെ @adamlanza1111 എന്ന അക്കൗണ്ടിൽ നിന്നാണ്. നിലവിൽ അക്കൗണ്ട് മരവിപ്പിച്ച അവസ്ഥയിലാണ്. വിപിഎൻ ഉപയോഗിച്ച് ലൊക്കേഷൻ മറയ്ക്കുന്നതിനാൽ അക്കൗണ്ട് ഉടമകളെ കണ്ടെത്താൻ പ്രയാസമാണ്. ഡൽഹി പോലീസിന്റെ സൈബർ സെല്ലും ഇന്റലിജൻസ് ഫ്യൂഷൻ ആൻഡ് സ്ട്രാറ്റജിക് ഓപ്പറേഷൻ (ഐഎഫ്എസ്ഒ) ചേർന്നാണ് കേസുകൾ അന്വേഷിക്കുന്നത്.

കോടികളുടെ നഷ്ടമാണ് ഓരോ വ്യാജ ബോംബ് ഭീഷണിയും വിമാന കമ്പനികൾക്കുണ്ടാക്കുന്നത്. അടിയന്തര ലാൻഡിങ് ചാർജ്, യാത്രക്കാർക്കുള്ള താമസം, ഭക്ഷണം, ജീവനക്കാരെ മാറ്റുന്നത്, ഇന്ധനം തുടങ്ങിയവ ചേർത്താണ് ഈ വലിയ തുക.

അടിയന്തര ലാൻഡിങ്ങിനു ഭാരം കുറയ്ക്കുന്നതിന് ചിലപ്പോൾ കോടികളുടെ ഇന്ധനം കത്തിച്ചു കളയേണ്ടിവരാറുണ്ട്. ടിക്കറ്റ് നിരക്ക് കൂടുതലുള്ള ഉത്സവകാലത്താണ് ഭീഷണികൾ. ഇതുമൂലം ലാഭത്തെക്കാൾ നഷ്ടമാണ് കമ്പനികൾ അഭിമുഖീകരിക്കുന്നത്.

ഇവയ്ക്കു പുറമേയാണ് കണക്ടിങ് ഫ്ളൈറ്റ് അടക്കം നഷ്ടമാകുന്നതുമൂലമുള്ള യാത്രക്കാരുടെ പ്രശ്നങ്ങൾ. ഇത്തരം കേസുകളിൽ ഏഴ് ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകേണ്ടിവരും.

ഇന്ത്യയിലെ വിമാന സർവീസുകൾക്കുനേരെ തുടർ ബോംബു ഭീഷണികൾ ഉണ്ടാകുന്നതിനിടെ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) മേധാവിയെ മാറ്റി കേന്ദ്ര സർക്കാർ. ഡിജിസിഎ ഡയറക്ടർ വിക്രം ദേവ് ദത്തിനു കൽക്കരി മന്ത്രാലയം സെക്രട്ടറിയായാണു സ്ഥലം മാറ്റം. ആരാണ് ഡിജിസിഎ പുതിയ ഡയറക്ടർ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടില്ല. നൂറോളം വിമാനങ്ങൾക്കു നേരെ ബോംബ് ഭീഷണിയുണ്ടായിട്ടും ഡിജിസിഎ പ്രതികരിച്ചിരുന്നില്ല. ഇതിന്റെ തുടർച്ചയായാണു സ്ഥലംമാറ്റമെന്ന് സൂചനയുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമാണ് നടപടിയെന്നും മറ്റ് വിഷയങ്ങൾ ബാധിച്ചിട്ടില്ലെന്നുമാണ് അധികൃതർ നൽകുന്ന വിശദീകരണം.

# പൗരത്വ നിയമത്തിലെ ഭരണഘടനാ സാധുത സുപ്രീംകോടതി ശരിവെച്ചു

ന്യൂഡൽഹി: അസം ഉടമ്പടി അംഗീകരിച്ച 1985-ലെ പൗരത്വ നിയമത്തിലെ സെക്ഷൻ 6 (എ) യുടെ ഭരണഘടനാ സാധുത സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് ശരിവെച്ചു. ഇതോടെ 1966 ജനുവരിക്കും 1971 മാർച്ച് 25-നും ഇടയിൽ അസമിൽ സ്ഥിരതാമസമാക്കിയ ബംഗ്ലാദേശിൽനിന്നുള്ള ആളുകൾക്ക് ഇന്ത്യയിൽ പൗരത്വത്തിന് അപേക്ഷിക്കാം. പൗരത്വ നിയമത്തിലെ സെക്ഷൻ 6 (എ) പ്രകാരം പൗരത്വം നൽകിയാൽ അസമിലെ പൗരന്മാരുടെ സാംസ്കാരികവും സാമ്പത്തികവുമായ അവകാശങ്ങൾ ലംഘിക്കുമെന്നു ചൂണ്ടിക്കാട്ടി സമർപ്പിച്ച ഒരുകൂട്ടം ഹർജികളിൽ വിശദമായ വാദം കേട്ടാണു സുപ്രീംകോടതി നിർണായക വിധി പുറപ്പെടുവിച്ചത്. അഞ്ചംഗ ഭരണഘടനാബെഞ്ചിൽ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ സൂര്യകാന്ത്, എം.എം. സുന്ദ്രേഷ്, മനോജ് മിശ്ര എന്നിവർ സെക്ഷൻ 6 (എ) യുടെ ഭരണഘടനാസാധുത ശരിവെച്ചപ്പോൾ ജസ്റ്റിസ് ജെ.ബി. പർദിവാല വിയോജിപ്പ് രേഖപ്പെടുത്തി.

അസം കരാർ നിയമവിരുദ്ധ കുടിയേറ്റ പ്രശ്നത്തിനുള്ള രാഷ്ട്രീയ പരിഹാരമാണെന്നും സെക്ഷൻ 6 (എ) നിയമനിർമാണ പരിഹാരമാണെന്നും ചീഫ് ജസ്റ്റിസ് തന്റെ വിധിന്യായത്തിൽ വ്യക്തമാക്കി. ഈ വ്യവസ്ഥ നടപ്പിലാക്കാൻ പാർലമെന്റിന് നിയമനിർമാണ ശേഷിയുണ്ടെന്നും കോടതി വ്യക്തമാക്കി.

ബംഗ്ലാദേശ് വിമോചനയുദ്ധം അവസാനിച്ച 1971 മാർച്ച് 25 കട്ട് ഓഫ് തീയതി യുക്തിസഹമാണെന്നും വിധിയിൽ കോടതി അഭിപ്രായപ്പെട്ടു. പാർലമെന്റ് അടക്കമുള്ള നിയമനിർമാണ സഭകൾക്ക് ഇത്തരത്തിൽ വ്യവസ്ഥ കൊണ്ടുവരാൻ അധികാരമുണ്ടെന്നും കോടതി വ്യക്തമാക്കി. വിവിധ വംശീയ വിഭാഗങ്ങളുടെ സാന്നിധ്യംകൊണ്ടു മാത്രം ഭരണഘടനയുടെ ആർട്ടിക്കിൾ 21 (1) പ്രകാരമുള്ള ഭാഷാപരവും സാംസ്കാരികവുമായ പൈതൃകം സംരക്ഷിക്കാനുള്ള മൗലികാവകാശം ലംഘിക്കപ്പെട്ടുവെന്ന് കണക്കാക്കാൻ സാധിക്കില്ലെന്നും കോടതി വിധിന്യായത്തിൽ നിരീക്ഷിച്ചു.



അസമിലെ അനധികൃത കുടിയേറ്റക്കാർക്കെതിരായ ആറുവർഷത്തെ പ്രക്ഷോഭം അവസാനിപ്പിക്കുന്നതിനായി 1985-ൽ ഒപ്പുവെച്ച ഒരു മെമ്മോറാണ്ടം ഓഫ് സെറ്റിൽമെന്റാണ് അസം കരാർ. രാജീവ് ഗാന്ധി സർക്കാരും ഓൾ ആസാം സ്റ്റുഡന്റ്സ് യൂണിയൻ (എഎഎസ്യു), ഓൾ അസം ഗണ സംഗ്രാം പരിഷത്ത് (എഎജി എസ്പി) സംഘടനകളും ചേർന്നാണ് 1966 ജനുവരി മുതൽ 1971 മാർച്ച് വരെ അസമിൽ എത്തിയവർക്ക് പൗരത്വം അനുവദിക്കാൻ കരാർ ഒപ്പിട്ടത്. 1985-ൽ സെക്ഷൻ 6 (എ) പൗരത്വ നിയമത്തിന്റെ ഭാഗമായി ചേർക്കുകയായിരുന്നു. ഇതു പ്രകാരം 1966 ജനുവരി മുതൽ 1971 മാർച്ച് വരെ അസമിൽ കടന്ന 17,861 കുടിയേറ്റക്കാർക്ക് പൗരത്വം നൽകിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നു.

## ഡൽഹിയിൽ മലിനീകരണം വർധിക്കുന്നു

ന്യൂഡൽഹി: ഡൽഹിയിൽ മലിനീകരണത്തെത്തുടർന്ന് യമുനാ നദിയുടെ പല ഭാഗങ്ങളിലും കട്ടിയുള്ള വെളുത്ത പത കാണപ്പെട്ടു. കഴിഞ്ഞവർഷത്തേക്കാൾ തീവ്രമലിനീകരണത്തിനു ഡൽഹി നഗരം സാക്ഷിയാകുമെന്നു സൂചന നൽകുന്നതാണിത്. മേഘപാളികൾപോലെ രൂപംകൊണ്ട പത വിഷമയമാണെന്നു പരിസ്ഥിതി വിദഗ്ധർ സൂചന നൽകിയിട്ടുണ്ട്. ഇതിൽ ഉയർന്ന അളവിൽ അമോണിയയും ഫോസ്ഫേറ്റും അടങ്ങിയിട്ടുണ്ടെന്നും ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും മുന്നറിയിപ്പുണ്ട്. ദീപാവലി പോലുള്ള ആഘോഷങ്ങൾ അടുക്കുമ്പോൾ ഡൽഹിയിലെ മലിനീകരണത്തിന്റെ അളവ് വർധിച്ചത് ജനങ്ങളിൽ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. തലസ്ഥാനത്തെ 13 ഹോട്ട്സ്പോട്ടുകളിൽ വിവിധ പ്രാദേശിക മലിനീകരണ സ്രോതസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും മലിനീകരണം നിയന്ത്രിക്കാനുള്ള നടപടികൾ നടത്തിവരികയാണെന്നും ഡൽഹി സംസ്ഥാന പരിസ്ഥിതി മന്ത്രി ഗോപാൽ റായ് പറഞ്ഞു.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*

-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

# കെ.ഒ. ജോൺസൺ കല്ലൂർ അന്തരിച്ചു



ചിക്കാഗോ: കേരള എക്സ്പ്രസ് മാനേജിംഗ് എഡിറ്റർ കെ.ഒ. ജോസ് സിപിഎ യുടെ ജ്യേഷ്ഠൻ കെ.ഒ. ജോൺസൺ കല്ലൂർ (65) അന്തരിച്ചു. മൃതസംസ്കാരം ഒക്ടോബർ 24-ന് വ്യാഴാഴ്ച കൊട്ടാരക്കര തൃക്കണ്ണമംഗലം ഐപിസി സഭയുടെ ആഭിമുഖ്യത്തിൽ കല്ലൂർ കുന്നുവിള കുടുംബക്കല്ലറയിൽ നടത്തുന്നതാണ്.

പരേതനായ കെ.എം. കൊച്ചുണ്ണൂണ്ണിയുടെയും കുഞ്ഞമ്മ കൊച്ചുണ്ണൂണ്ണിയുടെയും രണ്ടാമത്തെ മകനാണ് പരേതൻ. സൂസമ്മ ജോൺസൺ ആണ് ഭാര്യ. നോബിൻ ജോൺസൺ (തിരുവനന്തപുരം), മൈക്കിൾ ജോൺസൺ (ന്യൂയോർക്ക്) എന്നിവർ മക്കളും ഷീജ നോബിൻ, ബ്ലെസ്സി മൈക്കിൾ എന്നിവർ മരുമക്കളുമാണ്.

പരേതൻ കുടുംബമായി ന്യൂയോർക്ക് ഇന്റർനാഷണൽ പെന്തെക്കോസ്തൽ അസംബ്ലി അംഗമായിരുന്നു. കെ.ഒ. രാജൻ (ഡാളസ്), റോസമ്മ രാജു (ന്യൂയോർക്ക്), സൂസമ്മ തോമസ് (ഡാളസ്), കെ.ഒ. ജോസ് സിപിഎ (ചിക്കാഗോ), കെ.ഒ. സജി (ന്യൂയോർക്ക്) എന്നിവർ സഹോദരങ്ങളുമാണ്.

# SEEKING LEAD PASTOR

**LifeStream Church in Franklin, TN seeks a passionate, committed, mission-oriented, and excellent communicator of God's word with good English-speaking skills to be their Lead Pastor**

LifeStream Church has been in Franklin, TN for 14 years and ministering to the South Asian population here. Recently, our community was blessed with a facility in Franklin, TN. The location is prime, equipped with a great video/audio setup to support ministry both inside and outside of the church. Our community is a multilingual and interdenominational group, mainly from Kerala, Andhra, and Tamil Nadu, with a current attendance of about 80 people. Our church believes and practices all the fundamental doctrines of the Bible, including believers' baptism and the active work of the Holy Spirit. Church has a team of Ministry Leaders for different focus areas such as Kids Ministry, Praise and Worship, Media, men and women fellowships, and Cell Group Leaders, supporting different ministry goals. The Lead Pastor will also be supported by an Associate Pastor in all spiritual activities, as needed. All of our services are conducted in English, except for a few Indian language songs.

Candidate should be a US Citizenship or Green Card holder. Previous Pastoral experience of at least 5 years as a Lead Pastor or Associate/Youth Pastor is required. Experience with ministry among multi-lingual and inter-denominational communities along with proficiency in multiple Indian languages will be an added advantage. Must be married and willing to relocate to Franklin, TN as a family. We prefer individuals between 35 to 60 years old since the community is a mix of young adults and the older generation.

Most importantly, regardless of the above preferences, if the Holy Spirit prompts you to respond, we would love to hear from you on or before October 26, 2024.

Please forward us your resume at **lifestreamchurchtn@gmail.com** which includes your testimonial, highlights of your current and previous ministries, and the reason why you believe God is leading you to LifeStream Church.

Franklin is 20 min away from Nashville, the capital city of Tennessee, popularly known as Music City. Nashville is the $10^{th}$ fastest-growing metropolitan city in the US with a current population of more than 2 million. Franklin and its surrounding cities are heavily populated with Indians (8,000+ families) presenting a great opportunity for evangelistic work.

**Please use any of the following means to get more information about the church, ministry, and its culture.**

**Email:** lifestreamchurchtn@gmail.com
**Website:** www.lifestreamchurchtn.com
**Facebook:** @Lifestreamtn
**YouTube:** @LifeStreamChurchTN
**Instagram:** @lifestreamchurch_tn

# മണിപ്പൂരിൽ സമാധാന ചർച്ചയ്ക്ക് തുടക്കമിട്ടു

ന്യൂഡൽഹി: മണിപ്പൂരിൽ സമാധാനചർച്ചയ്ക്ക് തുടക്കമിട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ആഭ്യന്തര കലാപം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ മണിപ്പൂരിലെ ഭരണ, പ്രതിപക്ഷ എംഎൽഎമാരെ ഒരുമിച്ചിരുത്തിയുള്ള സമാധാന ചർച്ചയ്ക്കാണ് കേന്ദ്ര സർക്കാർ ഒക്ടോബർ 16-ന് തുടക്കമിട്ടത്. മെയ്തെയ്, കുക്കി, നാഗ തുടങ്ങി എല്ലാ വിഭാഗത്തിലെയും എംഎൽഎമാരെ ചർച്ചയ്ക്ക് വിളിച്ചിരുന്നു. 2023 മേയിൽ കലാപം തുടങ്ങിയതിനു ശേഷം ആദ്യമായാണ് എല്ലാ വിഭാഗക്കാരെയും ഒരുമിച്ചിരുത്തി കേന്ദ്ര സർക്കാർ ചർച്ചയ്ക്ക് തയാറായത്.

16-ന് ഡൽഹിയിൽ നടന്ന ചർച്ചയിൽ മണിപ്പൂർ സ്പീക്കർ തോക്ചോം സത്യബ്രത സിംഗ്, എംഎൽഎമാരായ ടോങ്ബ്രാം റോബിന്ദ്രോ, ബസന്തകുമാർ സിംഗ് എന്നിവർ മെയ്തെയ് വിഭാഗത്തെ പ്രതിനിധീകരിച്ചും എംഎൽഎമാരായ ലെറ്റ്പാവോ ഹാക്കിപ്പ്, നെംചകിപ്ഗൻ എന്നിവർ കുക്കി വിഭാഗത്തെ പ്രതിനിധീകരിച്ചും പങ്കെടുത്തു.

കുക്കി വിഭാഗത്തിൽനിന്നുള്ള രണ്ടുപേരും മന്ത്രിമാരാണ്. യോഗത്തിൽ നാഗാ സമുദായത്തെ പ്രതിനിധീകരിച്ച് മൂന്ന് എംഎൽഎമാരും പങ്കെടുത്തു. കേന്ദ്ര സർക്കാർ നിയമിച്ച മധ്യസ്ഥനായ എ.കെ. മിശ്രയുടെയും ആഭ്യന്തരവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിലായിരുന്നു ചർച്ച. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും മണിപ്പൂർ മുഖ്യമന്ത്രി എൻ. ബിരേൻ സിംഗും യോഗത്തിൽ പങ്കെടുത്തില്ല എന്നത് ശ്രദ്ധേയമായി. കുക്കി എംഎൽഎമാർ ചർച്ചയിൽ പങ്കെടുക്കണോ എന്നു തീരുമാനിക്കാൻ 14-ന് ഡൽഹിയിൽ യോഗം ചേർന്നിരുന്നു. സംഘർഷങ്ങൾ തുടങ്ങിയതിനുശേഷം മൂന്നുവട്ടം മണിപ്പൂരിൽ നിയമസഭ കൂടിയിരുന്നെങ്കിലും സുരക്ഷാ കാരണങ്ങൾ ഉന്നയിച്ച് കുക്കി നേതാക്കൾ സഭയിൽ പങ്കെടുക്കാതെ മാറി നിൽക്കുകയാണുണ്ടായത്.

വിഷയത്തിൽ ഇടപെടാതിരുന്ന കേന്ദ്ര സർക്കാരിനെതിരെ രൂക്ഷ വിമർശനമായിരുന്നു കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ പാർട്ടികൾ ഉന്നയിച്ചത്. സംഘർഷം തുടങ്ങി 17 മാസമായിട്ടും പ്രധാനമന്ത്രി മണിപ്പൂർ സന്ദർശിക്കാതിരുന്നതിനെ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയടക്കമുള്ള നേതാക്കൾ രൂക്ഷമായി വിമർശിച്ചിരുന്നു.

നേരത്തേ സമാധാന ശ്രമങ്ങളുടെ ഭാഗമായി ഗവർണർ അനുസൂയ ഉയികായിയുടെ അധ്യക്ഷതയിൽ 51 അംഗ സമാധാന കമ്മിറ്റി രൂപീകരിച്ചിരുന്നു. എന്നാൽ, ഇരുഭാഗത്തു നിന്നുമുള്ള നേതാക്കളുടെ തുടർച്ചയായ വിട്ടുനിൽക്കലിനെ തുടർന്ന് ഈ കമ്മിറ്റി പരാജയപ്പെടുകയാണുണ്ടായത്.

# ജമ്മു കാശ്മീരിൽ ഒമർ അബ്ദുള്ളയും ഹരിയാനയിൽ സെയ്നിയും അധികാരമേറ്റു

ശ്രീനഗർ: ജമ്മു കാശ്മീരിൽ മുഖ്യമന്ത്രിയായി ഒമർ അബ്ദുള്ള (54) സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ദാൽ തടാകക്കരയിലുള്ള ഷേർ-ഇ-കാശ്മീർ ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ലഫ്. ഗവർണർ മനോജ് സിൻഹ സത്യവാചകം ചൊല്ലിക്കൊടുത്തു. നാഷണൽ കോൺഫറൻസ് നേതാവ് സുരീന്ദർ ചൗധരി ഉപമുഖ്യമന്ത്രിയായി. സക്കീന മസൂദ് (ഇറ്റു), ജാവേദ് ദാർ, ജാവേദ് റാണ, സതീഷ് ശർമ എന്നീ മന്ത്രിമാർകൂടി ഒക്ടോബർ 16-ന് സത്യപ്രതിജ്ഞ ചെയ്തു. ഉപമുഖ്യമന്ത്രിയടക്കം മൂന്നു പേർ ജമ്മു മേഖലയിൽനിന്നുള്ളവരാണ്. സക്കീനയാണ് മന്ത്രിസഭയിലെ ഏക വനിത. മന്ത്രിസഭയിൽ തത്കാലം കോൺഗ്രസ് ചേരില്ല. ആറംഗങ്ങളാണ് കോൺഗ്രസിനുള്ളത്.



ജമ്മു കാശ്മീർ മുഖ്യമന്ത്രിയായി ഒമർ അബ്ദുള്ള സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നു.

2019-ൽ ജമ്മു കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ ശേഷമുള്ള ആദ്യ മുഖ്യമന്ത്രിയാണ് ഒമർ. 2009 മുതൽ 2014 വരെ ജമ്മു കാശ്മീർ മുഖ്യമന്ത്രിയായിരുന്നു ഒമർ. നൗഷേരയിൽ ബിജെപി ജമ്മു കാശ്മീർ ഘടകം അധ്യക്ഷൻ രവീന്ദർ റെയ്നയെയാണ് ഉപമുഖ്യമന്ത്രിസ്ഥാനം ലഭിച്ച സുരീന്ദർ ചൗധരി പരാജയപ്പെടുത്തിയത്.

കോൺഗ്രസ് നേതാക്കളായ മല്ലികാർജുൻ ഖാർഗെ, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, എസ്പി അധ്യക്ഷൻ അഖിലേഷ് യാദവ്, ഇടതു നേതാക്കളായ പ്രകാശ് കാരാട്ട്, ഡി രാജ, ഡിഎംകെ നേതാവ് കനിമൊഴി, എൻസിപി നേതാവ് സുപ്രിയ സുലെ, പിഡിഡി അധ്യക്ഷ മെഹ്ബൂബ മുഫ്തി തുടങ്ങിയവർ സത്യപ്രതിജ്ഞാചടങ്ങിനെത്തി. 90 അംഗ നിയമസഭയിൽ നാഷണൽ കോൺഫറൻസിന് 42 പേരുണ്ട്. ഭരണസഖ്യത്തിന് 55 പേരുടെ പിന്തുണയുണ്ട്.



പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് നായബ് സിംഗ് സെയ്നി സ്വാഗതം ചെയ്യുന്നു.

ഹരിയാന മുഖ്യമന്ത്രിയായി നായബ് സിംഗ് സെയ്നി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പഞ്ച്കുളയിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ പങ്കെടുത്തു.

രണ്ടാം തവണയാണ് സെയ്നി മുഖ്യമന്ത്രിയാകുന്നത്. ഗവർണർ ബന്ദാരു ദത്താത്രേയ സത്യവാചകം ചൊല്ലിക്കൊടുത്തു. അനിൽ വിജ്, കൃഷൻലാൽ പൻവാർ, റാവു നർബീർ സിംഗ്, മഹിപാൽ ധൻഡ, വിപുൽ ഗോയൽ, അരവിന്ദ് ശർമ, ശ്യാ സിംഗ് റാണ, രൺബീർ ഗാംഗ്വ, രാജേഷ് നഗർ, ഗൗരവ് ഗൗതം കുമാർ ബേദി, ശ്രുതി ചൗധരി, ആരതി സിംഗ് റാവു എന്നിവർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. രാജ്യസഭംഗം കിരൺ ചൗധരിയുടെ മകളായ ശ്രുതിയും കേന്ദ്രമന്ത്രി റാവു ഇന്ദർസിംഗ് സിംഗിന്റെ മകളായ ആരതിയുമാണ് മന്ത്രിസഭയിലെ വനിതകൾ.

# കേരളം തിരിച്ചടയ്ക്കേണ്ട കടം 2.52 ലക്ഷം കോടി

തിരുവനന്തപുരം: കേരളത്തിന്റെ തിരിച്ചടയ്ക്കേണ്ട ബാക്കിയുള്ള പൊതു കടം 2.52 ലക്ഷം കോടിയെന്ന് സി.എ.ജി റിപ്പോർട്ട്. 2018 മുതൽ 2023 വരെ 94,271.83 കോടിയാണ് കൂടിയത്. കടം കൂടിവരുന്ന പ്രവണത ഭാവിയിൽ കടത്തിന്റെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുമെന്നും സി.എ.ജി പറയുന്നു.

2022-23 സാമ്പത്തികവർഷം കിഫ്ബി 5109.24 കോടിയും ക്ഷേമപെൻഷൻ കമ്പനി 2949.67 കോടിയും വായ്പയെടുത്തു. ഈ 8058.91 കോടിയും ബജറ്റിനു പുറത്താണെന്ന് സി.എ.ജി ആവർത്തിച്ചു.

സി.എ.ജിയുടെ ഈ പരാമർശങ്ങൾ 2019-ൽ തന്നെ നിയമസഭ തള്ളിയതാണെന്ന് വ്യക്തമാക്കിയ ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ വിയോജനക്കുറിപ്പോടെയാണ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത്. കേരളത്തിലെ ദാരിദ്ര്യം ഒരു ശതമാനത്തിൽ താഴെയായി നിലനിർത്തുന്നതിന് ക്ഷേമപെൻഷൻ വഹിക്കുന്ന പങ്ക് സി.എ.ജി. കണ്ടില്ലെന്നും മന്ത്രി കുറ്റപ്പെടുത്തി.

2023-ൽ സംസ്ഥാനം കടമെടുത്തതിന്റെ 97.88 ശതമാനവും മുമ്പെടുത്ത കടങ്ങൾ തിരിച്ചടയ്ക്കാനാണ് ചെലവിട്ടതെന്നും സി.എ.ജി നിരീക്ഷിച്ചു. 2018 മുതൽ അഞ്ചു വർഷം കടമെടുത്ത പണത്തിൽ വിവിധ വർഷങ്ങളിൽ 76 ശതമാനം മുതൽ 98 ശതമാനം വരെ കടം തിരിച്ചടയ്ക്കാനും പലിശ അടയ്ക്കാനും ഉപയോഗിച്ചു.

ആസ്തിവികസനത്തിന് ചെലവിട്ടത് 2.12 ശതമാനം മാത്രമാണ്. ആകെ കടത്തിൽ 1.36 ലക്ഷം കോടി രൂപയുടെ (54.08 ശതമാനം) അടുത്ത ഏഴു വർഷത്തിൽ തിരിച്ചടയ്ക്കണം.

കടമെടുത്ത് സർക്കാരിന്റെ ചെലവുകൾ നേരിടുന്നത് ഒഴിവാക്കണം. ഇതിനായി സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾക്ക് സർക്കാർ അധിക വിഭവസമാഹരണം നടത്തണമെന്നും സി.എ.ജി നിർദേശിച്ചു.







# ചിക്കാഗോ കെ.സി.എസ് ആര് നയിക്കും?







**ജോസ് കണിയാലി**

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സംഘടനകളിൽ ആളുകൊണ്ടും അർത്ഥം കൊണ്ടും ഏറ്റവും പ്രബലമായ സംഘടനയാണ് ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി (കെ.സി.എസ്). സംഘടനയുടെ അടുത്ത രണ്ടു വർഷത്തെ നേതൃത്വത്തിനായി വാശിയേറിയ മത്സരത്തിന് കളമൊരുങ്ങിക്കഴിഞ്ഞു. പത്തു വർഷങ്ങൾക്കു ശേഷമാണ് സംഘടനാ നേതൃത്വത്തിലേക്ക് ഇലക്ഷൻ നടക്കുന്നത്. ജോസ് ആനമല നയിക്കുന്ന ടീമും അഡ്വ. സാജു കണ്ണമ്പള്ളി നയിക്കുന്ന ടീമുമാണ് മത്സരരംഗത്തുള്ളത്. ഒക്ടോബർ 26-ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 9 മണി വരെയാണ് ഇലക്ഷൻ. ഡെസ്പ്ലെയിൻസിലുള്ള ക്നാനായ സെന്ററാണ് ഇലക്ഷൻ വേദി. മജു ഓട്ടപ്പള്ളി (ചെയർമാൻ), ബൈജു കുന്നേൽ (വൈസ് ചെയർമാൻ), ജോബ് മാക്കീൽ, ജിമ്മി മുകളേൽ എന്നിവരടങ്ങിയ ലെയ്സൺ ബോർഡ് തെരഞ്ഞെടുപ്പിന് നേതൃത്വം നല്കും. സംഘടനയുടെ ചരിത്രത്തിൽ ആദ്യമായി ഇലക്ട്രോണിക് കൗണ്ടിംഗ് സിസ്റ്റത്തിലൂടെയാണ് ഈ വർഷത്തെ ഇലക്ഷൻ നടക്കുന്നതെന്ന് ചെയർമാൻ മജു ഓട്ടപ്പള്ളി കേരളാ എക്സ്പ്രസ്സിനോട് പറഞ്ഞു.

ചിക്കാഗോ കെ.സി.എസ് വൈസ് പ്രസിഡണ്ട്, ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡണ്ട് തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ചിട്ടുള്ള ജോസ് ആനമല പ്രസിഡണ്ടായി നേതൃത്വം കൊടുക്കുന്ന ടീമിൽ മാറ്റ് വിളങ്ങാട്ടുശ്ശേരിൽ (വൈസ് പ്രസിഡണ്ട്), ഡോ. ഷാജി പള്ളിവീട്ടിൽ (സെക്രട്ടറി), ക്രിസ് കട്ടപ്പുറം (ജോയിന്റ് സെക്രട്ടറി), അറ്റോർണി റ്റീന തോമസ് നെടുവാമ്പുഴ (ട്രഷറർ) എന്നിവർ മത്സരിക്കുന്നു. ജോമി ഇടയാടിയിൽ, ജെയ്സൺ ഐക്കരപറമ്പിൽ, ബാബു തൈപ്പറമ്പിൽ, വിപിൻ ചാലുങ്കൽ, ഡിബിൻ വിലങ്ങുകല്ലേൽ, സാജൻ പച്ചിലമാക്കിൽ, ആനന്ദ് ആകശാലയിൽ എന്നിവരാണ് കെസിസിഎൻഎ നാഷണൽ കൗൺസിൽ സ്ഥാനാർത്ഥികൾ. വിവിധ വാർഡുകളിൽ നിന്നും സിറിൾ അംമ്പേനാട്ട്, സിജോ പുള്ളൂർകുന്നേൽ, മെറിൾ മൂടികല്ലേൽ, അജയ് വാളത്താറ്റ്, ജെഫിൻ തേനാകര കളപ്പുരയിൽ, ജോബ്മോൻ പുളിക്കമറ്റം, സിറിൾ പാറേൽ, മേഹുൽ അബ്രഹാം ഏലൂർ എന്നിവർ ലെജിസ്ലേറ്റീവ് ബോർഡിലേക്ക് മത്സരിക്കുന്നു.

കെ.സി.വൈ.എൽ കോട്ടയം അതിരൂപതാ പ്രസിഡണ്ട്, ചിക്കാഗോ കെ.സി.എസ് വൈസ് പ്രസിഡണ്ട് തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിച്ച് അംഗീകാരം നേടിയിട്ടുള്ള അഡ്വ. സാജു കണ്ണമ്പള്ളി പ്രസിഡണ്ടായി നേതൃത്വം കൊടുക്കുന്ന ടീമിൽ ജോമോൻ തൊടുകയിൽ (വൈസ് പ്രസിഡണ്ട്), അരുൺ നെല്ലാമറ്റം (സെക്രട്ടറി), ജോസ് സൈമൺ മുണ്ടപ്ലാക്കിൽ (ജോയിന്റ് സെക്രട്ടറി), അജോമോൻ പൂത്തുറയിൽ (ട്രഷറർ) എന്നിവർ മത്സരിക്കുന്നു. സ്റ്റീഫൻ കണ്ടാരപ്പള്ളിൽ, ഡോ. ചാരി വണ്ടന്നൂർ, മഞ്ജു കൊല്ലപ്പള്ളിൽ, സജി മാലിത്തുരുത്തേൽ, സിറിൾ കമ്പക്കാലുങ്കൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ, മത്യാസ് പുല്ലാപ്പള്ളി എന്നിവരാണ് കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ സ്ഥാനാർത്ഥികൾ. വിവിധ വാർഡുകളിൽ നിന്നും നിയ ചെള്ളക്കണ്ടത്തിൽ, സൂരജ് കോലടി, ജെയ്മോൻ പടിഞ്ഞാറേൽ, പ്രസാദ് വെള്ളിയാൻ, ബിജൂ പൂത്തുറ, റെജി പടിഞ്ഞാറേൽ, ഷാജൻ മച്ചാനിക്കൽ, ആന്റണി വല്ലൂർ എന്നിവർ ലെജിസ്ലേറ്റീവ് ബോർഡിലേക്ക് മത്സരിക്കുന്നു.

ജോസ് ആനമല ടീം വോട്ട് ഫോർ ചെയ്ഞ്ച് എന്ന പേരിലും അഡ്വ. സാജു കണ്ണമ്പള്ളി ടീം വോട്ട് ഫോർ ട്രൂത്ത് എന്ന പേരിലും വോട്ടർമാരെ സ്വാധീനിക്കുന്നു. നാലായിരത്തിൽപ്പരം വോട്ടർമാർ ഈ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാണെന്നുള്ളത് മറ്റൊരു ചരിത്രസത്യം.

ക്നാനായ സമുദായത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ രണ്ട് ടീമും വാഗ്ദാനം ചെയ്യുന്നു. കെ.സി.എസ് സംഘടനയ്ക്കും ക്നാനായ സമുദായത്തിനും ഗുണകരമായ വാഗ്ദാനങ്ങൾ അടങ്ങുന്ന മാനിഫെസ്റ്റോ രണ്ട് ടീമും പുറത്തിറക്കിയിട്ടുണ്ട്. ആഗോള ക്നാനായ സമൂഹം ആകാംക്ഷാപൂർവം ഉറ്റുനോക്കുന്ന ഒരു തെരഞ്ഞെടുപ്പായി ഇത് മാറിക്കഴിഞ്ഞു. ദിവസങ്ങൾ മുന്നോട്ടു പോകുന്തോറും രണ്ട് ടീമിന്റെയും വിജയപ്രതീക്ഷ വർദ്ധിക്കുന്നു. എന്നാൽ, യഥാർത്ഥ വിജയിക്കായി ഒക്ടോബർ 26-ാം തീയതി വരെ കാത്തിരിക്കാം. ചിക്കാഗോ കെ.സി.എസിനെ അടുത്ത രണ്ടുവർഷം നയിക്കാൻ പോകുന്നത് ടീം ഫോർ ചെയ്ഞ്ചോ? ടീം ഫോർ ട്രൂത്തോ?

# ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു; കേരളത്തിൽ നവം. 13–ന്

ന്യൂഡൽഹി: ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭകളിലേക്കും കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു. ഝാർഖണ്ഡിൽ നവംബർ 13, 20 തീയതികളിൽ രണ്ട് ഘട്ടമായും മഹാരാഷ്ട്രയിൽ 20–നുമാണ് വോട്ടെടുപ്പ്. കേരളത്തിലെ ഉപതെരഞ്ഞെടുപ്പ് 13–നാണ്. 14 സംസ്ഥാനങ്ങളിലെ ഒരു ലോക്സഭ, 46 നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകളും ഇതേ തീയതികളിൽ നടക്കും. വോട്ടെണ്ണൽ 23–നാണ്. മഹാരാഷ്ട്രയിലെ 288 സീറ്റുകളിലേക്കും ഝാർഖണ്ഡിലെ 38 മണ്ഡലങ്ങളിലേക്കുമുള്ള രണ്ടാം ഘട്ടത്തിന്റെയും വിജ്ഞാനം 22–ന് വരും. മഹാരാഷ്ട്ര നിയമസഭയുടെ കാലാവധി നവംബർ 26–നും ഝാർഖണ്ഡ് നിയമസഭയുടേത് ജനുവരി 5–നും അവസാനിക്കും.

അസം (5), ബിഹാർ (4), ഛത്തീസ്ഗഡ് (1), ഗുജറാത്ത് (1), കർണാടക (3), മധ്യപ്രദേശ് (2)മേഘാലയ (1), പഞ്ചാബ് (4), യുപി (9), രാജസ്ഥാൻ (7), സിക്കിം (2), ബംഗാൾ (6) എന്നിവിടങ്ങളിൽ 13–നും മഹാരാഷ്ട്രയിലെ നാന്ദേഡ് ലോക്സഭാ മണ്ഡലത്തിലും ഉത്തരാഖണ്ഡിലെ കേദാർനാഥ് നിയമസഭാ മണ്ഡലത്തിലും 20–നും വോട്ടെടുപ്പ് നടക്കും. കേസ് ഉള്ളതുകൊണ്ടാണ് ബംഗാളിലെ ബഷിർഹാത് ലോക്സഭാ മണ്ഡലത്തിലെയും യുപിയിലെ മിൽകിപൂർ നിയമസഭാമണ്ഡലത്തിലെയും ഉപതെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കാത്തതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

# 10 ജില്ലകളിലെ തീരദേശ ഇളവിന് അംഗീകാരം

ന്യൂഡൽഹി: കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ പത്തു ജില്ലകളിലെ തീരദേശ നിയന്ത്രണമേഖലാ നിയമത്തിൽ (സിആർസെഡ്) ഇളവിനുള്ള തീരദേശ പരിപാലന പദ്ധതിക്ക് കേന്ദ്രത്തിൽ അംഗീകാരം. നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ശിപാർശയോടുകൂടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയമാണു കേരളം നൽകിയ പദ്ധതിക്ക് അംഗീകാരം നൽകിയതെന്ന് പ്രത്യേക പ്രതിനിധി പ്രഫ. കെ.വി. തോമസ് അറിയിച്ചു.

2019–ലെ കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള തീരുമാനങ്ങളാണ് ഇപ്പോൾ അംഗീകരിച്ചത്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ വെബ്സൈറ്റിൽനിന്ന് ഒരു മാസത്തിനകം ഇതിന്റെ വിശദ വിവരങ്ങൾ ലഭ്യമാകും. 2011–ൽ പ്രസിദ്ധീകരിച്ചതനുസരിച്ച് എന്തെങ്കിലും പരിശോധിക്കാൻ ഉണ്ടെങ്കിൽ തീരദേശ പരിപാലന അതോറിറ്റി അതും പരിഗണിക്കുമെന്ന് പ്രഫ. തോമസ് പറഞ്ഞു.

കേരളത്തിലെ 66 ഗ്രാമപഞ്ചായത്തുകളെ സിആർസെഡ് മൂന്നിൽനിന്നു താരതമ്യേന നിയന്ത്രണം കുറഞ്ഞ രണ്ടാം വിഭാഗത്തിലേക്കു മാറ്റുന്നതിനു ദേശീയ തീരദേശ പരിപാലന അതോറിറ്റി കഴിഞ്ഞ മാസം അംഗീകാരം നൽകിയിരുന്നു. ആണവ ധാതുശേഖരമുള്ള (ആറ്റമിക് മിനറൽ) അമ്പലപ്പുഴ വടക്ക്, തെക്ക്, ചിറയിൻകീഴ്, കരുംകുളം, കോട്ടുകാൽ, വെങ്ങാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സിആർസെഡ് മൂന്നിലെ വ്യവസ്ഥകൾ ബാധകമാകും.

2019–ലെ കേന്ദ്ര തീരദേശ നിയന്ത്രണമേഖലാ വിജ്ഞാപന പ്രകാരം സിആർസെഡ് സോൺ 2, 3എ, 3ബി എന്നീ ജനവാസ മേഖലകളിലാണ് ഇളവുകൾ ലഭ്യമാകുക.

പാരിസ്ഥിതികമായി ഏറ്റവും ദുർബലമായ മേഖലയാണ് സോൺ 1. തീരപ്രദേശത്തിനു സ്വാഭാവികത നൽകുന്ന കണ്ടൽക്കാടുകളും പവിഴപ്പുറ്റും മറ്റുമുള്ള മേഖലയാണ് സോൺ 1എ.

വേലിയേറ്റ, വേലിയിറക്ക മേഖലകൾക്കിടയിലെ പ്രദേശമാണ് സോൺ 1ബി. സ്വകാര്യ മേഖലയിലെ കണ്ടൽക്കാടുകൾക്കുള്ള നിയന്ത്രണപരിധി (ബഫർ സോൺ) ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ളതും 1,000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളതുമായ കണ്ടൽക്കാടുകൾക്കുചുറ്റും 50 മീറ്റർ ബഫർ മേഖല വേണം. 2011–ലെ സെൻസസ് പ്രകാരം ജനസംഖ്യാ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2,161 പേരോ കൂടുതലോ ഉള്ള പ്രദേശങ്ങൾ വികസിതമായി കണക്കാക്കി സിആർസെഡ് മൂന്ന് ബി വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ സിആർസെഡ് മൂന്ന് എ വിഭാഗത്തിലുമാണ്. ഇതിൽ ആദ്യവിഭാഗത്തിലെ പഞ്ചായത്തുകളിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന, നിർമാണ ജോലികൾ പാടില്ലാത്തവയായി തുടരും. നേരത്തേ ഇതേ ഗണത്തിലായിരുന്ന ജനസംഖ്യ കുറഞ്ഞ എ വിഭാഗത്തിലെ പ്രദേശങ്ങളിൽ ഈ നിയന്ത്രണം 50 മീറ്ററാക്കി കുറച്ചിട്ടുണ്ട്.

ഉൾനാടൻ ജലാശയങ്ങളുടെ സിആർസെഡ് മൂന്ന് വിഭാഗത്തിൽ വേലിയേറ്റ രേഖയിൽനിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്ററായി കുറയും. ചെറിയ ജലാശയങ്ങളുടെ കാര്യത്തിൽ 50 മീറ്ററോ ജലാശയത്തിന്റെ വീതിക്കനുസരിച്ചോ വികസനരഹിത മേഖലയായി കണക്കാക്കും. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ വികസനരഹിത മേഖല ബാധകമല്ല. 1991–നു മുമ്പു നിർമിച്ച ബണ്ടുകൾ, സ്ലൂയിസ് ഗേറ്റുകൾ നിലവിലുള്ളിടത്തെ വേലിയേറ്റരേഖ നിജപ്പെടുത്തിയാണ് കേരളത്തിന്റെ തീരദേശ പരിപാലന പ്ലാന്റിന് അംഗീകാരം നൽകിയത്. 2021 നവംബർ 26–ലെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഭേദഗതി ഉത്തരവു പ്രകാരമാണിത്.

# സഹകരണത്തിനു തടസം ഭീകരവാദം: വിദേശകാര്യമന്ത്രി എസ്. ജയശങ്കർ

ഇസ്‌ലാമാബാദ്: അതിർത്തിക്ക് അപ്പുറത്തുനിന്നുള്ള പ്രവർത്തനങ്ങൾ തീവ്രവാദം, വിഘടനവാദം തുടങ്ങിയ സ്വഭാവത്തിലുള്ളതാണെങ്കിൽ അവ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തെയും ഊർജവിതരണത്തെയും ഗതാഗതസംവിധാനങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നു വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. വ്യാപാര, ഗതാഗത സംരംഭങ്ങൾ രാജ്യങ്ങളുടെ അഖണ്ഡതയും സ്വയംഭരണവും അംഗീകരിച്ചുകൊണ്ടായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. പാക്കിസ്ഥാനിലെ ഇസ്‌ലാമാബാദിൽ ഷാങ്ഹായി കോർപ്പറേഷൻ ഓർഗനൈസേഷൻ (എസ്‌സിഒ) സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു വിദേശകാര്യമന്ത്രി. പരസ്പരവിശ്വാസമില്ലാത്ത അന്തരീക്ഷത്തിൽ സത്യസന്ധമായ രീതിയിൽ ആശയവിനിമയം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.



പാക്കിസ്ഥാനിലെ ഇസ്‌ലാമാബാദിൽ എസ്‌സിഒ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പാക് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിനൊപ്പം.

കിഴക്കൻ ലഡാക്കിൽ ചൈനീസ് സൈന്യവും ഇന്ത്യൻ സൈന്യവും തമ്മിലുള്ള സംഘർഷവും അതിർത്തിക്കപ്പുറത്ത് പാക്കിസ്ഥാൻ ഭീകരർക്കു പ്രോത്സാഹനം നൽകുന്നതും പരാമർശിച്ചായിരുന്നു മന്ത്രിയുടെ പ്രതികരണം. പാക് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിന്റെ അധ്യക്ഷതയിൽ ജിന്ന കൺവൻഷന്റെ സെന്ററിൽ നടന്ന ഉച്ചകോടിയിൽ ചൈനീസ് പ്രധാനമന്ത്രി ലികെച്യാംഗ് ഉൾപ്പെടെ എസ്‌സിഒ നേതാക്കൾ പങ്കെടുത്തു.

വിദേശകാര്യമന്ത്രി എസ്. ജയശങ്കറെ വീണ്ടും ഹസ്തദാനം ചെയ്താണു പാക്കിസ്ഥാൻ പ്രധാനമന്ത്രി സ്വീകരിച്ചത്. ഒക്ടോബർ 15–ന് രാത്രി നടന്ന അത്താഴവിരുന്നിലും ഇരുവരും ഹസ്തദാനം ചെയ്യുകയും സൗഹൃദം പങ്കുവെക്കുകയും ചെയ്തിരുന്നു.

# മനുഷ്യനെ ചന്ദ്രനിൽ അയയ്ക്കാൻ ചൈനയുടെ ചാന്ദ്രനിലയം

ബെയ്ജിങ്: മനുഷ്യനെ ചന്ദ്രനിലെത്തിച്ച ഏകരാജ്യമെന്ന യുഎസിന്റെ കുത്തക തകർക്കാൻ ലക്ഷ്യമിട്ട് ചൈനയും. അതിനുള്ള ബൃഹദ്പദ്ധതി ഒക്ടോബർ 15–ന് ചൊവ്വാഴ്ച പ്രഖ്യാപിച്ചു. മനുഷ്യനെ ചന്ദ്രനിലെത്തിക്കുന്നതിനൊപ്പം ബഹിരാകാശനിലയത്തിനു സമാനമായി 'ചാന്ദ്രനിലയം' നിർമിക്കുകയാണ് പ്രധാനലക്ഷ്യം. സൗരയൂഥത്തിനുപുറത്ത് വാസയോഗ്യമായ ഗ്രഹങ്ങളെ കണ്ടെത്തുന്നതിനുള്ള കൂടുതൽ ഗ്രഹാന്തരദൗത്യങ്ങൾ വരുംദശാബ്ദങ്ങളിലുണ്ടാകുമെന്നും ചൈന അറിയിച്ചു.

ചൈനയുടെ ബഹിരാകാശ ഏജൻസികൾ ചേർന്നാണ് 15–ന് പത്രസമ്മേളനത്തിലൂടെ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചത്. 2024–2050 കാലയളവിലേക്കുള്ള ബഹിരാകാശപദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. നിലവിൽ സ്വന്തമായി ബഹിരാകാശ നിലയമുള്ള ഏകരാജ്യമാണ് ചൈന.






# CAN I CONCURRENTLY FILE MY MARRIAGE BASED GREEN CARD APPLICATION?

A common question I come across from my clients is whether they can concurrently file their marriage based green card application. It depends on whether the spouse being sponsored is currently residing in the United States or not. If the spouse being sponsored is residing in the USA on some sort of nonimmigrant status, such as H-1B, L-1A, F-1, etc. it is possible to concurrently file the marriage based green card application by filing the I-130 and the I-485 concurrently along with all the required supporting documentation. Currently, USCIS does not offer online filing for form I-485, therefore, if you are concurrently filing, you can file the I-130 and the I-130A online and file the I-485 by mail with the receipt notice of the I-130. As a common practice, whenever I am concurrently file for a client, I paper file the I-130, I-130A, and the I-485, along with other necessary forms, all together in one package via mail. I practice this to keep the case all consistent in one filing and to avoid any criss cross or confusion.

Another common scenario is when someone on B-2 visiting visa enters the USA and is trying to adjust their status while in the USA. It is possible to do this, but one must keep in mind that once someone files concurrently the I-130 and I-485 while in the USA on B-2 status, they must remain in the USA until their case is adjudicated. Should the person leave the USA while their applications are pending with USCIS, their filing may be deemed as "abandoned".

A red flag to keep in mind are the differing intents with B-2 visa and they adjust their status to a green card while in the USA. Someone who is on B-2 status is acknowledging and telling the USA that they are here temporarily, for visiting purposes, and will be headed back to their country where they permanently reside. Now, when someone applies for adjustment of status, they are telling the USA they want to stay in the USA permanently. These are two contrary intents and USCIS may see that as violation of immigration laws. A common practice is for people to wait at least 90 days after entering the USA prior to applying the I-130 and the I-485 concurrently. It is highly recommended to speak with an Immigration Attorney to discuss the personal details of your case and analyze which is the best route to take. Feel free to give our office a call to schedule a consultation appointment with Attorney George. We'll see you in a couple weeks for a new blog post!



**Sovmya George, Esq.**
**Attorney/Founder**
**Law Office of Sovmya George, PLLC**
**T: 972.905.0948**
**www.lawofficesg.com**

# നികിത പോർവാൾ മിസ് ഇന്ത്യ

മുംബൈ: മധ്യപ്രദേശിലെ ഉജ്ജയിനിൽനിന്നുള്ള നികിത പോർവാൾ ഫെമിന മിസ് ഇന്ത്യ. ദാദ്ര നഗർഹവേലിയിൽനിന്നുള്ള ആയുഷി ധൊലാക്കയാണു രണ്ടാം സ്ഥാനത്ത്. ഗുജറാത്ത് സ്വദേശി രേഖ പാണ്ഡേ മൂന്നാം സ്ഥാനത്തെത്തി. ഉജ്വനിൽ ജനിച്ച നികിത നാടകരംഗത്ത് പ്രശസ്തയാണ്. കൃഷ്ണ ലീല എന്ന നാടകം എഴുതി അവതരിപ്പിച്ചതും അവരാണ്.



മിസ് ഇന്ത്യ നികിത പോർവാളിനെ നടി നേഹാ ധൂപിയ അഭിനന്ദിക്കുന്നു.

# വികാസ് യാദവിനെതിരെ അറസ്റ്റ് വാറണ്ട്

ന്യൂഡൽഹി: ഖലിസ്ഥാൻ അനുകൂല സംഘടനാ നേതാവ് ഗുർപട്വന്ത് സിങ് പന്നുവിനെ യുഎസിൽ കൊലപ്പെടുത്താൻ ശ്രമിച്ചെന്ന കേസിൽ ഇന്ത്യൻ രഹസ്യാന്വേഷണ വിഭാഗം മുൻ ഉദ്യോഗസ്ഥൻ വികാസ് യാദവിനെതിരെ (39) യുഎസ് കുറ്റം ചുമത്തി. ഒളിവിലുള്ള യാദവിനെതിരെ അറസ്റ്റ് വാറന്റുമുണ്ട്.

കേസിലെ രണ്ടാംഘട്ട രേഖകളും യുഎസ് ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് പുറത്തുവിട്ടു. യാദവ് സേനാ യൂണിഫോമിലുള്ള ചിത്രവും ഇതിനൊപ്പമുണ്ട്. കൊലപാതക ശ്രമം, ക്രിമിനൽ ഗൂഢാലോചന, കള്ളപ്പണ ഇടപാടിനുള്ള ഗൂഢാലോചന എന്നീ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്.

ആദ്യ രണ്ട് കുറ്റങ്ങൾക്കും പത്ത് വർഷം വരെ തടവ് ലഭിക്കാം. മൂന്നാമത്തെ കുറ്റത്തിന് 20 വർഷം വരെയും. വിഷയത്തിൽ കേന്ദ്രസർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല. യാദവ് നിലവിൽ ഇന്ത്യൻ ഉദ്യോഗസ്ഥനല്ലെന്നാണ് ഔദ്യോഗിക വിശദീകരണം.

അമാനത്ത് എന്നു വിളിപ്പേരുള്ള വികാസ് യാദവ് ഇന്ത്യയുടെ രാജ്യാന്തര രഹസ്യാന്വേഷണ ഏജൻസിയായ റോയുടെ ഉദ്യോഗസ്ഥനായിരുന്നു



വെന്ന് യുഎസ് പറയുന്നു.

യുഎസ് പൗരത്വമുള്ള ആളാണ് പന്നു. ഇയാളെ യുഎസിൽ വെച്ച് കൊല്ലാൻ വാടകക്കൊലയാളിയെ നിയോഗിച്ചെന്ന കുറ്റത്തിന് ഇന്ത്യൻ പൗരൻ നിഖിൽ ഗുപ്തയെ കഴിഞ്ഞവർഷം ജൂണിൽ പ്രാഗിൽ നിന്ന് അറസ്റ്റ് ചെയ്തിരുന്നു.

വികാസ് യാദവിന്റെ നിർദേശപ്രകാരമായിരുന്നു നിഖിൽ ഗുപ്തയുടെ നീക്കമെന്നാണ് യുഎസിന്റെ കണ്ടെത്തൽ.

വാടകക്കൊലയാളികളെന്ന വ്യാജേന ഗുപ്തയുടെ ക്വട്ടേഷൻ ഏറ്റെടുത്തത് യു.എസ്. രഹസ്യാന്വേഷണ ഏജന്റുമാരാണ്. പ്രതിഫലമായ ഒരു ലക്ഷം ഡോളറിൽ 15000 ഡോളർ മുൻകൂറായി കൈമാറുന്നതിന്റെ ചിത്രമടക്കം പുറത്തുവരികയും ചെയ്തിരുന്നു.


കേസിൽ ഇന്ത്യയ്ക്കു പങ്കുണ്ടെന്ന ആരോപണത്തിൽ അന്വേഷണം നടത്തുന്ന ഇന്ത്യൻ സമിതിയിലെ രണ്ടു പേർ വാഷിങ്ടൺ സന്ദർശിച്ചിരുന്നു. അന്വേഷണത്തിൽ ഇന്ത്യയുടെ സഹകരണം തൃപ്തികരമാണെന്ന് യുഎസ് വിദേശകാര്യ വക്താവ് മാത്യു മില്ലർ പ്രതികരിച്ചു.



# എഡിഎം നവീൻ ബാബുവിന്റെ മരണം: ദിവ്യയെ പുറത്താക്കി

കണ്ണൂർ: കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ആരോപണമുനയിലായിരുന്ന പി.പി. ദിവ്യക്കെതിരെ ഒടുവിൽ സിപിഎം നടപടിയെടുത്തു.

പോലീസ് ആത്മഹത്യാപ്രേരണയ്ക്കു കേസെടുത്ത് അന്വേഷണം നട


നവീൻ ബാബു

ത്തിവരുന്നതിനിടെയാണ് ദിവ്യക്കെതിരേയുള്ള നടപടി. സംഭവത്തിനുശേഷം ദിവ്യയെ പിന്തുണച്ച പല നേതാക്കൾക്കും രാഷ്ട്രീയ പ്രതിഷേധത്തിനപ്പുറം ഉണ്ടായ ജനകീയ പ്രതിരോധത്തെ അവഗണിക്കാൻ കഴിഞ്ഞില്ല എന്നു വ്യക്തമാകുന്നതായി ഒക്ടോബർ 17-ന് രാത്രി പുറത്തിറക്കിയ സിപിഎം ജില്ലാ സെക്രട്ടേറിയറ്റിന്റെ പ്രസ്താവന. അതേസമയം, നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് സിപിഎം ജില്ലാ കമ്മിറ്റിയംഗംകൂടിയായ ദിവ്യയെ പ്രതിചേർത്ത് കണ്ണൂർ പോലീസ് കോടതിയിൽ റിപ്പോർട്ട് നൽകി. അസ്വാഭാവിക മരണത്തിനു രജിസ്റ്റർ ചെയ്ത കേസിലാണ് ആത്മഹത്യാപ്രേരണക്കുറ്റം ചുമത്തി ദിവ്യയെ പ്രതിചേർത്തിരിക്കുന്നത്. 10 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന ജാമ്യമില്ലാ കുറ്റമാണ് ചുമത്തിയിട്ടുള്ളത്.

ഭാരതീയ ന്യായ സംഹിത (ബിഎൻഎസ്) 108-ബി വകുപ്പ് പ്രകാരമാണു പോലീസ് കേസെടുത്തിട്ടുള്ളത്. കേസിൽ ദിവ്യയുടെ മൊഴി പോലീസ് രേഖപ്പെടുത്തും. ദിവ്യയുടെ പ്രസംഗത്തിന്റെ ഡിജിറ്റൽ തെളിവുകളടക്കം പോലീസ് പരിശോധിച്ചിരുന്നു. നവീൻ ബാബുവിന്റെ മരണത്തിൽ ദിവ്യക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് കുടുംബാംഗങ്ങൾ കണ്ണൂർ പോലീസ് കമ്മീഷണർക്കു പരാതി നൽകിയിരുന്നു.

14-ന് കണ്ണൂർ കളക്ടറേറ്റിൽ ചേർന്ന എഡിഎമ്മിന്റെ യാത്രയയപ്പ് യോഗത്തിൽ നവീൻ ബാബുവിനെതിരെ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ അഴിമതി ആരോപണം ഉന്നയിച്ചിരുന്നു. ജില്ലാ കളക്ടർ അരുൺ കെ. വിജയനെ സാക്ഷിനിർത്തിയാണ് കടുത്ത ആരോപണം ഉന്നയിച്ചത്. യാത്രയയപ്പ് യോഗത്തിൽ കളക്ടറായിരുന്നു ഉദ്ഘാടകൻ. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനെ ചടങ്ങിലേക്കു ക്ഷണിച്ചിരുന്നില്ല. എഡിഎമ്മിനെ പുകഴ്ത്തി മറ്റ് അതിഥികൾ സംസാരിക്കുന്നതിനിടെയാണ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വേദിയിലേക്കു കടന്നുവന്നത്.

എഡിഎമ്മിന് ഉപഹാരം നൽകുന്ന ചടങ്ങിനു തൊട്ടുമുമ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വേദി വിടുകയുംചെയ്തു. വഴിയേ പോകുന്നതിനിടെയാണ് ഇത്തരമൊരു ചടങ്ങ് നടക്കുന്നത് അറിഞ്ഞതെന്ന ആമുഖത്തോടെയാണ് പി.പി. ദിവ്യ പ്രസംഗം തുടങ്ങിയത്. ചെങ്ങളായിയിൽ തുടങ്ങാനിരിക്കുന്ന പെട്രോൾ പമ്പിന് എഡിഎം എൻഒസി നൽകിയതെങ്ങിനെയെന്നു തനിക്കറിയാമെന്നും അതിന്റെ വിശദാംശങ്ങൾ രണ്ടു ദിവസത്തിനുള്ളിൽ പുറത്തുവരുമെന്നും അവർ ആ യോഗത്തിൽ തുറന്നടിച്ചു.

“കണ്ണൂരിൽ നടത്തിയതുപോലെയുള്ള സഹായം പുതിയതായി പോകുന്ന സ്ഥലത്ത് എഡിഎം നടത്തരുത്. യോഗത്തിൽ ഉപഹാരം നൽകുന്ന ചടങ്ങിൽ എന്റെ സാന്നിധ്യം ഞാൻ ആഗ്രഹിക്കുന്നില്ല. അതു ശരിയല്ലെന്നു ബോ


പി.പി. ദിവ്യ

ധ്യപ്പെട്ടതുകൊണ്ട് പോകുകയാണ്” എന്ന് പറഞ്ഞ് പി.പി. ദിവ്യ ഇറങ്ങിപ്പോകുകയും ചെയ്തിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഴിമതി ആരോപണം ഉന്നയിച്ചതിനു പിന്നാലെ കണ്ണൂരിൽ എഡിഎമ്മിനെ പള്ളിക്കുന്നിലുള്ള ക്വാർട്ടേഴ്സിൽ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയിരുന്നു.

# ബന്ദികളെ വിട്ടാൽ യുദ്ധം നിർത്താമെന്ന് നെതന്യാഹു

ജെറുസലേം: തങ്ങളുടെ നേതാവ് യഹ്യാ സിൻവാറിനെ ഗാസയിൽ ഇസ്രയേൽ സൈന്യം വധിച്ചതായി ഹമാസ് സ്ഥിരീകരിച്ചു. എന്നാൽ, ഒരു വർഷം മുമ്പ് ഇസ്രയേലിൽ നിന്ന് ബന്ദികളാക്കിയവരെ വിട്ടയയ്ക്കില്ലെന്ന നിലപാട് അവർ ആവർത്തിച്ചു.

ഗാസയിൽ നിന്ന് ഇസ്രയേൽ സൈന്യത്തെ പിൻവലിക്കുകയും വെടിനിർത്തൽ നടപ്പാക്കുകയും ചെയ്യുന്നതുവരെ ബന്ദികൾ തിരിച്ചുപോകില്ലെന്ന് ഖത്തറിൽ കഴിയുന്ന ഹമാസിന്റെ ഉപനേതാവായിരുന്ന ഖലിൽ അൽ ഹയ്യ പറഞ്ഞു. വെടിനിർത്തൽ ചർച്ചകളിൽ ഹമാസ് സംഘത്തെ നയിച്ചുവരുന്നത് അൽ ഹയ്യയാണ്. സിൻവാറിനെ വീര രക്തസാക്ഷിയായാണ് ഹമാസ് പ്രസ്താവനയിൽ ഉയർത്തിക്കാട്ടിയത്. മുന്നോട്ടുവെച്ച കാൽ ഒരിക്കലും പിന്നോട്ടു വെക്കാതെ, അധിനിവേശ സേനയെ അണികളുടെ മുൻനിരയിൽ നിന്ന് ആയുധം വീശിക്കൊണ്ട് നേരിട്ട നായകനാണ് സിൻവാറെന്ന് പ്രസ്താവനയിൽ പറയുന്നു.

ഹമാസുകാർ ആയുധംവെച്ചു കീഴടങ്ങുകയും ശേഷിക്കുന്ന ബന്ദികളെ മോചിപ്പിക്കുകയും ചെയ്താൽ തൊട്ടടുത്ത ദിവസം യുദ്ധം നിർത്തുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. ബന്ദികളെ മടക്കി കൊണ്ടുവരാൻ ഇസ്രയേൽ പ്രതിജ്ഞാബദ്ധമാണെന്നും അതുവരെ യുദ്ധം നിർത്തില്ലെന്നും അദ്ദേഹം ഗാസയിലെ ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. ബന്ദികളെ കൈമാറിയാൽ ശേഷിക്കുന്ന ഹമാസുകാർക്ക് ജീവൻ നഷ്ടപ്പെടില്ലെന്നും മറിച്ച് അവരെ മുറിവേല്പിക്കുന്നവരെ വേട്ടയാടുമെന്ന മുന്നറിയിപ്പും നല്കി.

# ഒടിടി പ്ലാറ്റ്ഫോമുകൾക്ക് നിയന്ത്രണം: ഹർജികൾ സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: ഇന്ത്യയിലെ ഒടിടി, സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു റെഗുലേറ്ററി ബോർഡ് രൂപവത്കരിക്കാൻ കേന്ദ്രസർക്കാരിനു നിർദേശം നൽകണമെന്നാവശ്യപ്പെട്ടുള്ള പൊതുതാത്പര്യ ഹർജി സുപ്രീംകോടതി തള്ളി. വിഷയം നയരൂപീകരണവുമായി ബന്ധപ്പെട്ടതാണെന്നും വിവിധ കക്ഷികളുമായി കൂടിയാലോചനകൾ ആവശ്യമാണെന്നും വ്യക്തമാക്കിയാണു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരുടെ ബെഞ്ച് ഹർജി തള്ളിയത്. പരമ്പരാഗത മാധ്യമങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങളിൽ പലതുമില്ലാതെയാണു ഒടിടികൾ പ്രവർത്തിക്കുന്നത് എന്നാരോപിച്ചു കഴിഞ്ഞ സെപ്റ്റംബറിലാണ് സുപ്രീംകോടതിയിൽ പൊതുതാത്പര്യ ഹർജി എത്തിയത്. ഒടിടിയിലെ ഉള്ളടക്കം പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഒരു സർട്ടിഫിക്കേഷൻ പ്രക്രിയയിലൂടെ കടന്നുപോകുന്നില്ല. മുന്നറിയിപ്പ് കൂടാതെയുള്ള പല ദൃശ്യങ്ങളും അക്രമം, ലഹരിവസ്തുക്കളുടെ ദുരുപയോഗം, മറ്റു ദോഷകരമായ പ്രവൃത്തികൾ എന്നിവയിലേക്ക് സമൂഹത്തെ നയിക്കാമെന്നും ഹർജിക്കാർ കോടതിയിൽ പറഞ്ഞു.

# 40 ശതമാനത്തിലധികം അംഗവൈകല്യം എംബിബിഎസ് പ്രവേശനത്തിന് തടസമല്ല: സുപ്രീംകോടതി

ന്യൂഡൽഹി: നാൽപതു ശതമാനമോ അതിലധികമോ ഭാഷാ വൈകല്യവുമുള്ള വ്യക്തികൾക്ക് എംബിബിഎസ് കോഴ്സുകളിലേക്കുള്ള പ്രവേശനം നിഷേധിക്കാനാകില്ലെന്ന് സുപ്രീംകോടതി.

ഉദ്യോഗസ്ഥരെ എങ്ങനെ അയോഗ്യരാക്കണമെന്ന സമീപനമല്ല ദേശീയ മെഡിക്കൽ കമ്മീഷൻ (എൻഎംസി) സ്വീകരിക്കേണ്ടതെന്ന് ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, അരവിന്ദ് കുമാർ, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഡിസെബിലിറ്റി അസസ്മെന്റ് ബോർഡ് വിദ്യാർത്ഥികളുടെ ഭിന്നശേഷി വിലയിരുത്തണമെന്നും എന്നാൽ ഇത് അന്തിമമാകില്ലെന്നും നിയമ സംവിധാനങ്ങൾക്ക് ഇത് പരിശോധിക്കാമെന്നും കോടതി വ്യക്തമാക്കി.

എംബിബിഎസ് പ്രവേശനം ആവശ്യപ്പെട്ട് 40-45 ശതമാനം സംസാരശേഷിയും ഭാഷാവൈകല്യവുമുള്ള വിദ്യാർത്ഥി സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതി ഉത്തരവ്. വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് പ്രവേശനം നേടാമെന്ന് കോടതി നിയോഗിച്ച മെഡിക്കൽ ബോർഡ് വ്യക്തമാക്കിയിരുന്നു. തുടർന്ന് പ്രവേശനം അനുവദിച്ചുകൊണ്ട് സെപ്റ്റംബർ 18-ന് സുപ്രീംകോടതി ഉത്തരവിട്ടു.

ഉത്തരവിന്റെ കാരണങ്ങൾ വ്യക്തമാക്കിയാണ് കോടതി ഒക്ടോബർ 18-ന് വിശദമായ വിധി പ്രസ്താവിച്ചത്. 1997-ലെ ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യുക്കേഷൻ റെഗുലേഷൻ പ്രകാരം 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവരെ എംബിബിഎസ് കോഴ്സിൽനിന്ന് വിലക്കിയതിനെയാണ് ഹർജിക്കാരൻ ചോദ്യം ചെയ്തത്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# 19TH DEATH ANNIVERSARY




**Nov. 3rd 2024**

## EAPEN YOHANNAN (RAJU)

**POYIAKAL, KUNNAMTHANAM,**
**THIRUVALLA**

*Inserted by:*
*Loving wife:* ***Alice***
*Elmont (New York)*
*Children:* ***Sherry & Lija***
***Raja & Shija***
*Grand children:* ***Reuben, Yohan,***
***Eathan & Eva***






# അമ്മച്ചി എന്റെ ഓർമ്മകളിൽ

റാണി പയസ്സ് കല്ലറയ്ക്കൽ

**ഞാ**ൻ അമ്മച്ചി എന്നു വിളിക്കുന്ന എന്റെ അമ്മയെക്കുറിച്ചുള്ള പ്രിയപ്പെട്ട ഓർമ്മകൾ, ജീവിതത്തിലെ ആദ്യത്തെ 8 വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നാണ്. ആ ഓർമ്മകൾ എനിക്കെന്നും വിലമതിക്കാനാകാത്ത നിധിയാണ്.

എന്റെ ജീവിതത്തിൽ പ്രധാന പങ്കുവഹിക്കുകയും സ്നേഹവും കരുതലും പകരുകയും ചെയ്ത അമ്മച്ചിയുടെ ഓർമ്മകൾ ഞാനിന്നും താലോലിക്കുന്നു. എന്നിലെ ആ ഓർമ്മകൾ എനിക്ക് നന്നായി അറിയുവാൻ അവസരമില്ലാഞ്ഞ എന്റെ അമ്മച്ചിയുടെ ഒരു ചിത്രം നിർമ്മിക്കാൻ എന്നെ സഹായിക്കുന്നു. എന്റെ മനസ്സിലും, ഹൃദയത്തിലും ആ ചിത്രം അത്രമാത്രം എനിക്ക് ആശ്വാസമേകുന്നു. എന്റെ അമ്മച്ചി എന്നിൽ ഉണർത്തുന്ന ഓർമ്മകൾ എന്നിൽ ചെലുത്തിയ സ്വാധീനം ചെറുതല്ല. അമ്മച്ചിയുടെ പാരമ്പര്യത്തെ ഈ ജീവിതകാലം മുഴുവൻ ബഹുമാനിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഏതു പ്രായത്തിലും മാതാപിതാക്കളെ നഷ്ടപ്പെടുന്നത് വേദനാജനകമാണ്. എന്നാൽ ഒരു കുട്ടിക്ക് 8 വയസ്സു തികയുന്നതിന് മുമ്പ് അമ്മയെ നഷ്ടപ്പെടുന്നത് ഹൃദയഭേദകമാണ്.

1970 ഒക്ടോബർ 26-ന് വൈകുന്നേരം 6.30-ന് എനിക്ക് സംഭവിച്ചത് അതാണ്. അത് എന്റെ വൈകാരിക വികാസത്തെ ബാധിച്ചു. എനിക്ക് എല്ലാം നഷ്ടപ്പെട്ടു എന്ന തോന്നൽ എന്നെ ആശയകുഴപ്പത്തിലാക്കി, അത് എന്റെ ജീവിതകാലം മുഴുവൻ എന്നെ സ്വാധീനിച്ചു.

എന്റെ അമ്മച്ചിക്ക് 11 കുട്ടികളുണ്ടായിരുന്നു. എന്റെ ഇളയസഹോദരൻ ജോൺസൺ പതിനൊന്നാമത്തെ കുട്ടിയായിരുന്നു. ജോൺസന് ഒന്നര വയസ്സുള്ളപ്പോൾ മെനിഞ്ചൈറ്റിസ് ബാധിച്ചു മരിച്ചു. ജോൺസൺ മരിക്കുമ്പോൾ എനിക്ക് മൂന്നരവയസ്സേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ഞാൻ അമ്മച്ചിയുടെ പ്രിയപ്പെട്ട കുഞ്ഞായി. അമ്മച്ചി ഞങ്ങളെ എല്ലാവരെയും സ്നേഹിച്ചിരുന്നു. പക്ഷേ, ഞാൻ അമ്മച്ചിക്ക് പ്രിയപ്പെട്ട കുഞ്ഞായിരുന്നു എന്ന് പറയുന്നത് എന്റെ പദവിയാണ്. എനിക്ക് 5 മൂത്ത സഹോദരന്മാരും, 4 മൂത്ത സഹോദരിമാരും ഉണ്ട്. ഇളയവളായതിനാൽ അമ്മച്ചിക്ക് ഞാൻ വളരെ പ്രത്യേകതയുള്ളവളായിരുന്നു. എനിക്ക് ഏകദേശം 4 വയസ്സുള്ളപ്പോൾ മൂത്ത സഹോദരിയുടെ വിവാഹം കഴിഞ്ഞു. അതിനാൽ ഞാൻ എന്റെ മാതാപിതാക്കൾക്കും, 5 മൂത്ത സഹോദരന്മാർക്കും, 3 മൂത്ത സഹോദരിമാർക്കുമൊപ്പമാണ് വളർന്ന



അമ്മച്ചിയോട് എന്റെ മുഖം ചേർത്തുപിടിക്കാൻ കഴിഞ്ഞിരുന്നെങ്കിലോ? (എന്റെ വിഫലശ്രമം)

ത്. എന്റെ അമ്മച്ചി കുടുംബത്തെ പോറ്റിവളർത്തുന്ന പങ്ക് ഏറ്റെടുത്തപ്പോൾ, അച്ചായനായിരുന്നു അന്നദാതാവ്.

എന്റെ അമ്മച്ചി സുന്ദരിയായിരുന്നു. എപ്പോഴും നന്നായി വസ്ത്രം ധരിക്കുകയും, കുട്ടികളിൽ എപ്പോഴും അമ്മച്ചിയെ ഏറ്റവും മികച്ചതായി കാണാനുള്ള ആഗ്രഹം വളർത്തുകയും ചെയ്തു. വീട്ടമ്മയെന്ന നിലയിൽ തിരക്കേറിയ ജീവിതത്തിനിടയിലും അമ്മച്ചി സമൂഹത്തിനായി സമയം കണ്ടെത്തി. അമ്മച്ചി പള്ളിയിൽ സന്നദ്ധസേവനം നടത്തി. ഞങ്ങളുടെ പള്ളിയിലെ മദേഴ്സ് ക്ലബ്ബിന്റെ പ്രസിഡന്റായിരുന്നു അമ്മച്ചി. അമ്മച്ചി വളരെ കാര്യക്ഷമതയും ഉദാരമനസ്കതയോടെയും ദുരിതബാധിതരെ സഹായിക്കുമായിരുന്നു. ഞങ്ങൾ സൗമ്യമായി ഉപയോഗിച്ച വസ്ത്രങ്ങൾ അമ്മച്ചി പാവപ്പെട്ടവർക്ക് ദാനം ചെയ്യാറുണ്ടായിരുന്നു. അമ്മച്ചിയുടെ ഓരോ കുട്ടികളുടെയും ക്ലാസ്സിലെ പുരോഗതി അദ്ധ്യാപകരുമായി പരിശോധിക്കാൻ അപ്പോയിന്റ്മെന്റ് ഇല്ലാതെ ഞങ്ങളുടെ സ്കൂളുകൾ സന്ദർശിച്ചിരുന്നു. അക്കാലത്ത് അത് വളരെ അപൂർവ്വമായിരുന്നു.

അമ്മച്ചിയുടെ ഓരോ മക്കളും എല്ലാ ദിവസവും ഒരു അധിക ഉച്ചഭക്ഷണം സ്കൂളിൽ കൊണ്ടുപോയി ഉച്ചഭക്ഷണം കഴിക്കാത്ത ഒരു വിദ്യാർത്ഥിക്ക് നൽകുമായിരുന്നു.

ഒരു വഴികാട്ടിയായി ഞാൻ എന്നോടൊപ്പം എന്നും കൊണ്ടുനടക്കുന്ന എന്റെ അമ്മച്ചിയുടെ ഉപദേശത്തിന്റെ പ്രിയപ്പെട്ട ഒരു ഭാഗം 'നിങ്ങളുടെ ഇടത് കൈ ചെയ്തത് വലതുകൈ അറിയരുത്' എന്നതാണ്. അമ്മച്ചി മരിക്കുന്നതുവരെ സഭയ്ക്കും സമൂഹത്തിനും പാവപ്പെട്ടവർക്കും വേണ്ടി ചെയ്ത എണ്ണമറ്റ സഹായങ്ങളും സേവനങ്ങളും എന്റെ അച്ചായനുപോലും അറിയില്ലായിരുന്നു. ഒരിക്കൽ എന്റെ ഒരു സഹോദരൻ വീട്ടിൽവന്ന് അമ്മച്ചിയോട് ഭിക്ഷക്കാരിയായ ഒരു സ്ത്രീ തെരുവിൽ മരിച്ചുകിടക്കുന്നു എന്ന വിവരം അറിയിച്ചു. അവളുടെ കഴുത്തിൽ ഒരു വെന്തിങ്ങാ ഉണ്ടെന്നും പറഞ്ഞു ('വെന്തിങ്ങ' കത്തോലിക്കർ ധരിക്കുന്നതാണ്). അമ്മച്ചി അവിടെ ചെന്ന് ചുറ്റും ഒരു മറ ഇട്ട്, ആന്റീസെപ്റ്റിക്ക് വൈപ്പുകൾ ഉപയോഗിച്ച് അവരെ വൃത്തിയാക്കി. നല്ല വസ്ത്രം ധരിപ്പിച്ചു. ഒരു ശവപ്പെട്ടി വാങ്ങി ഇടവക വികാരിയെ വിളിച്ച് ആ വൃദ്ധയ്ക്ക്




അമ്മച്ചിയെ ഞാൻ സ്കൾപ്ച്ചറിൽ രൂപപ്പെടുത്തി ജീവനേകി എന്നോടൊപ്പം.

മാന്യമായ ശവസംസ്ക്കാരം നൽകി. ജാതിയും മതവും നോക്കാതെ എല്ലാവരോടും ഒരേ പോലെയാണ് അമ്മച്ചി പെരുമാറിയിരുന്നത്.

അമ്മച്ചിയിൽ പ്രതിഫലിച്ചിരുന്ന ആരുടെയും ശവസംസ്ക്കാര ചടങ്ങുകളിൽ അമ്മച്ചി പങ്കെടുത്തിരുന്നു.

എന്റെ അമ്മച്ചിയുടെ ശവസംസ്ക്കാര ചടങ്ങിൽ ആദരാഞ്ജലികൾ അർപ്പിക്കാൻ ആയിരങ്ങൾ ഒത്തുകൂടി. അമ്മച്ചി ഇപ്പോഴും പലരുടെയും ഹൃദയത്തിൽ



അവധിക്കാലത്തു പാലിക്കേണ്ട ചട്ടങ്ങൾ

[ഒരമ്മ മക്കൾക്കു പാലിക്കുവാൻ കൊടുത്ത ക്രമചട്ടങ്ങളാണ് ഇവ. തങ്ങൾ കൊടുത്ത പൂർണ്ണതയോടെ അവരതു കാത്തുപോന്നു. അതു അധികനാൾ കണ്ടുകൊണ്ടിരിക്കാൻ ആ നല്ല അമ്മയ്ക്കു കഴിഞ്ഞില്ല. അവർ പെട്ടെന്ന് ഇഹലോകവാസം വെടിഞ്ഞു. എങ്കിലും ആ മക്കൾ ഇവ പാലിക്കുന്നതിൽ അമ്മയുടെ ഓർമ്മയും സ്നേഹവും നിലനിറുത്തുവാൻ ശ്രമിക്കുകയാണ്. അങ്ങനെ അച്ചടക്കത്തിന്റെ ഐശ്വര്യവും മഹിമയും ആ കുടുംബത്തിനുമുണ്ട്. വിദേശത്തൊന്നുമല്ല ഈ കുടുംബവും കുടുംബവാസികളും. ഈ പള്ളുരുത്തിയിലാണ്. ആ നല്ല അമ്മയുടെ പേര് ശ്രീമതി ഈത്തമ്മ തോമസ് (പാലത്തറ) എന്നാണ്.]

1 അനുസരണക്കേട് കാണിക്കുന്നവർക്ക് ആ നേരം ഭക്ഷണമില്ല.
2 ഓരോരുത്തരും 5 മണിക്ക് എഴുന്നേറ്റ് പ്രാർത്ഥനചൊല്ലി കിടക്കതെറുത്ത്, ഈരണ്ടു പേരായി പോയി കുളിച്ച് ബാക്കിസമയം വായിച്ച് പള്ളിയിൽപോയി കുർബാനകണ്ടശേഷം വന്ന് ഡ്രസ്സുമാറി അതാതു സ്ഥാനങ്ങളിൽ വച്ചതിനുശേഷമേ കാപ്പികുടിക്കാൻ വരാവൂ.
3 അതാതു സ്ഥാനങ്ങളിൽ പോയിരുന്നു പാഠങ്ങൾ പഠിക്കണം.
4 ഭക്ഷണസമയത്തു വിളിക്കുമ്പോൾ മാത്രമേ ഭക്ഷണം കഴിക്കാവൂ.
5 ഭക്ഷണംകഴിച്ചുകഴിഞ്ഞതിനുശേഷം ചെടിക്കു വെള്ളമൊഴിക്കുകയോ വളമിടുകയോചെയ്തിട്ട് വിനോദങ്ങളിൽ ഏർപ്പെടാവുന്നതാണ്.
6 ഏതെങ്കിലും കാരണവശാൽ വഴക്കിട്ടാൽ ആ നേരം ആഹാരമില്ല.
7 പതിനൊന്നുമണി കഴിഞ്ഞാൽ മുറ്റത്തു വെയിൽകൊണ്ടു നടക്കാതെ വീട്ടിനകത്തിരുന്നു പത്രംവായിക്കുകയോ നിശ്ശബ്ദരായി കഴിഞ്ഞുകൂടുകയോ വേണം.
8 ഉച്ചഭക്ഷണം കഴിഞ്ഞാൽ എല്ലാവരും ഒന്നോ രണ്ടോ മണിക്കൂർ ഉറങ്ങാവുന്നതാണ്.
9 വൈകുന്നേരം മേലുകഴുകിക്കഴിഞ്ഞ് എന്തെങ്കിലും തരുന്നതു കഴിച്ചുകഴിഞ്ഞു പഠിക്കാനിരിക്കണം.
10 5 മണിമുതൽ 6 മണിവരെ കളിക്കാവുന്നതാണ്.
11 $\frac{1}{2}$ മണിക്കൂർ ചെടിശുശ്രൂഷ ചെയ്യേണ്ടതാണ്.
12 7 മണിക്കു പ്രാർത്ഥന.
13 $8\frac{1}{2}$ മണിമുതൽ $9\frac{1}{2}$ മണിവരെ വായന.
14 10 മണിക്കു ഉറക്കം.

എന്ന് അമ്മച്ചി.

N. B. ഒഴിവുസമയങ്ങളിൽ ആണുങ്ങളും പെണ്ണുങ്ങളും കഴിവുപോലെ വീട്ടുജോലികളിൽ സഹായിക്കുക.

(1971 മാർച്ചുമാസത്തിലെ "ചെറുപുഷ്പം" മാസികയിൽനിന്ന്)

അമ്മച്ചിയുടെ വേർപാടിനു ശേഷം 1971 മാർച്ച് മാസത്തിൽ 'ചെറുപുഷ്പം' മാസികയിൽ പ്രസിദ്ധീകരിച്ചത്



അമ്മച്ചിയോടൊപ്പം ഞാനും (സങ്കല്പ ചിത്രം)

ജീവിക്കുന്നുണ്ട്. അമ്മച്ചി തന്റെ ചുറ്റുമുള്ള ആളുകളിൽ ശാശ്വതമായ മതിപ്പ് സൃഷ്ടിച്ചു. അമ്മച്ചിയുടെ നിസ്വാർത്ഥ സ്വഭാവം എണ്ണമറ്റ ആളുകളുടെ ജീവിതത്തെ സ്പർശിച്ചു.

അമ്മച്ചിയുടെ ശവസംസ്ക്കാര ചടങ്ങിൽ സ്നേഹത്തിന്റെയും നന്ദിയുടെയും പ്രവാഹമാണ് കണ്ടത്. ചുറ്റുമുള്ളവരിൽ അമ്മച്ചി ചെലുത്തിയ ആഴത്തിലുള്ള സ്വാധീനത്തിന്റെ തെളിവായിരുന്നു ആയിരക്കണക്കിന് ആളുകളുടെ സാന്നിദ്ധ്യം. അമ്മച്ചി അവരുടെ ജീവിതത്തെ സ്പർശിച്ചതിന്റെ അനുഭവസാക്ഷ്യവുമായി, അമ്മച്ചിയുടെ ജ്ഞാന വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ അല്ലെങ്കിൽ അവരുടെ ആവശ്യനേരത്ത് അമ്മച്ചിയുടെ സാന്നിദ്ധ്യത്തിലൂടെയോ അമ്മച്ചി അവർക്ക് പ്രിയപ്പെട്ടവളായിരുന്നിരിക്കാം. മദർ തെരേസയെ പോലെ, ചുറ്റുമുള്ളവരോട് സഹാനുഭൂതിയും, സ്നേഹവും നിറഞ്ഞ ഒരു ഹൃദയമായിരുന്നു എന്റെ അമ്മച്ചിക്ക്. ആരുടെയും പശ്ചാത്തലമോ സാഹചര്യമോ പരിഗണിക്കാതെ, സഹായം ആവശ്യമുള്ള ആർക്കും സഹായഹസ്തം നീട്ടിക്കൊണ്ടും മറ്റുള്ളവർക്ക് സേവനമനുഷ്ഠിച്ചും അമ്മച്ചി ജീവിതം നയിച്ചു. അത് രോഗികൾക്ക് സാന്ത്വനമേകുന്നതോ, ദുഃഖിതർക്ക് പിന്തുണ നൽകുന്നതോ, അല്ലെങ്കിൽ ബുദ്ധിമുട്ടുന്നവർക്ക് കേവലം ഒരു ചെവികൊടുക്കുന്നതോ ആയാലും അവർക്ക് സഹായവും മാർഗനിർദ്ദേശവും നൽകാൻ എ



അമ്മച്ചിയുടെ വാത്സല്യം എനിക്ക് എട്ട് വയസ് തികയും മുൻപ് ഒരു വിതുമ്പൽ ആയപ്പോൾ

പ്പോഴും തയ്യാറായിരുന്നു. അമ്മച്ചിയുടെ ഏറ്റവും ശ്രദ്ധേയമായ ഗുണങ്ങളിൽ ഒന്ന് വിനയമായിരുന്നു. അമ്മച്ചിയുടെ എണ്ണമറ്റ ദയാപ്രവൃത്തികളും, സമൂഹത്തിൽ അമ്മച്ചി ചെലുത്തിയ ആഴത്തിലുള്ള സ്വാധീനവും ഉണ്ടായിരുന്നിട്ടും അമ്മച്ചി ഒരിക്കലും സ്വന്തം പ്രവൃത്തികൾക്ക് അംഗീകാരമോ, പ്രശംസയോ തേടിയില്ല.

നല്ല അച്ചടക്കത്തോടെയാണ് അമ്മച്ചി ഞങ്ങളെ എല്ലാവരെയും വളർത്തിയത്. ഒരു കുടുംബമെന്ന നിലയിൽ സന്ധ്യാപ്രാർത്ഥന അമ്മച്ചിക്ക് വളരെ പ്രധാനപ്പെട്ടതും, ശക്തവുമായ ഒരു ഘടകമായിരുന്നു. അമ്മച്ചി വീടിനു പുറത്ത് ഒരുപാടു കാര്യങ്ങൾ ചെയ്തിരുന്ന വ്യക്തിയാണ്.

ഞങ്ങൾക്ക് പാൽ തരുന്ന 3 പശുക്കൾ ഉണ്ടായിരുന്നു. പാലും, ചാണകവും വിൽക്കുന്നതിലൂടെ കിട്ടുന്ന അധിക വരുമാനം പാവപ്പെട്ടവരെ സഹായിക്കുവാനും മറ്റ് ചെലവുകൾക്കുമായി അമ്മച്ചി വിനിയോഗിച്ചിരുന്നു.

(ശേഷം അടുത്ത പേജിൽ)

# അമ്മച്ചി എന്റെ ഓർമ്മകളിൽ

(മുൻ പേജിൽനിന്നും)

ഒരിക്കൽ അച്ചായൻ വീട്ടിൽ പലഹാരങ്ങൾ (ലഡു, ഗാട്ടിയാ) കൊണ്ടുവന്നപ്പോൾ അമ്മച്ചി ഞങ്ങളോട് അവ എല്ലാവർക്കും വിതരണം ചെയ്യുവാനും അമ്മച്ചി ഇല്ലാത്ത മട്ടിൽ പങ്കുവയ്ക്കുവാനും ആവശ്യപ്പെട്ടത് ഞാൻ ഓർക്കുന്നു. സാധാരണ അച്ചായൻ പലഹാരങ്ങൾ കൊണ്ടുവരുമ്പോൾ അമ്മച്ചി ആയിരുന്നു ഞങ്ങൾക്ക് വിതരണം ചെയ്യാറുള്ളത്. അന്ന് അത് എനിക്ക് തീരെ മനസ്സിലായില്ല, പക്ഷേ, അമ്മച്ചിയുടെ വേർപാടിനുശേഷം ആ രംഗം എന്നെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചു.

അമ്മച്ചിക്ക് 36 വയസ്സുള്ളപ്പോൾ 11 കുട്ടികളുടെ അമ്മയായിരുന്നു. ഗർഭപാത്രശസ്ത്രക്രിയയ്ക്ക് ശേഷമുള്ള സങ്കീർണ്ണതകളാൽ അമ്മച്ചി മരിക്കുമ്പോൾ 42 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. 19 വർഷത്തിനിടെ അമ്മച്ചിക്ക് 11 കുട്ടികളുണ്ടെന്നറിഞ്ഞ അമ്മച്ചിയുടെ ഗൈനക്കോളജി ഡോക്ടർ അമ്മച്ചിയെ ഉപദേശിച്ചത് ഗർഭപാത്രം നീക്കം ചെയ്യുന്നത് ഭാവിയിൽ ക്യാൻസർ വരാതിരിക്കാൻ സഹായകരമായിരിക്കും എന്നതായിരുന്നു.

പതിനൊന്ന് മക്കളെ പെറ്റുവളർത്തിയ ഒരമ്മയുടെ ജീവിക്കാനുള്ള അതിമോഹം കൊണ്ടായിരിക്കാം ഡോക്ടറുടെ ഉപദേശം സ്വീകരിച്ച് സ്കൂൾ അവധിക്കാലത്താണ് ശസ്ത്രക്രിയ നടത്തുവാൻ അമ്മച്ചി തീരുമാനിച്ചത്. അവധിക്കാലമായതിനാൽ മക്കൾ എല്ലാവരും വീട്ടിൽ ഉണ്ടാകുമല്ലൊ.

ശസ്ത്രക്രിയയ്ക്ക് കുറച്ചു ദിവസങ്ങൾക്ക് മുമ്പ് അമ്മച്ചി മക്കളെ എല്ലാവരേയും അമ്മച്ചിയുടെ ചുറ്റും വിളിച്ചിരുത്തി. ഞങ്ങൾ അവധിക്കാലത്തു പാലിക്കേണ്ട നിയമങ്ങളുടെ ഒരു ലിസ്റ്റ് എഴുതി, ഓരോരുത്തരെക്കൊണ്ടും ചുവടെ ഒപ്പു ഇടുവിച്ചു. 7 വയസ്സുള്ള എനിക്ക് ഒപ്പ് എന്താണെന്ന് അറിയില്ലായിരുന്നു. അമ്മച്ചി ഞങ്ങളുടെ എല്ലാവരുടെയും സ്കൂളുകൾ സന്ദർശിച്ച് ഓരോ അദ്ധ്യാപകരോടും ഞാൻ ശസ്ത്രക്രിയയ്ക്കു പോവുകയാണെന്ന് പറഞ്ഞു. ഞങ്ങളുടെ ഉറക്കസമയം ഞാനോർക്കുന്നു. അമ്മച്ചി എല്ലാ രാത്രിയിലും ചെറിയ കുട്ടികളെ കിടക്കയിൽ കിടത്തുന്നതും, ശാന്തമായി ഉറങ്ങാൻ ലൈറ്റ് അണച്ചശേഷം എല്ലാവരുടെയും അടുത്ത് ചെന്ന് പൗഡർ പുരട്ടി അവർക്ക് ഗുഡ്നൈറ്റ് ഉമ്മകൾ നൽകുന്നതും ഇന്നും മനസ്സിലുണ്ട്.

അമ്മച്ചിയുടെ കൂടെ ഒരു നിഴൽപോലെ പിന്തുടരുമായിരുന്ന ആളാണ് ഞാൻ. സഹോദരിമാരോടൊപ്പം കിടത്താൻ അമ്മച്ചി ശ്രമിക്കുമ്പോൾ, അമ്മച്ചിയുടെ കൂടെ മാത്രം ഉറങ്ങാൻ ഞാൻ ശാഠ്യം പിടിക്കും.

ഒരു സായാഹ്നത്തിൽ എന്നേക്കാൾ മൂന്നരവയസ് കൂടുതലുള്ള എന്റെ സഹോദരിയുമായി ഓടിക്കളിക്കുകയായിരുന്നു. എങ്ങിനെയോ ഞാൻ വീണു. എന്റെ കോളർബോണിന് പരിക്കേറ്റു. ഉറങ്ങാൻ സമയമായതിനാൽ എനിക്ക് കട്ടിലിൽ കിടക്കാൻ കഴിഞ്ഞില്ല. എന്നെ ഉറക്കാൻവേണ്ടി എന്നെ മടിയിൽ കിടത്തി രാത്രി മുഴുവൻ അമ്മച്ചി ഉണർന്നിരുന്നു. മക്കൾക്കുവേണ്ടി എന്ത് ത്യാഗത്തിനും ആ മനസ്സ് തയ്യാറായിരുന്നു. രാത്രി മുഴുവൻ ഉണർന്നിരിക്കാനുള്ള അമ്മച്ചിയുടെ സമർപ്പണവും, സഹനതയും ഒരു രക്ഷിതാവെന്ന നിലയിൽ അമ്മച്ചിയുടെ സ്നേഹവും, പ്രതിബദ്ധതയും വെളിവാക്കുന്നു. അമ്മച്ചി ഞങ്ങളെ എല്ലാവരെയും വളരെ ആഴത്തിൽ കരുതിയിരുന്നു. അടുത്ത ദിവസം തന്നെ എന്റെ കോളർ ബോൺ പൊട്ടിയോ എന്നറിയാൻ എന്നെ ആശുപത്രിയിൽ കൊണ്ടുപോയി. എനിക്ക് കൈ ഉയർത്താൻ പറ്റാത്തതുകൊണ്ട് അമ്മച്ചി എനിക്ക് രണ്ട് സ്ലീവ്ലെസ് ഡ്രെസ്സുകൾ കൊണ്ടു കക്ഷം മുതൽ അരക്കെട്ടുവരെ നീളമുള്ള സിപ്പർ ഉപയോഗിച്ച് കൈ ചലിപ്പിക്കുവാൻ പാകത്തിൽ ഉടുപ്പ് ഇടുവിച്ചു. അമ്മച്ചി വളരെ ക്രിയേറ്റീവ് ആയിരുന്നു. അമ്മച്ചിക്ക് തയ്യലും എംബ്രോയ്ഡറിയും വളരെ ഇഷ്ടമായിരുന്നു.

അമ്മച്ചിയുടെ ശസ്ത്രക്രിയയുടെ രണ്ടു ദിവസം മുമ്പ് ഒക്ടോബർ 19 – ന് കൊച്ചേച്ചിയും (ഞങ്ങളുടെ അമ്മച്ചിയുടെ മരണശേഷം ഞങ്ങൾക്ക് അമ്മയായി മാറിയ എന്റെ സഹോദരി) അമ്മച്ചിയെ ശസ്ത്രക്രിയയ്ക്കായി പ്രവേശിപ്പിക്കാൻ ഞാനും ബസ്സിൽ ലിസി ഹോസ്പിറ്റലിലേക്ക് പോയി. അമ്മച്ചിയെ വിട്ടുപോകാൻ എനിക്ക് ബുദ്ധിമുട്ടായിരുന്നു. ഞാൻ കരയാൻ തുടങ്ങി. അമ്മച്ചി ഞങ്ങളോടൊപ്പം ഹോസ്പിറ്റൽ ഗേറ്റിലേക്ക് വന്നു. ഞാൻ അമ്മച്ചിയോട് യാത്രപറഞ്ഞു കെട്ടിപ്പിടിച്ചശേഷം കൊച്ചേച്ചിയുമായി വീട്ടിലേക്ക് പോയി. എന്റെ അമ്മച്ചി ഹോസ്പിറ്റലിൽ നിന്നും ഇനി തിരിച്ച് വരില്ലെന്ന് എനിക്ക് അറിയില്ലായിരുന്നു. ഇനി ഒരിക്കലും അമ്മച്ചിയോടൊപ്പം ഉറങ്ങാൻ കഴിയില്ലെന്ന് അറിയാതെ ആ രാത്രിയിൽ ഞാൻ ആദ്യമായി ഉറങ്ങാൻ കരഞ്ഞു.

ഒക്ടോബർ 21 ചൊവ്വാഴ്ചയായിരുന്നു അമ്മച്ചിയുടെ ശസ്ത്രക്രിയ. ഡോക്ടർ പറഞ്ഞതനുസരിച്ച് ശസ്ത്രക്രിയ നന്നായി നടന്നു. ഞാൻ അച്ചായനോടൊപ്പം എല്ലാ ദിവസവും അമ്മച്ചിയെ സന്ദർശിച്ചിരുന്നു. എനിക്ക് തലവേദനയ്ക്ക് അമ്മച്ചി ഒരു ഡോക്ടറുമായി അപ്പോയിന്റ്മെന്റ് ഷെഡ്യൂൾ ചെയ്തിരുന്നതിനാൽ അന്നു വൈകുന്നേരം അച്ചായൻ അമ്മച്ചിയെ കാണാൻ വന്നപ്പോൾ എന്നെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി; അടുത്ത ദിവസം രാവിലെ അപ്പോയിന്റ്മെന്റിനായി തിരികെ കൊണ്ടുവന്നു.

അമ്മച്ചിയുടെ ആശുപത്രി കിടക്കയുടെ അരികിൽ നിന്നുകൊണ്ട് എന്റെ എട്ടാം പിറന്നാളിന് അമ്മച്ചി വീട്ടിലേക്ക് വരുമോ എന്ന് ചോദിച്ചത് ഞാൻ ഓർക്കുന്നു. നവംബർ 11 – നാണ് എന്റെ ജന്മദിനം. എന്റെ പിറന്നാൾ ദിനത്തിൽ അമ്മച്ചി വീട്ടിൽ ഉണ്ടാകുമോ എന്ന് അമ്മച്ചിയുടെ അരികിലിരുന്ന് ചോദിച്ചത് എന്റെ മനസ്സിൽ ഇന്നും തെളിഞ്ഞു നിൽക്കുന്നു.

അമ്മച്ചി മെല്ലെ എന്റെ മുഖത്തു തലോടി എന്നെ കെട്ടിപ്പിടിച്ച് അമ്മച്ചിക്ക് സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കാൻ എന്നോട് ആവശ്യപ്പെട്ടു. ഞാൻ ആശുപത്രി ചാപ്പലിലേക്ക് ഓടി അൾത്താരയ്ക്കു മുന്നിൽ മുട്ടുകുത്തി നിന്ന് അമ്മച്ചി പെട്ടെന്ന് സുഖം പ്രാപിക്കണേ എന്നു പ്രാർത്ഥിച്ചു. എന്റെ അമ്മച്ചിക്ക് സംഭവിക്കുന്നതിന്റെ ഗൗരവം ഞാൻ അറിഞ്ഞിരുന്നില്ല. അമ്മച്ചിയുടെ ആരോഗ്യനില വഷളായിക്കൊണ്ടിരിക്കുകയാണെന്ന സത്യം അന്ന് 7 വയസ്സുപ്രായമുള്ള എന്റെ അറിവിന് അപ്പുറമായിരുന്നു. അമ്മച്ചിയുടേത് ഉൾപ്പെടെ 6 ശസ്ത്രക്രിയകൾ അന്നു നടത്തിയിരുന്നു. രണ്ടാം ദിവസം മറ്റ് 5 രോഗികളും നടക്കാൻ തുടങ്ങി. എന്നാൽ എന്റെ അമ്മച്ചിക്ക് ഇരിക്കാൻ പോലും കഴിയാത്തവിധം തളർന്നു. ആശുപത്രിയിൽ അമ്മച്ചിയെ പരിചരിച്ചിരുന്ന കൊച്ചേച്ചി അമ്മച്ചിയുടെ വയറിലെ നിറവ്യത്യാസം ശ്രദ്ധിച്ചു. അമ്മച്ചിക്ക് ആന്തരിക രക്തസ്രാവം ഉണ്ടെന്ന് അറിയാൻ കഴിഞ്ഞതിനാൽ ഡോക്ടറെ സമീപിച്ചു. അമ്മച്ചിക്ക് ഒരുപാട് രക്തം നഷ്ടപ്പെട്ടിരുന്നു. ശരീരം വളരെ ദുർബലമായിരുന്നു. രക്തസ്രാവം തടയുവാൻ മറ്റൊരു ശസ്ത്രക്രിയയ്ക്ക് വിധേയയാകാനുള്ള ആരോഗ്യസ്ഥിതി അമ്മച്ചിക്ക് ഉണ്ടായിരുന്നില്ല. ഡോക്ടർക്കു പറ്റിയ കൈപിഴവിനു മുന്നിൽ എന്റെ അമ്മച്ചിക്ക് കീഴ്പ്പെടേണ്ടിവന്നു.

1970 ഒക്ടോബർ 26 – ന് വൈകുന്നേരം 6.30 – ന് അമ്മച്ചി തന്റെ 9 മക്കളുടെയും 26 വർഷത്തെ ജീവിതപങ്കാളിയുടെയും സാമീപ്യത്തിൽ അവസാന ശ്വാസം എടുത്ത്, ഈ ലോകത്തു നിന്നും യാത്രയായി. എന്റെ ഹൃദയത്തിൽ ഒരിക്കലും നിറയാത്ത ഒരു ദ്വാരം അവശേഷിപ്പിച്ചാണ് അമ്മച്ചി ഞങ്ങളെ വിട്ടുപോയത്. എന്റെ അമ്മച്ചി തന്റെ വേദനയും, അസ്വസ്ഥതയും ഒരു പുഞ്ചിരിയോടെ മറച്ചുവച്ച് എല്ലാം സാധാരണമായി കാണിച്ച് മക്കൾക്കുവേണ്ടി ഒരുപാടു ത്യാഗം ചെയ്തു.

എന്റെ അമ്മച്ചി കുടുംബത്തിന്റെ ആവശ്യങ്ങൾക്കും ക്ഷേമത്തിനും എല്ലാറ്റിനുമുപരിയായി മുൻതൂക്കം നൽകിയിരുന്നു. എന്റെ അമ്മച്ചിയുടെ അസാമാന്യമായ ശക്തിയും, സഹിഷ്ണുതയും മക്കളോടുള്ള അഗാധമായ സ്നേഹത്തിൽ നിന്നും അർപ്പണ ബോധത്തിൽ നിന്നുമാണ്.

എന്റെ അമ്മച്ചിയുടെ സ്നേഹവും മാർഗനിർദ്ദേശവുമാണ് ഇന്ന് ഞാൻ എന്ന വ്യക്തിക്ക് അടിത്തറ പാകിയതെന്ന് എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും. എന്റെ അമ്മച്ചിയുടെ അനുഗ്രഹങ്ങൾ എന്റെ ജീവിതത്തെ രൂപപ്പെടുത്തുകയും അമ്മച്ചിയുടെ ശാരീരിക അഭാവത്തിൽ പോലും, ഞാൻ ആയിത്തീർന്ന അമ്മയെ സ്വാധീനിക്കുകയും ചെയ്യുന്നു.

എന്റെ ദൈനംദിന ജീവിതത്തിൽ എനിക്ക് മൃദുലമായ ഒരു സ്പർശനം അനുഭവപ്പെടുന്നതോ, അല്ലെങ്കിൽ മേഘങ്ങൾക്കിടയിലൂടെ സൂര്യപ്രകാശത്തിന്റെ ഒരു തിളക്കം ശ്രദ്ധിക്കുന്നതോ ആയ നിമിഷങ്ങളുണ്ട്. അത് അമ്മച്ചി എന്നിൽ ചൊരിയുന്ന അനുഗ്രഹങ്ങളുടെയും, സാന്നിദ്ധ്യത്തിന്റെയും പ്രതീകാത്മക പ്രതിനിധാനമായി ഞാൻ വിശ്വസിക്കുന്നു.

എന്റെ അമ്മച്ചി എനിക്ക് വാക്കുകൾകൊണ്ട് പ്രകടിപ്പിക്കുവാൻ കഴിയുന്നതിലും അപ്പുറമാണ്. ആ നഷ്ടം ഒരിക്കലും നികത്താനാവില്ല. എന്റെ ശാരീരികധാരണകൾക്ക് അതീതമായ, അദൃശ്യമായ ഒരിടത്തുനിന്ന് എനിക്ക് എന്നും മാർഗനിർദ്ദേശവും, സ്നേഹവും വാഗ്ദാനം ചെയ്ത് അമ്മച്ചി ഇപ്പോഴും എന്നെ നിരീക്ഷിക്കുന്നുണ്ടെന്നും പരിപാലിക്കുന്നുണ്ടെന്നും എനിക്കറിയാം. ഞാൻ അതിൽ ഉറച്ചു വിശ്വസിക്കുന്നു.

## അവധിക്കാലത്തു പാലിക്കേണ്ട ചട്ടങ്ങൾ

ഒരമ്മ മക്കൾക്കു പാലിക്കുവാൻ കൊടുത്ത ക്രമചട്ടങ്ങളാണ് ഇവ. തങ്ങൾക്കടുത്ത് പൂർണ്ണതയോടെ അവരതു കാത്തുപോന്നു. അതു അധികനാൾ കണ്ടിരിക്കാൻ ആ നല്ല അമ്മയ്ക്കു കഴിഞ്ഞില്ല. അവർ പെട്ടെന്ന് ഇഹലോകവാസം വെടിഞ്ഞു. എങ്കിലും ആ മക്കൾ അവ പാലിക്കുന്നതിൽ അമ്മയുടെ ഓർമ്മയും സ്നേഹവും നിലനിർത്തുവാൻ ശ്രമിക്കുകയാണ്. അങ്ങനെ അച്ചടക്കത്തിന്റെയും ഒരൈശ്വര്യവും മഹിമയും ആ കുടുംബത്തിനുമുണ്ട്. വിദേശത്തൊന്നുമല്ല ഈ കുടുംബവും കുടുംബവാസികളും, ഈ പള്ളുരുത്തിയിലാണ്. ആ നല്ല അമ്മയുടെ പേര് ശ്രീമതി. ഈത്തമ്മ തോമസ് (പാലത്തറ) എന്നാണ്.

1. അനുസരണക്കേട് കാണിക്കുന്നവർക്ക് ആ നേരം ഭക്ഷണമില്ല.
2. ഓരോരുത്തരം 5 മണിക്ക് എഴുന്നേറ്റ് പ്രാർത്ഥന ചൊല്ലി കിടക്ക തെറുത്ത്, ഈ രണ്ടു പേരായി പോയി കുളിച്ച് ബാക്കിസമയം ബൈബിൾ വായിച്ച് പള്ളിയിൽ പോയി കുർബാന കണ്ടശേഷം വന്ന് ഡ്രസുമാറി അതാതു സ്ഥാനങ്ങളിൽ വച്ചതിനുശേഷമേ കാപ്പി കുടിക്കാൻ വരാവൂ.
3. അതാതു സ്ഥാനങ്ങളിൽ പോയിരുന്നു പാഠങ്ങൾ പഠിക്കണം.
4. ഭക്ഷണസമയത്തു വിളിക്കുമ്പോൾ മാത്രമേ ഭക്ഷണം കഴിക്കാവൂ.
5. ഭക്ഷണം കഴിച്ചുകഴിഞ്ഞതിനുശേഷം ചെടിക്കു വെള്ളമൊഴിക്കുകയോ വളമിടുകയോ ചെയ്തിട്ട് വിനോദങ്ങളിൽ ഏർപ്പെടാവുന്നതാണ്.
6. ഏതെങ്കിലും കാരണവശാൽ വഴക്കിട്ടാൽ ആ നേരം ആഹാരമില്ല.
7. പതിനൊന്നുമണി കഴിഞ്ഞാൽ മുറ്റത്തു വെയിൽകൊണ്ടു നടക്കാതെ വീട്ടിനകത്തിരുന്നു പത്രം വായിക്കുകയോ നിശബ്ദരായി കഴിഞ്ഞുകൂടുകയോ വേണം.
8. ഉച്ചഭക്ഷണം കഴിഞ്ഞാൽ എല്ലാവർക്കും ഒന്നോ രണ്ടോ മണിക്കൂർ ഉറങ്ങാവുന്നതാണ്.
9. വൈകുന്നേരം മേലുകഴുകിക്കഴിഞ്ഞ് എന്തെങ്കിലും തരുന്നതു കഴിച്ചിട്ട് പഠിക്കാനിരിക്കണം.
10. 5 മണി മുതൽ 6 മണിവരെ കളിക്കാവുന്നതാണ്.
11. അര മണിക്കൂർ ചെടികൾ പരിപാലിക്കേണ്ടതാണ്.
12. 7 മണിക്കു പ്രാർത്ഥന.
13. എട്ടര മണി മുതൽ ഒമ്പതര മണിവരെ വായന.
14. 10 മണിക്ക് ഉറക്കം.

# ഒഐസിസി ചിക്കാഗോ ചാപ്റ്റർ ഗാന്ധിജയന്തി ആഘോഷിച്ചു

സാൽബി ചേന്നോത്ത്



ചിക്കാഗോ: ഒഐസിസി ചിക്കാഗോയുടെ നേതൃത്വത്തിൽ ഗാന്ധിജയന്തി ആഘോഷിക്കുകയും മുൻ ഡിജിപി ടോമിൻ തച്ചങ്കരിക്കും കെപിസിസി സെക്രട്ടറി കറ്റാനം ഷാജിക്കും സ്വീകരണവും നല്കി.

ഒക്ടോബർ 5-ന് ശനിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മൗണ്ട് പ്രോസ്പെക്ടിലുള്ള ത്രിലോക റെസ്റ്റോറന്റിൽ കൂടിയ യോഗത്തിൽ ഒഐസിസി ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ലൂയി ചിക്കാഗോ അദ്ധ്യക്ഷത വഹിച്ചു. ഒഐസിസി നോർത്തേൺ റീജിയൻ ചെയർമാൻ ഡോ. സാൽബി പോൾ ചേന്നോത്ത് ഏവർക്കും സ്വാഗതം ആശംസിച്ചു. ഒഐസിസി നാഷണൽ വൈസ് ചെയർമാൻ ഗ്ലാഡ്സൺ വർഗീസ് മുഖ്യാതിഥികളെ പരിചയപ്പെടുത്തി.

പോലീസിൽനിന്ന് റിട്ടയർ ചെയ്തതിനുശേഷം ചിക്കാഗോയിലെ സുഹൃത്തുക്കൾ നല്കിയ സ്വീകരണത്തിന് നന്ദി അറിയിക്കുന്നതിനോടൊപ്പം ഗാന്ധിജിയുടെ മൂല്യങ്ങൾ ജീവിതത്തിൽ പകർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഡിജിപി ടോമിൻ തച്ചങ്കരി സംസാരിച്ചു. ഗാന്ധിജയന്തി സന്ദേശം നല്കുന്നതിനോടൊപ്പം അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഒരു കറതീർന്ന ഗാന്ധിയൻ ആയിരുന്നുവെന്ന് കെപിസിസി സെക്രട്ടറി കറ്റാനം ഷാജി കൂട്ടിച്ചേർത്തതിനോടൊപ്പം കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ (കെപിസിസി) നേരിട്ടുള്ള അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഒഐസിസി യുഎസ്എയുടെ പ്രവർത്തനങ്ങളെ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു. ചിക്കാഗോയിലും പരിസരപ്രദേശത്തും ഉള്ള നിരവധി കോൺഗ്രസ് പ്രവർത്തകരും അനുഭാവികളും പങ്കെടുത്ത യോഗത്തിൽ രാജൻ തോമസ്, ജെസ്സി റിൻസി, ജോർജ് ജോസഫ് കൊട്ടുകപ്പിള്ളി, ജോണി വടക്കുംചേരി, സിബിൻ സാം, സജി ഉതുപ്പാൻ, മാത്യു ജോസഫ്, ജോൺസൺ മാളിയേക്കൽ, ബെന്നി ജോസഫ്, അനു വർഗീസ്, സജി കുര്യൻ, ഷാബിൻ മാത്യു, റോയി ജോൺ, റെൻസി കുര്യൻ, ആന്റണി കാട്ടൂക്കാരൻ, ഫ്രാൻസിസ് വടക്കേവീട്, സാം ഈപ്പൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സജി ഫിലിപ്പ് എല്ലാവർക്കും നന്ദിയർപ്പിച്ചു.

# കൈരളി ടിവി ഷോർട്ട് ഫിലിം മത്സരത്തിലെ അവാർഡുകൾ വിതരണം ചെയ്തു

ന്യൂയോർക്ക്: ന്യൂയോർക്കിലെ കേരള സെന്റർ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കൈരളി ടിവി നടത്തിയ ഷോർട്ട് ഫിലിം മത്സര വിജയികൾക്ക് മൊമന്റോയും കാഷ് അവാർഡും വിതരണം ചെയ്തു.

മികച്ച ഷോർട്ട് ഫിലിം ഒയാസിസിന്റെ സംവിധാനവും രചനയും നിർവഹിച്ച ശ്രീലേഖ ഹരിദാസിന് (സാന്റിയാഗോ കാലിഫോർണിയ) കൈരളി ടെലികാസ്റ്റ് ചെയ്ത അക്കരക്കാഴ്ചയിലെ അപ്പച്ചൻ റോൾ മനോഹരമാക്കിയ നടൻ പൗലോസ് പാലാട്ടി മൊമന്റോയും ക്യാഷ് അവാർഡും നല്കി. മികച്ച നടിയായി തെരഞ്ഞെടുക്കപ്പെട്ട (ഒയാസിസ്) ദീപ മേനോന് കേരള സെന്റർ വൈസ് പ്രസിഡണ്ട് ഡെയ്സി സ്റ്റീഫൻ അവാർഡ് നല്കി. ഏറ്റവും മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ട ജോസുകുട്ടി വലിയകല്ലുങ്കലിന് (മിക്സഡ് ജ്യൂസ്, പോസിറ്റീവ്) കൈരളി യുഎസ്എ റെപ്രസെന്റേറ്റീവ് ജോസ് കാടാപുറം മൊമന്റോയും ക്യാഷ് അവാർഡും നല്കി. പരിപാടിയുടെ എംസി സാറാ സ്റ്റീഫനായിരുന്നു. അവാർഡ്ദാന ചടങ്ങിന്റെ വീഡിയോ-ഫോട്ടോ കൈരളി പ്രൊഡക്ഷൻ ഹെഡ് ജേക്കബ് മാനുവൽ പകർത്തി.

വടക്കെ അമേരിക്കയിലെ ചലച്ചിത്ര പ്രതിഭകളെ കണ്ടെത്താൻ കൈരളി ടിവി യുഎസ്എ ആരംഭിച്ച ഷോർട്ട് ഫിലിം മത്സരത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 40 ചിത്രങ്ങൾ പങ്കെടുത്തു. അമേരിക്കൻ മലയാളികളുടെ ജീവിത പരിസരങ്ങളെ അധികരിച്ച ലഘു ചിത്രങ്ങളാണ് മത്സരത്തിൽ ഉണ്ടായിരുന്നത്. അമേരിക്കൻ പ്രവാസികൾക്കിടയിൽ വളർന്നുവരുന്ന ചലച്ചിത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് കൈരളി ടിവി ടീം ഈ ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിച്ചത്.

അദ്ധ്യാപികയും എഴുത്തുകാരിയുമായ ദീപ നിശാന്ത് (അസി. പ്രൊഫസർ ശ്രീ വിവേകാനന്ദ കോളജ്), കവിയും ന്യൂസ് ഡയറക്ടറുമായ ഡോ. എൻ.പി. ചന്ദ്രശേഖരൻ എന്നിവർ ജൂറിമാരായിരുന്ന കമ്മിറ്റി ഫൈനൽ റൗണ്ടിലേക്ക് 11 ചലച്ചിത്രങ്ങൾ തെരഞ്ഞെടുത്തു. പ്രേക്ഷകരുടെ അഭിപ്രായം കൂടി തേടിയാണ് മികച്ച ഹ്രസ്വചലച്ചിത്രം തെരഞ്ഞെടുത്തത്. മികച്ച ഹ്രസ്വചിത്രമായി സാന്റിയാഗോയിൽ നിന്നുള്ള ശ്രീലേഖ ഹരിദാസ് സംവിധാനം നിർവഹിച്ച ഒയാസിസ് തെരഞ്ഞെടുക്കപ്പെട്ടു. തൃശൂർ സ്വദേശിയായ ശ്രീലേഖ സാന്റിയാഗോയിൽ അറ്റോർണിയാണ്. മികച്ച നടനായി മിക്സഡ് ജ്യൂസ്, പോസിറ്റീവ് എന്നീ ചിത്രങ്ങളിൽ അഭിനയിച്ച ജോസുകുട്ടി വലിയകല്ലുങ്കൽ തെരഞ്ഞെടുക്കപ്പെട്ടു. അക്കരക്കാഴ്ചയിലെ നായകനായ ജോസ് ലോകത്തുള്ള മലയാളി പ്രവാസികൾക്ക് സുപരിചിതനാണ്. അക്കരക്കാഴ്ചയിലെ അഭിനയമികവിന് ശേഷം മലയാള സിനിമയിലും നാടകങ്ങളിലും പല വേഷങ്ങളിൽ അഭിനയിച്ചു. ജോലിക്കു പുറമെ കലാപ്രവർത്തനവും നടത്തുന്ന ജോസുകുട്ടി ന്യൂജേഴ്സിയിൽ താമസിക്കുന്ന കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.




മികച്ച നടി ദീപ മേനോൻ (ചിത്രം ഒയാസിസ്) സാന്റിയാഗോയിൽ ഐടി രംഗത്ത് ജോലി ചെയ്യുന്ന പാലക്കാട് പള്ളിപ്പുറം സ്വദേശിയാണ്. ആദ്യമായിട്ട് അഭിനയിച്ച ഷോർട്ട് ഫിലിമിൽ തന്നെ അവാർഡും ലഭിച്ചു.

11 ഷോർട്ട് ഫിലിമുകളാണ് അവസാന റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. മത്സരത്തിൽ പങ്കെടുത്ത എല്ലാ ചിത്രങ്ങളും ഒന്നിനൊന്നു മെച്ചമായിരുന്നു. അവസാന റൗണ്ടിൽ എത്തിയവയിൽ നിന്ന് മികച്ച ഷോർട്ട് ഫിലിം, മികച്ച അഭിനേതാക്കൾ എന്നിവർക്കാണ് സമ്മാനങ്ങൾ നല്കിയത്. ഡോ. ജോൺ ബ്രിട്ടാസിന്റെ നേതൃത്വത്തിൽ വടക്കെ അമേരിക്കയിലെ കൈരളി ടിവിയുടെ പ്രതിനിധികളായ ജോസ് കാടാപുറം, ജോസഫ് പ്ലാക്കാട്ട്, പ്രൊഡക്ഷൻ ഹെഡ് ജേക്കബ് മാനുവൽ എന്നിവർ നേതൃത്വം നല്കുന്നു.

# വയനാട് ദുരന്തം: ദുരന്തനിവാരണനിധി ഉപയോഗിക്കാം

കൊച്ചി: വയനാട് ഉരുൾപൊട്ടലിൽ ദുരന്തബാധിതരുടെ സഹായത്തിനായി നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലുള്ള (എസ്ഡിആർഎഫ്) 782.99 കോടി രൂപ ഉപയോഗിക്കാമെന്നും കേരളം വിശദമായ മെമ്മോറാണ്ടം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ അധികതുക അനുവദിക്കുന്നതു പരിഗണിക്കുമെന്നും കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു.

ഇക്കാര്യത്തിൽ മറുപടി നൽകാൻ സർക്കാരിനോടും അമിക്കസ് ക്യൂറിയോടും കോടതി നിർദേശിച്ചു. ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട ഹർജികളാണു ജസ്റ്റിസ് ഡോ. എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. വിഷയം 25-ന് വീണ്ടും പരിഗണിക്കും.

ദുരന്തത്തെ തുടർന്ന് ജൂലൈ 31-നും ഈ മാസം ഒന്നിനും 145.60 കോടി രൂപ വീതം കേന്ദ്രസർക്കാർ വിഹിതമായി മുൻകൂർ നൽകിയെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കി. മാർച്ച് 31-ലെ കണക്കു പ്രകാരം എസ്ഡിആർഎഫ് അക്കൗണ്ടിൽ 394.99 കോടി രൂപ ബാക്കിയുണ്ട്. ഇതു പ്രകാരം കേന്ദ്രസർക്കാരിന്റെ വിഹിതമായി 291.20 കോടി രൂപ, സംസ്ഥാന വിഹിതം 96.80 രൂപ, ബാക്കിയുള്ള തുക 394.99 കോടി എന്നിവ അനുസരിച്ചു 782.99 കോടി രൂപ എസ്ഡിആർഎഫിലുണ്ടെന്നാണു കേന്ദ്രസർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എ.ആർ.എൽ. സുന്ദരേശൻ അറിയിച്ചത്. സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ് വിശദീകരണത്തിനു സമയം തേടി.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അടിയന്തര സഹായമായി കേരള സർക്കാർ 214.68 കോടി രൂപ ഓഗസ്റ്റ് 19-ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ അറിയിച്ചു. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം അനുവദിക്കുന്നതും പരിഗണനയിലാണ്. ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള (എൻഡിആർഎഫ്) കൂടുതൽ സഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ഉന്നത സമിതിയുടെ പരിഗണനയിലാണ്. വൻ ദുരന്തങ്ങളിൽ ദീർഘകാല നടപടികൾക്ക് അധിക സഹായത്തിനായി വിവിധ മേഖലകളിൽനിന്നുള്ളവരെ ഉൾപ്പെടുത്തി കേരളം സമിതി രൂപീകരിച്ച് ആവശ്യത്തെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ട് നൽകണം. കേരളത്തിൽനിന്ന് ഇതു ലഭിച്ചാൽ പരിഗണിക്കും.

ദുരന്തബാധിതർക്കായി പബ്ലിക് ലൈഫ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിൽ പ്രായോഗിക പ്രശ്നമുണ്ട്. ബാങ്ക് വായ്പയ്ക്ക് മൊറട്ടോറിയം അനുവദിക്കുന്നതുൾപ്പെടെയുള്ള വിഷയത്തിൽ നിലപാട് അറിയിക്കാമെന്നും വിശദീകരിച്ചു.

എന്നാൽ ബാങ്ക് വായ്പയുടെ കാര്യം കേന്ദ്ര സർക്കാരിന് ഒരു സർക്കുലറിലൂടെ പരിഹരിക്കാവുന്ന വിഷയമാണെന്നു കോടതി അഭിപ്രായപ്പെട്ടു. ദുരന്തബാധിതരെല്ലാം കർഷകരാണെന്നും വായ്പയിൽ ഇളവ് അനിവാര്യമാണെന്നും പറഞ്ഞു.

# ഫൊക്കാന കേരളാ കൺവൻഷൻ: ചാണ്ടി ഉമ്മൻ എംഎൽഎയുമായി ചർച്ച നടത്തി

ചിക്കാഗോ: ഫൊക്കാന നാഷണൽ കമ്മിറ്റി കേരളത്തിൽ നടത്തിവരാറുള്ള കേരളാ കൺവൻഷൻ ഇത്തവണ 2025 ജൂലൈ/ഓഗസ്റ്റ് മാസത്തിൽ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൺവൻഷന്റെ നടത്തിപ്പിനെക്കുറിച്ച് ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, റീജിയണൽ വൈസ് പ്രസിഡണ്ട് സന്തോഷ് നായർ, മുൻ റീജിയണൽ വൈസ് പ്രസിഡണ്ടുമാരായ ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ടോമി അംബേനാട്ട് തുടങ്ങിയവർ യുവ എംഎൽഎയായ ചാണ്ടി ഉമ്മനുമായി ചർച്ച നടത്തി.

കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി പൂർണ്ണമായും സഹകരിക്കാമെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ അറിയിച്ചു. ഇത്തവണത്തെ കൺവൻഷൻ കോട്ടയത്തു വെച്ച് നടത്തുന്നത് നന്നായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.



ഫൊക്കാന അടുത്ത രണ്ടുവർഷം അമേരിക്കയിലും കേരളത്തിലും നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികളെക്കുറിച്ച് നേതാക്കൾ എംഎൽഎയുമായി ദീർഘമായി സംസാരിച്ചു.

കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനുവേണ്ടി പ്രവാസി മലയാളികൾ ഫൊക്കാനയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്നും കേരളീയർ ആദരവോടു കൂടിയാണ് കാണുന്നതെന്നു ചാണ്ടി ഉമ്മൻ കൂട്ടിച്ചേർത്തു. ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണിയുമായി നേരത്തെ അദ്ദേഹം സംസാരിച്ചിരുന്നു.

# 25-ാമത് ഇന്റർനാഷണൽ 56 കാർഡ് ഗെയിം വൻവിജയം

**സൈജൻ കണിയോടിക്കൽ**

ഡിട്രോയിറ്റ്: ഒക്ടോബർ 4, 5, 6 തീയതികളിൽ സൗത്ത് ഫീൽഡിലുള്ള അപ്പച്ചൻ നഗറിൽ വെച്ച് നടന്ന ഇന്റർനാഷണൽ 56 കാർഡ് ഗെയിമും സിൽവർ ജൂബിലി ആഘോഷവും വൻ വിജയമായിരുന്നുവെന്ന് സംഘാടകർ അറിയിച്ചു.

ഈ വർഷത്തെ ഇന്റർനാഷണൽ 56 കാർഡ് ഗെയിമിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 90 ടീമുകളാണ് മാറ്റുരച്ചത്.

കാലിഫോർണിയയിലെ സാൻഫ്രാൻസിസ്കോയിൽ നിന്നുള്ള മാത്യു ജോസഫ്, ബിജോയ് കുരിയന്നൂർ, തോമസ് വടക്കേകുന്നേൽ എന്നിവരുടെ ടീമാണ് ഈ വർഷത്തെ ചാമ്പ്യന്മാരായത്. ചിക്കാഗോയിൽ നിന്നുള്ള കുര്യൻ നെല്ലാമറ്റം, ജോമോൻ തൊടുകയിൽ, ജോസഫ് ആലപ്പാട്ട് എന്നിവരുടെ ടീം രണ്ടാം സ്ഥാനവും ഡാളസിൽ നിന്നുള്ള സണ്ണി വർഗീസ്, തോമസ് വർഗീസ്, ബിനോ കല്ലുങ്കൽ ടീം മൂന്നാം സ്ഥാനവും ചിക്കാഗോയിൽ നിന്നുള്ള ജോയ് നെല്ലാമറ്റം, തോമസ് കടിയൻപള്ളി, കുരിയൻ തോട്ടിച്ചിറ എന്നിവരുടെ ടീം നാലാം സ്ഥാനവും കരസ്ഥമാക്കി.

ടൂർണമെന്റിനോടനുബന്ധിച്ച് നടന്ന റേസ് ഫോർ ഫൺ മത്സരത്തിൽ ഡാളസിൽ നിന്നുള്ള രാജൻ മാത്യു, മാത്യു തോട്ടപ്പുറം, സ്കറിയ തച്ചേട്ട് എന്നിവർ ചാമ്പ്യന്മാരായി. കാനഡയിൽ നിന്നുള്ള ജെയിംസ് താന്നിക്കൽ, ജോസഫ് ജോസഫ്, റോബർട്ട് മാത്യു എന്നിവർ രണ്ടാം സ്ഥാനവും ടാമ്പായിൽ നിന്നുള്ള ജേക്കബ് മണിപ്പറമ്പിൽ, റഫേൽ മേനാച്ചേരി, സാജൻ കോരത് എന്നിവർ മൂന്നാം സ്ഥാനവും കാനഡയിൽ നിന്നുള്ള ജോസ് മത്തായി, ജോളി അഗസ്റ്റിൻ, രാജു തരണിയിൽ എന്നിവർ നാലാം സ്ഥാനവും കരസ്ഥമാക്കി.

1999-ൽ ഡിട്രോയിറ്റിൽ യശഃശരീരനായ അപ്പച്ചൻ വലിയപറമ്പിലും സുഹൃത്തുക്കളും കൂടി ആരംഭിച്ച ഇന്റർനാഷണൽ 56 കാർഡ് ഗെയിം ടൂർണമെന്റിൽ അന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 16 ടീമുകൾ ആയിരുന്നു മാറ്റുരച്ചത്. ചീട്ടുകളി മത്സരത്തോടൊപ്പം തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള സുഹൃത്തുക്കൾ തമ്മിൽ ഒത്തുചേരുവാനുള്ള ഒരു അവസരം കൂടിയാണ് ഈ ഇന്റർനാഷണൽ ടൂർണമെന്റ് എന്ന് നാഷണൽ കോ-ഓർഡിനേറ്റേഴ്സ് ചെയർപേഴ്സൺ മാത്യു ചെരുവിൽ അഭിപ്രായപ്പെട്ടു. സൗത്ത് ഫീൽഡിലെ അപ്പച്ചൻ നഗറിൽവെച്ച് നടന്ന ഈ വർഷത്തെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ചെയർമാൻ ജോസ് ഏബ്രഹാമും വൈസ് ചെയർമാൻ ജോർജ് വന്നിലവും ആണ്. ഫാ. ജോയി ചക്യൻ, മാത്യു ചെരുവിൽ, സുനിൽ എൻ. മാത്യു, ജോസ് ഫിലിപ്പ്, സുനിൽ മാത്യു, ബിജോയിസ് തോമസ്, മാത്യു ചെമ്പോല എന്നിവർ കമ്മിറ്റി അംഗങ്ങൾ ആയിരുന്നു.










സിൽവർ ജൂബിലി ടൂർണമെന്റിനോടനുബന്ധിച്ച് പുറത്തിറക്കിയ സുവനീർ ഉദ്ഘാടന സമ്മേളനത്തിൽ വെച്ച് പ്രകാശനം ചെയ്തു. ജോർജ് വന്നിലം ചീഫ് എഡിറ്റർ ആയ സുവനീർ കമ്മിറ്റിയിൽ സൈജൻ കണിയോടിക്കൽ, ജോസ് ഫിലിപ്പ്, മാത്യു ചെരുവിൽ, ജോസ് ഏബ്രഹാം എന്നിവർ അംഗങ്ങളാണ്. 56 ഇന്റർനാഷണൽ കമ്മിറ്റിയിൽ ചെയർമാനായ മാത്യു ചെരുവിലിനോടൊപ്പം സാം ജെ. മാത്യു (കാനഡ), രാജൻ മാത്യു (ഡാളസ്), കുര്യൻ നെല്ലാമറ്റം (ചിക്കാഗോ) നിധിൻ ഈപ്പൻ (കണക്റ്റിക്കട്ട്), ബിനോയ് ശങ്കരത്ത് (വാഷിങ്ടൺ ഡിസി), ആൽവിൻ ഷിക്കോർ (ചിക്കാഗോ) എന്നിവർ പ്രവർത്തിക്കുന്നു. മിസോറിയിലെ സെന്റ് ലൂയിസിൽ വെച്ചായിരിക്കും അടുത്ത വർഷത്തെ മത്സരങ്ങൾ നടക്കുക എന്ന് ഇവർ അറിയിച്ചു.





# ഡോണൾഡ് ട്രംപിന്റെ സ്വേച്ഛാധിപത്യ മോഹങ്ങൾ

**ജോസ് കല്ലിടിക്കിൽ**

നവംബർ അഞ്ച് പൊതുതെരഞ്ഞെടുപ്പിൽ ജയിക്കുക വഴി ഒരു സ്വേച്ഛാധിപതിയായി ശിഷ്ടജീവിതം അമേരിക്കയിൽ വാഴാമെന്ന മോഹമാണ് ശാരീരികവും മാനസികവുമായ വെല്ലുവിളികളെ അവഗണിച്ചും പ്രസിഡണ്ട് പദവിയിൽ തിരിച്ചെത്തുവാൻ ഡോണൾഡ് ട്രംപ് വ്യഗ്രത കാട്ടുന്നത്. അദ്ദേഹത്തിന്റെ ദുരുദ്ദേശ്യം ഇനിയും തിരിച്ചറിയാത്ത വലിയൊരു ജനവിഭാഗം ഇപ്പോഴും അമേരിക്കയിൽ ഉണ്ടെന്നത് തികച്ചും ആശ്ചര്യകരം. തെരഞ്ഞെടുപ്പ് സർവ്വേകളിൽ ഡെമോക്രാറ്റിക് നോമിനി കമലാ ഹാരിസിന് നേരിയ മുൻതൂക്കം നിലനിൽക്കുമ്പോഴും തെരഞ്ഞെടുപ്പ് ഫലം ഈ ഘട്ടത്തിൽ പ്രവചനാതീതമാണ്.

എല്ലാ ജനതയ്ക്കും തുല്യത ഉറപ്പാക്കിയിട്ടുള്ള ഒരു സ്വയംഭരണ റിപ്പബ്ലിക്കാണ് അമേരിക്ക. ജനാധിപത്യഭരണം നിലനിന്ന ഇക്കാലമത്രയും ഈ സ്ഥിതി ഭദ്രമായി തുടർന്നു. 2020 ജനുവരി 6 കലാപം അതിജീവിക്കുവാൻ നമുക്ക് കഴിഞ്ഞതും ഭൂരിഭാഗം അമേരിക്കൻ ജനതയിലും ഭരണാധികാരികളിലും നിലനിന്ന ജനാധിപത്യ ബോധവും ഭരണഘടനാ വിധേയത്വവും മൂലമത്രെ. ഇത്തരം വ്യക്തിമൂല്യങ്ങളും ദേശീയതയും സ്വേച്ഛാധിപതികൾക്ക് അന്യമാണ്.

അമേരിക്കൻ ജനതയ്ക്കൊപ്പം ജനാധിപത്യ വിശ്വാസികളായ ലോകജനത ഒട്ടാകെ അപലപിക്കുകയും ഭയപ്പെടുകയും ചെയ്ത 2020 ജനുവരി 6 കലാപത്തെ ഏതാനും ദിവസംമുമ്പ് ഡോണൾഡ് ട്രംപ് വിശേഷിപ്പിച്ചത് 'എ ഡേ ഓഫ് ലവ്' എന്നാണ്. വിസ്കോൺസണിൽ ഒരു ടൗൺഹാൾ മീറ്റിംഗിനിടയിൽ അദ്ദേഹത്തിന്റെ മുൻ ആരാധകന്റെ ചോദ്യത്തിനുത്തരമായാണ് ഡോണൾഡ് ട്രംപ് അങ്ങനെ പ്രതികരിച്ചത്.



ജനുവരി 6 കലാപത്തിന്റെ പൂർണ്ണ ഉത്തരവാദിയായ അദ്ദേഹം തന്നെ അഞ്ച് വ്യക്തികളുടെ മരണത്തിനും 140-ൽപരം ക്യാപിറ്റൽ പോലീസ് ഉദ്യോഗസ്ഥർ മർദ്ദനമേറ്റതിനും വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ്സ് ഉൾപ്പെടെ ഡെമോക്രാറ്റിക്-റിപ്പബ്ലിക്കൻ കോൺഗ്രസ് അംഗങ്ങൾ സ്വയരക്ഷയ്ക്കായി നെട്ടോട്ടം ഓടിയതുമായ പ്രസ്തുത ദുരന്തത്തെ 'മൃഗീയ ആക്രമണം' എന്ന് മുമ്പ് ആരോപിച്ചത് സൗകര്യപൂർവ്വം തിരുത്തി. അമേരിക്കയുടെ ആത്മാവിനും യശ്ശസ്സിനും സുരക്ഷയ്ക്കുമേറ്റ ഇത്തരമൊരു ഹീന നടപടിയെ എ ഡേ ഓഫ് ലവ് എന്ന് വിശേഷിപ്പിക്കാൻ അദ്ദേഹം കാട്ടിയ ധാർഷ്ട്യം അമേരിക്കൻ ജനതയോടുള്ള അദ്ദേഹത്തിന്റെ അവജ്ഞയും അനാദരവും മൂലമാണ്.

വ്യാജമായ അവകാശവാദങ്ങൾ ഉന്നയിക്കുന്നതും തന്റെതന്നെ കുറ്റസമ്മതങ്ങൾ നിഷേധിക്കുന്നതും ഡോണൾഡ് ട്രംപിന് പുതുമയല്ല. അവയിൽ അദ്ദേഹത്തിന് തെല്ലും ഖേദമോ ലജ്ജയോ ഇല്ല. സെപ്റ്റംബർ ആദ്യവാരം അഭിമുഖത്തിൽ അന്നുവരെ 2020 തെരഞ്ഞെടുപ്പ് വൻ ഭൂരിപക്ഷത്തിൽ താൻ ജയിച്ചുവെന്ന് അവകാശമുയർത്തിയിരുന്ന അദ്ദേഹം, നിലപാട് മാറ്റി തലമുടിനാരിഴ വ്യത്യാസത്തിൽ താൻ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു എന്ന് കുറ്റസമ്മതം നടത്തി. എന്നാൽ, സെപ്റ്റംബർ 10-ന് നടത്തപ്പെട്ട പ്രസിഡൻഷ്യൽ ഡിബേറ്റിൽ വീണ്ടും തകിടംമറിഞ്ഞ് തന്റെ കുറ്റസമ്മതം നിഷേധിച്ച് വ്യാജ ഇലക്ഷൻ വിജയാവകാശം അദ്ദേഹം വീണ്ടും ഉയർത്തി. സോഷ്യൽ സെക്യൂരിറ്റി സംരക്ഷിച്ചത് താനാണെന്നും ഐവിഎഫ് ട്രീറ്റ്മെന്റിന്റെ പിതൃത്വം അദ്ദേഹം അവകാശപ്പെട്ടതും വ്യാജവും കല്ലുവെച്ച നുണയാണെന്നും അദ്ദേഹത്തിനും അദ്ദേഹത്തെ ശ്രവിച്ച അമേരിക്കൻ ജനതയ്ക്കും ഉത്തമ ബോദ്ധ്യമുള്ളവയാണ്. ഒബാമാ കെയർ സംരക്ഷിച്ചത് ഡോണൾഡ് ട്രംപാണെന്ന വൈസ് പ്രസിഡണ്ട് നോമിനി ജെ.ഡി. വാൻസ്സിന്റെ അവകാശവാദവും ട്രംപിൽനിന്നും ഒട്ടും വ്യത്യസ്തനല്ല അദ്ദേഹമെന്നും തെളിയിക്കുന്നു. നമുക്ക് വ്യാജമെന്നു ബോദ്ധ്യമുള്ള വിഷയങ്ങൾ നമ്മുടെ മുഖത്തുനോക്കി ലജ്ജാലേശമെന്യേ അവകാശപ്പെടുകയും സ്ഥാപിച്ചെടുക്കാൻ വ്യഗ്രതപ്പെടുകയും ചെയ്യുന്ന രാഷ്ട്രീയനേതാക്കൾ അവർക്ക് ജനങ്ങളോടുള്ള ദാസ്യമനോഭാവവും തങ്ങളുടെ മേൽക്കോയ്മയുമാണ് വിളിച്ചോതുന്നത്. ഇത്തരക്കാർ ജനാധിപത്യ ഭരണവ്യവസ്ഥയിൽ സിറ്റി കൗൺസിൽ അംഗത്വത്തിനു പോലും അർഹരല്ലെന്നതാണ് വസ്തുത.

ഡോണൾഡ് ട്രംപിന്റെ സ്വേച്ഛാധിപത്യമോഹം റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിനോട് അദ്ദേഹത്തിനുള്ള ആരാധനാ മനോഭാവത്തിൽ നിന്നും വ്യക്തമാണ്. പ്രകോപനങ്ങൾ ഏതും കൂടാതെ ഉക്രെയ്നെതിരെ റഷ്യ തുടരുന്ന യുദ്ധത്തെ ന്യായീകരിക്കുക മാത്രമല്ല പുടിനെ പ്രശംസിക്കുക കൂടി ചെയ്തത് ഡോണൾഡ് ട്രംപ് മാത്രമാകും. ദുർബലരായ അയൽരാജ്യങ്ങളെ മാത്രമല്ല, സ്വദേശത്തുള്ള രാഷ്ട്രീയ പ്രതിയോഗികളേയും നിശബ്ദരാക്കുകയോ ഉന്മൂലനം ചെയ്യുകയോ ചെയ്യുന്നത് സ്വേച്ഛാധിപതികളുടെ ക്രൂരവിനോദങ്ങളാണ്. വ്ളാഡിമിർ പുടിനും വെനിസ്വലേനിയൻ പ്രസിഡണ്ട് നിക്കൊളസ് മഡുറോയും ഈ ഗണത്തിൽപ്പെടും. ഡോണൾഡ് ട്രംപിന് വ്ളാഡിമിർ പുടിനോടുള്ള ആരാധനാ മനോഭാവത്തിന് മുൻ ഓസ്ട്രേലിയൻ



ലേഖകൻ

പ്രധാനമന്ത്രി മാൽക്കം ടേൺബുൾ ദൃക്സാക്ഷിയാണ്. ട്രംപിന്റെ വിജയം അമേരിക്കൻ ജനതയ്ക്കൊപ്പം വിദേശ ജനാധിപത്യ ദേശങ്ങളും ഭയപ്പെടുന്നു എന്നതാണ് വസ്തുത. പുടിനുമായുള്ള ഡോണൾഡ് ട്രംപിന്റെ രഹസ്യ സംഭാഷണങ്ങളെക്കുറിച്ചും കോവിഡ് പരിശോധനാ ഉപകരണങ്ങൾ രഹസ്യമായി പുടിന് എത്തിച്ചുകൊടുത്ത ട്രംപിന്റെ തന്നിഷ്ട നടപടിയെക്കുറിച്ചും വാട്ടർഗേറ്റ് തട്ടിപ്പ് അന്വേഷകൻ ബോബ് വുഡ്സ് വാർഡ് നടത്തിയ വെളിപ്പെടുത്തലുകൾ ഈ ഭീതി വർദ്ധിപ്പിക്കുന്നു.

ഡോണൾഡ് ട്രംപിന്റെ ഗൂഢലക്ഷ്യങ്ങളും സ്വേച്ഛാധിപത്യ മോഹവും തുറന്നു കാട്ടുന്നതിൽ ഡെമോക്രാറ്റുകളേക്കാൾ മുന്നിൽ റിപ്പബ്ലിക്കൻസും അദ്ദേഹത്തോട് അടുത്തിടപഴകിയിട്ടുള്ളവരും ഭരണത്തിൽ പങ്കാളികളായിട്ടുള്ളവരുമാണ്. മുൻ വൈസ് പ്രസിഡണ്ട് ഡിക്ക് ചെയ്നി, അദ്ദേഹത്തിന്റെ പുത്രി ലിസ് ചെയ്നി, ഇല്ലിനോയിൽ നിന്നുള്ള ആഡം കിൻസിംഗർ എന്നിവർ ഡെമോക്രാറ്റിക് നോമിനി കമലാ ഹാരിസിന് പരസ്യപിന്തുണ പ്രഖ്യാപിക്കുക മാത്രമല്ല, അവരുടെ പ്രചാരണത്തിന്റെ ഭാഗമാകുകയുമുണ്ടായി. പെൻസിൽവേനിയയിൽ അടുത്തിടെ അവർ സംഘടിപ്പിച്ചൊരു റാലിയിൽ നൂറിലധികം റിപ്പബ്ലിക്കൻ നേതാക്കൾ അണിനിരന്നു. അതുപോലെ നിരവധി റിട്ടയേഡ് ഉന്നത സൈനികമേധാവികൾ, ഡിഫൻസ് സെക്രട്ടറിമാർ എന്നിവരെല്ലാം അമേരിക്കൻ ജനാധിപത്യത്തിന് ട്രംപ് ഉയർത്തുന്ന ഭീഷണിയിൽ ആശങ്കയുള്ളവരാണ്. ദേശസുരക്ഷാ പ്രവർത്തനത്തിൽ ട്രംപിനും ഇതര റിപ്പബ്ലിക്കൻ പ്രസിഡണ്ടുമാർക്കുമൊപ്പം പ്രവർത്തിച്ചിട്ടുള്ള നൂറിലധികം വ്യക്തികളും തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ പരാജയം കാംക്ഷിക്കുന്നവരാണ്. മുൻ ന്യൂജേഴ്സി ഗവർണർ ക്രിസ് ക്രിസ്റ്റി, മുൻ ഫ്ളോറിഡാ റിപ്പബ്ലിക്കൻ പാർട്ടി അദ്ധ്യക്ഷൻ അൽ കാർഡിനസ്സും അദ്ദേഹത്തിന്റെ ഭാര്യയും ടെക്സസിലെ മുൻ ടെറന്റ് കൗണ്ടി റിപ്പബ്ലിക്കൻ ജഡ്ജ് ഗ്ലൻ വൈറ്റ്ലി എന്നിവരും ഇതേ നിലപാട് വെച്ചുപുലർത്തുന്നു.

(ശേഷം 29-ാം പേജിൽ)

# അത്തിമരത്തിന്റെ ആത്മരോദനം

**മാത്യു ചെറുശ്ശേരി**

പഴങ്ങളുടെ രാജാവാണ് താൻ എന്നാണ് അത്തിപ്പഴം കരുതിയിരുന്നത്. ആ അഭിമാനത്തിലാണ് ആ അത്തിമരവും നിന്നിരുന്നത്. അതിൽ തെറ്റു പറയാനില്ല. വിജനമായ മരുഭൂമിയിൽ ഒരുതുള്ളി വെള്ളമില്ലാത്തിടത്ത് പിടിച്ചുനിന്ന് ആണ്ടോടാണ്ട് ഇഷ്ടംപോലെ കായും പഴങ്ങളും നല്കുന്ന ഏതു വൃക്ഷമാണുള്ളത്? പൊരിവെയിലത്തു നടന്നു ക്ഷീണിച്ചുവരുന്ന മനുഷ്യർക്ക് ഒന്നിരുന്ന് വിശ്രമിക്കാൻ പറ്റിയ ഇതുപോലൊരു തണൽ വേറെയുണ്ടോ?

മറ്റു മരങ്ങളെ അപേക്ഷിച്ച് വീതിയും വിസ്താരവുമുള്ള ഇലകൾ. ചൂടുകാലത്തു മാത്രമല്ല മഴക്കാലത്തും എല്ലാവർക്കും വലിയ ആശ്വാസമായിരുന്നു. ആരും എപ്പോഴും പുകഴ്ത്തിപ്പറയും, ഈ അത്തിമരം ഇവിടില്ലായിരുന്നെങ്കിൽ എന്തു ചെയ്തേനെ. രാവും പകലും മറ്റുള്ളവർക്കു വേണ്ടി ചൂടും തണുപ്പും മഴയും കൊണ്ടങ്ങനെ നിൽക്കുവല്ലേ, മറ്റുള്ളവരുടെ സേവനത്തിനായിട്ടല്ലേ ഇതൊക്കെ. പക്ഷികൾക്ക് കൂടുകൂട്ടാൻ ഇടവും ആഹാരത്തിന് നല്ല അത്തിപ്പഴവും. അണ്ണാനും എലിക്കും ഒക്കെ പൊത്തിലൊളിക്കുകയും പഴങ്ങൾ തിന്നുകേം ചെയ്യാം. അങ്ങനെ എന്തെല്ലാം എന്തെല്ലാം... അംഗീകാരത്തോടംഗീകാരം, നല്ലവൻ ജനസമ്മതൻ എന്ന് ഓരോ വഴിപോക്കനും പറഞ്ഞിട്ടേ പോയിരുന്നുള്ളൂ.

ഏറെ താനൊരു ഉപകാരി തന്നെയാണ്. അതിനുള്ള അംഗീകാരങ്ങളും എല്ലാവരും തരുന്നുണ്ട്. അങ്ങനെ മറ്റു മരങ്ങൾക്കില്ലാത്ത ഗുണങ്ങളും മറ്റുള്ളവരുടെ അംഗീകാരവും സ്വാഭാവികമായും ആ മരത്തിനെ മത്തുപിടിപ്പിച്ചു. അതൊന്നും വാക്കിലോ പ്രവൃത്തിയിലോ അവൻ കാണിച്ചിരുന്നില്ല. അതിനാൽ എന്ത് എളിമയുള്ളവൻ എന്ന് എല്ലാവരും പറഞ്ഞിരുന്നു. കാറ്റോ മഴയോ മഞ്ഞോ തന്നെ ബാധിക്കുന്നില്ല. മണ്ണിലേക്ക് ആഴ്ന്നിറങ്ങിയിരിക്കുന്ന ധാരാളം വേരുകളുടെ ബലത്തിൽ പടർന്നു പന്തലിച്ചു വിലസി അങ്ങനെ ഞാൻ നിന്നു.



ലേഖകൻ

എന്താണോ പെട്ടെന്നൊരു ദിവസം ഇലകൾക്കെന്തോ ഒരു വാട്ടം പോലെ. അല്ല അവ ഓരോന്നോരോന്നു വാടുകയാണ്. വാടുകയല്ല ഉണങ്ങുകയാണ്. ഞാൻ ആകെ ബേജാറായി. എന്തു സംഭവിച്ചു? വെള്ളമൊക്കെ ധാരാളം വലിക്കുന്നുണ്ട്. അത്യാവശ്യം വളവും ഭൂമിക്കടിയിൽ നിന്നും കിട്ടുന്നുണ്ട്. കാലാവസ്ഥയാണെങ്കിലും അത്രെ മോശമല്ല. ഇതിലും ഭയങ്കര ഉണക്കിനെ താൻ അതിജീവിച്ചിട്ടുണ്ട്.

കായും പഴവും ഉണ്ടാകുന്ന കാലം കഴിഞ്ഞ് ഒന്ന് സ്വസ്ഥമായി നില്ക്കുന്ന സമയം. പൂവുണ്ടാകുമ്പോൾ മുതൽ പക്ഷികളുടെയും വണ്ടുകളുടെയും ചെറുപ്രാണികളുടെയും ശല്യമാണ്. കുഞ്ഞുജീവികളെ തിന്നാൻ ഉറുമ്പും നീറും നരിച്ചീറുകളും. കായ് പഴുക്കാൻ തുടങ്ങിയാൽ അണ്ണാനായി, എലിയായി, കാക്കയായി, കുയിലായി... അങ്ങനെ ഒട്ടും സ്വസ്ഥതകിട്ടാത്ത അവസ്ഥ. അവസാനത്തെ പഴവും പൊഴിഞ്ഞു കഴിയുമ്പോഴാണ് ഒരാശ്വാസം കിട്ടുന്നത്.

എങ്ങുനിന്നോ നടന്നു ക്ഷീണിച്ച ഒരുകൂട്ടം മനുഷ്യർ ഇതിനിടെ ഇതുവഴി വന്നിരുന്നു. വിശന്നും ദാഹിച്ചുമാണ് അവർ വന്നിരുന്നത് എന്ന് മനസ്സിലായി. പക്ഷേ, താനെന്തു ചെയ്യാനാണ്? പഴങ്ങൾ ഉള്ള കാലമല്ലല്ലോ. അതിൽ ഒരാൾ എന്റെ ശിഖരങ്ങളിൽ പഴങ്ങൾക്കായി തെരഞ്ഞു. അതു കണ്ടപ്പോൾ എനിക്കു ദേഷ്യമാണ് വന്നത്. ഉറക്കെ പറഞ്ഞില്ലെങ്കിലും എന്റെ മനസ്സിൽ അതു പറയുകയും ചെയ്തു. അയാൾ ഒരു ദിവ്യനാണെന്നു ഞാനുണ്ടോ അറിയുന്നു. ഒരുപക്ഷേ, പഴം കിട്ടാഞ്ഞിട്ടായിരിക്കില്ല എന്റെ നിപ്പും ഭാവവും മനോഗതവും മനസ്സിലാക്കിയിട്ടാകാം അയാൾ എന്തൊക്കെയോ ശാപവാക്കുകൾ പറഞ്ഞിട്ടാണ് പോയത്. ഞാൻ അപ്പോളത് അത്ര കാര്യമാക്കിയില്ല. കാരണം ഉപകാരമല്ലാതെ ഉപദ്രവം ഒന്നും ആർക്കും ചെയ്തിട്ടില്ലല്ലോ. അപ്പോൾ എനിക്കാരെയും കൂഞ്ഞേണ്ട കാര്യമില്ല. പഴത്തിന്റെ കാലമല്ലാഞ്ഞിട്ടും ഇയാൾ പഴം തപ്പുന്നു എന്ന പുച്ഛഭാവം എന്നിലുണ്ടായിരുന്നു എന്നുള്ളത് തീർച്ചയാണ്. അവരെല്ലാം വെറും മണ്ടന്മാരാണെന്നും ഞാൻ കരുതിയിരുന്നു. ഏതായാലും അയാളുടെ ശാപം ഏറ്റു എന്നാണ് തോന്നുന്നത്. ഞാൻ ആകെ വികൃത രൂപത്തിലാണിപ്പോൾ. ആരായിരുന്നിരിക്കാം അവർ. അയാൾ ഒരു ഗുരുവും ബാക്കിയുള്ളവർ ശിഷ്യന്മാരും ആയിരുന്നിരിക്കും.

അങ്ങനെ ഞാൻ അന്തിച്ചു നിൽക്കുമ്പോൾ അതാ ആ കൂട്ടർ തിരിച്ചു വരുന്നു. എന്റെ അടുത്തെത്തിയപ്പോൾ ഞാൻ കേൾക്കാൻ വേണ്ടിയായിരിക്കും ആ മനുഷ്യൻ അവരോട് ഉറക്കെ ചോദിക്കുന്നതു കേട്ടു: "ഞാൻ ആരാണെന്നാണ് എല്ലാവരും പറയുന്നത്." അവർ പറഞ്ഞു: "നീ വരാനിരിക്കുന്ന പ്രവാചകന്മാരിലൊരാൾ അല്ലെങ്കിൽ വന്നുപോയ പ്രവാചകന്മാരിൽ ഒരാളുടെ പുനർജന്മമാണ് എന്നൊക്കെ," എന്നാൽ "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്," അപ്പോൾ അതിലൊരാൾ അയാളോട് പറയുന്നതു ഞാൻ കേട്ടു: "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാണ്." അതയാൾക്ക് നന്നേ ഇഷ്ടപ്പെട്ടു എന്നു തോന്നുന്നു. അദ്ദേഹം തിരിഞ്ഞുനിന്നു പറയുന്നത് ഞാൻ കേട്ടു, "മാംസരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്കതു വെളിപ്പെടുത്തി തന്നിരിക്കുന്നത്." പിന്നെയും ഏതാണ്ടൊക്കെ അയാൾ അവരോട് പറയുന്നുണ്ടായിരുന്നു.

അതൊന്നും കേൾക്കാൻ എനിക്കായില്ല. കാരണം എന്റെ അടുക്കൽ വന്ന് ക്ഷീണിച്ചുനിന്നു വിശപ്പും ദാഹവും അടക്കാൻ നോക്കിയത് ജീവിക്കുന്ന ദൈവത്തിന്റെ ഓമനപുത്രനായിരുന്നല്ലോ. എന്നോർത്ത് ഞാൻ ഒരുനിമിഷം നിന്നുപോയി. എനിക്കദ്ദേഹത്തെ മനസ്സിലാക്കാൻ സാധിച്ചില്ലല്ലോ എന്നോർത്ത് ഞാൻ വല്ലാതെ ഖേദിച്ചു.

(ശേഷം 23-ാം പേജിൽ)

KERALA EXPRESS
പ്രവാസി താളുകൾ

# ഹൂസ്റ്റൺ മലയാളികളെ സംഗീത സാഗരത്തിലാറാടിച്ച് ഹൈ-ഓൺ-മ്യൂസിക്

**ശങ്കരൻകുട്ടി**

ഹൂസ്റ്റൺ: സംഗീതം പെയ്തിറങ്ങിയ രാവിൽ ഹൂസ്റ്റണിൽ സംഗീതത്തിന്റെ മാസ്മരികത സൃഷ്ടിച്ചു വിജയ് യേശുദാസും സിത്താരാ കൃഷ്ണകുമാറും. നിരഞ്ചു സുരേഷും സംഘവും ഹൂസ്റ്റണിൽ നിറഞ്ഞാടുകയായിരുന്നു. ശ്രീനാരായണ മിഷൻ ഹൂസ്റ്റണും യു എസ് ക്യാപിറ്റലൈസ് സൊലൂഷനും ചേർന്ന് സംഘടിപ്പിച്ച ഹൈ-ഓൺ-മ്യൂസിക് ഷോ ഹൂസ്റ്റൺ മലയാളി സമൂഹം നിറമനസ്സോടെ ആവേശപൂർവം ഏറ്റെടുക്കുകയായിരുന്നു.

മിസോറിസിറ്റിയിലെ സെന്റ് ജോസഫ് ഹാളിൽ ഒക്ടോബർ പതിമൂന്നിന് വൈകുന്നേരം ആറിന് ആരംഭിച്ച ഈ സംഗീതവിരുന്ന് സമീപകാലത്തു ഹൂസ്റ്റൺ മലയാളികളുടെ ഇടയിൽ നടന്ന ഏറ്റവും സമ്പന്നമായ സംഗീത സദസ്സായിരുന്നു. ശ്രീനാരായണ ഗുരു മിഷന്റെ ധനശേഖരണാർത്ഥം സംഘടിപ്പിച്ച ഈ പരിപാടി സംഘാടക മികവ്കൊണ്ട് ഹൂസ്റ്റൺ മലയാളികൾക്കു ഓർമ്മയിൽ എന്നെന്നും കാത്തുസൂക്ഷിക്കാവുന്ന വേറിട്ട ഒരു അനുഭവം തന്നെയായിരുന്നു.

വേണു നാഥും ദേവനന്ദ റജിയും ചേർന്നാലപിച്ച പ്രാർത്ഥനാഗീതത്തോടുകൂടി ആരംഭിച്ച പരിപാടിക്ക് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഉണ്ണി മണപ്പുറത്ത് സ്വാഗതം ആശംസിച്ചു.

ഓണാഘോഷ പരിപാടികൾക്കുശേഷം ഒന്നിനു പുറകെ ഒന്നായി നിരവധി സ്റ്റേജ് ഷോകൾ നടന്നിട്ടും ഹൂസ്റ്റൺ മലയാളി സമൂഹം ഈ ഷോയുടെ ടിക്കറ്റുകൾ ആവേശപൂർവം വാങ്ങിയും വ്യവസായികൾ സ്പോൺസർഷിപ്പുകൾ നൽകിയും ഇരുകയ്യും നീട്ടി സ്വീകരിച്ചത് തങ്ങളുടെ ആത്മവിശ്വാസം ആവേശപൂർണമാക്കി എന്ന് സംഘടനയുടെ വൈസ് പ്രസിഡണ്ട് കൂടിയായ ഉണ്ണി മണപ്പുറത്ത് പരാമർശിക്കുകയുണ്ടായി.



ശ്രീനാരായണ ഗുരു മിഷന്റെ പ്രസിഡണ്ട് അനിയൻ തയ്യിൽ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ മിഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയും ശ്രീനാരായണ ഗുരുവിന്റെ ആദർശങ്ങൾ പ്രചരിപ്പിക്കേണ്ടതിന്റെ കാലിക പ്രസക്തിയെപ്പറ്റിയും അദ്ദേഹം എടുത്തു പറയുകയുണ്ടായി. പ്രസിഡണ്ട് അനിയൻ തയ്യിൽ, അലി ഷെയ്ക്കാനി, ജെയിംസ് ഓലൂട്ടു, സുനിൽ ജോൺ കോര, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, മിഷൻ സെക്രട്ടറി ഷൈജി അശോകൻ, ട്രഷറർ രാജീവ് തങ്കപ്പൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഉണ്ണി മണപ്പുറത്ത് എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ച ചടങ്ങിൽവെച്ച് മുഖ്യ സ്പോൺസർമാരായ അലി ഷെയ്ക്കാനി, ജെയിംസ് ഓലൂട്ടു, സുനിൽ ജോൺ കോര, ഡോ. ജോജി ജോർജ്, ഉമ്മൻ വർഗീസ്, പോൾ അഗർവാൾ എന്നിവരെ ആദരിക്കുകയുണ്ടായി. ഇരുപത്തിഅയ്യായിരം ഡോളറിന്റെ ടിക്കറ്റ് വിൽക്കുകയും ഏറ്റവും കൂടുതൽ സ്പോൺസർഷിപ്പ് സംഘടിപ്പിക്കുകയും ചെയ്ത വിനോദ് വാസുദേവനെ വിജയ് യേശുദാസും പതിനാറായിരം ഡോളറിന്റെ ടിക്കറ്റ് വിറ്റ ശ്രീലേഖാ ഉണ്ണിയെ സിതാര കൃഷ്ണകുമാറും പന്ത്രണ്ടായിരം ഡോളറിലധികം ടിക്കറ്റ് വിൽക്കുകയും സ്പോൺസർമാരെ കണ്ടെത്തുകയും ചെയ്ത അനിത മധുവിനെ നിരഞ്ചും വേദിയിൽവെച്ച് ആദരിച്ചു. പ്രോഗ്രാം കോർ കമ്മിറ്റി അംഗങ്ങളായ ഉണ്ണി മണപ്പുറത്ത്, മധു ചേരിക്കൽ, രേഷ്മാ വിനോദ്, സുബിൻ കുമാരൻ, ഷൈജി അശോകൻ, രാജീവ് തങ്കപ്പൻ, പ്രോഗ്രാം കമ്മിറ്റി അംഗങ്ങളായ മനോജ് ഗോപി, പ്രകാശൻ ദിവാകരൻ, IT ഉപദേഷ്ടാവ് സുജി വാസവൻ, പോലീസ് ഓഫീസർ മനോജ് പൂപ്പാറയിൽ എന്നിവരെയും ഉപഹാരങ്ങൾ നൽകി ആദരിച്ചു.




യുഎസ് കാപിറ്റലയിസ് ഗുരു മിഷന് നൽകിയ 5000 ഡോളറിന്റെ ചെക്ക് ശ്രീലേഖ ഉണ്ണി, മിനി സുബിൻ എന്നിവരിൽ നിന്നും പ്രസിഡണ്ട് അനിൽ തയ്യിൽ ഏറ്റുവാങ്ങി.



സ്പോൺസർഷിപ്പ് ചെയർമാൻ വിനോദ് വാസുദേവൻ നന്ദിപ്രകടനം നടത്തുകയും വളരെ ചുരുങ്ങിയ സമയംകൊണ്ട് ലക്ഷ്യംവെച്ചതിന്റെ ഇരട്ടിയിലധികം തുക സമാഹരിക്കുവാൻ കയ്യയച്ചു സഹായിച്ച സ്പോൺസർമാരേയും ടിക്കറ്റുകൾ വാങ്ങി ഹാളിൽ നിറസാന്നിദ്ധ്യമായ കലാപ്രേമികളെയും ഷോയുടെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ച ഗുരു മിഷന്റെ പ്രവർത്തകരെയും നന്ദിപൂർവം സ്മരിക്കുന്നതായി അദ്ദേഹം അറിയിച്ചു. ജോളി മനോജ്, ലീല ജയചന്ദ്രൻ, പുഷ്ക്കരൻ, സുകുമാരൻ, ജയശ്രീ അനിരുദ്ധൻ, രാഹുൽ, അശോകൻ, ഗോപൻ മണികണ്ടശ്ശേരിൽ എന്നിവരും മിഷന് വേണ്ടി പ്രവർത്തിച്ചു. പ്രോഗ്രാമിന്റെ എംസിയായി നിറഞ്ഞാടിയ രേഷ്മ വിനോദിന്റെ അവതരണ ശൈലി സദസ്യരെ ആവേശത്തിലാക്കുകയും പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു.

ഉദ്ഘാടന ചടങ്ങുകൾക്കുശേഷം മെലഡിയിൽ തുടങ്ങിയ സംഗീത നിശ അധികം വൈകാതെ ആവേശത്തിന്റെ പരകോടിയിലെത്തി.

പാട്ടിനൊത്തു നൃത്തംവെച്ച സംഗീത പ്രേമികളുടെ ആവേശത്തിൽ മതിമറന്നു വിജയും സിതുവും നിരഞ്ചും നാല് മണിക്കൂറോളം സദസ്സിനെ ഇളക്കി മറിച്ചു പാടിത്തിമിർത്ത ഈ സംഗീത വിരുന്ന് ഹൂസ്റ്റൺ മലയാളികൾക്ക് എന്നെന്നും ഓർക്കാൻ കഴിയുന്ന കലാവിരുന്നായിരുന്നു. ഉണ്ണി മണപ്പുറത്തിന്റെയും വിനോദ് വാസുദേവന്റെയും സംഘാടകസമിതിയുടെയും രണ്ടു മാസത്തെ അശ്രാന്ത പരിശ്രമത്തിന്റെയും അർപ്പണബോധത്തിന്റെയും പൂർണതയിലെത്തിയ ഈ സംഗീത വിരുന്നിന് രാത്രി പത്തര മണിയോടെ തിരശ്ശീല വീണു.

# ഒക്കലഹോമ ശാരോൻ സിൽവർ ജൂബിലിയും സൗത്ത് റീജിയൻ കൺവൻഷനും

**ഷെറി കെ. ജോർജ്**

ഒക്കലഹോമ: ഒക്കലഹോമ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സിൽവർ ജൂബിലി മീറ്റിംഗും ശാരോൻ നോർത്ത് അമേരിക്ക സൗത്ത് റീജിയൻ കൺവൻഷനും ഒക്ടോബർ 25 മുതൽ 27 വരെ ഒക്കലഹോമ ശാരോൻ സഭാഹാളിൽ നടക്കും. പാസ്റ്റർമാരായ ടിങ്കു തോംപ്സൺ (പ്രസിഡണ്ട്, എസ്എഫ്സിഎൻഎ), ജോസഫ് ടി. ജോസഫ്, ബാബു തോമസ്, ജോയ് തോമസ്, സ്റ്റീഫൻ വർഗീസ്, പ്രകാശ് മാത്യു, റെൻ റെന്നി, സിബിൻ അലക്സ് (എസ്എഫ്സിഎൻഎ എക്സിക്യൂട്ടീവ് അംഗങ്ങൾ), ബ്രദർ ജോൺസൻ ഉമ്മൻ (സെക്രട്ടറി), എബി ജോൺ (ട്രസ്റ്റി) എന്നിവർ മുഖ്യാതിഥികൾ ആയിരിക്കുമെന്ന് റീജിയൻ കോ-ഓർഡിനേറ്റർ പാസ്റ്റർ തേജസ് പി. തോമസ് അറിയിച്ചു.

സിൽവർ ജൂബിലി ആഘോഷം ഒക്ടോബർ 26-ന് ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ നടക്കുമെന്ന് സഭാ




സെക്രട്ടറി വർഗീസ് ജേക്കബ് അറിയിച്ചു. റീജിയൻ കൺവൻഷൻ വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 7 മുതൽ 9 വരെ നടക്കും. ഞായറാഴ്ച നടക്കുന്ന റീജിയണിലെ സഭകളുടെ സംയുക്ത സഭായോഗത്തോടെ സമ്മേളനം അവസാനിക്കും. സമ്മേളനത്തിന് സൗത്ത് റീജിയൻ കമ്മിറ്റിയും എസ്എഫ്സിഎൻഎ കമ്മിറ്റിയും സഭാ കമ്മിറ്റിയും നേതൃത്വം നല്കും. പാസ്റ്റർ സിബിൻ അലക്സ് റീജിയൻ ക്വയറിനു നേതൃത്വം നല്കും.

# പാണക്കാട് സയ്യിദ് സാദിഖ് അലി തങ്ങൾക്കും ഹാരിസ് ബീരാനും ന്യൂജേഴ്സിയിൽ ഉജ്വല സ്വീകരണം

യു.എ. നസീർ

ന്യൂജേഴ്സി: അമേരിക്കയിൽ സന്ദർശനം നടത്തുന്ന മുസ്ലിം ലീഗ് ദേശീയ പൊളിറ്റിക്കൽ അഫയേഴ്സ് കമ്മിറ്റി ചെയർമാൻ പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾക്കും രാജ്യസഭാംഗവും സുപ്രീംകോടതി അഭിഭാഷകനുമായ ഹാരിസ് ബീരാനും അമേരിക്കൻ പ്രവാസി സമൂഹം ഹൃദ്യമായ സ്വീകരണം നൽകി.









കേരള മുസ്ലിം കൾച്ചറൽ സെന്റർ (കെഎംസിസി), മലയാളി മുസ്ലിംസ് ഓഫ് ന്യൂജേഴ്സി (എംഎംഎൻജെ), കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി, നന്മ എന്നീ സംഘടനകൾ ചേർന്ന് റോയൽ ആൽബർട്ട് പാലസിൽ സംഘടിപ്പിച്ച സംഗമത്തിൽ ഫൊക്കാന, ഫോമാ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്, വേൾഡ് മലയാളി കൗൺസിൽ, കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി, കെഎംസിസി തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗത്തിൽനിന്നുമുള്ള നേതാക്കളും പ്രവർത്തകരും പങ്കെടുത്തു. യുഎസ് കെഎംസിസി പ്രസിഡണ്ട് യു.എ. നസീർ അദ്ധ്യക്ഷത വഹിച്ചു.

ശീതസമര കാലാനന്തരമുണ്ടായ ഇന്തോ അമേരിക്ക ബന്ധത്തിലെ തന്ത്രപ്രധാന മുന്നേറ്റത്തിന്റെ അവസരം ഉപയോഗപ്പെടുത്താൻ പ്രവാസികൾ ക്കാവണമെന്ന് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ മറുപടി പ്രസംഗത്തിൽ പറഞ്ഞു. "രാജ്യത്തിന്റെ അതിരുകൾ സാങ്കേതികമെന്നതിനപ്പുറം ആഗോള ഗ്രാമമായി വളർന്നിട്ടുണ്ട്. ഐടി, വ്യവസായം, വ്യാപാരം, ഡിഫൻസ്, ശാസ്ത്രം, മെഡിക്കൽ എന്നിങ്ങനെ എല്ലാ മേഖലയിലും ഇരു രാജ്യങ്ങളും അന്യോന്യം ആശ്രയിക്കുന്നു. ആ സഹകരണം സൗഹൃദമായി വളർന്നിരിക്കുന്നു. ചന്ദ്രനിൽ ചെന്നാൽ അവിടെയും ചായക്കടയും ഒരു മലയാളിയും ഉണ്ടാകുമെന്ന് സഞ്ചാര സാഹിത്യകാരൻ എസ്.കെ. പൊറ്റക്കാടിനെ ഉദ്ധരിച്ച് പറയാറുണ്ട്. ചന്ദ്രനിൽ ചെന്നാൽ കാണുക മലയാളി ഐടിക്കാരനെയായിരിക്കുമെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. കെഎംസിസി, ഫൊക്കാന, ഫോമാ തുടങ്ങിയ വിവിധ പ്രവാസി സംഘടനകൾ നാടിനു വേണ്ടി ചെയ്യുന്ന ചാരിറ്റി പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്": തങ്ങൾ കൂട്ടിച്ചേർത്തു.




ഭക്ഷണം, വസ്ത്രം, ഭാഷ എന്നിവയിലെ വൈവിധ്യമാണ് ഇന്ത്യ എന്ന രാജ്യത്തെ അത്ഭുതമാക്കി നിർത്തുന്നതെന്ന് അഡ്വ. ഹാരിസ് ബീരാൻ എംപി പറഞ്ഞു. ആ വൈവിധ്യങ്ങൾ ആസ്വദിക്കാനുള്ള അവകാശം നമ്മുടെ ഭരണഘടന നൽകുന്നുണ്ട്. എച്ച്1 ബി വിസ സ്റ്റാമ്പ് ചെയ്യുന്നതിന് ഇന്ത്യയിൽ പോകണമെന്ന ഇപ്പോഴത്തെ നിയമം മൂലം ഐടി മേഖലയിലുള്ളവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വാഷിംഗ്ടണിലെ ഇന്ത്യൻ അംബാസഡറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അമേരിക്കൻ അധികൃതരുമായി വിഷയം ചർച്ച ചെയ്യാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. കേരളത്തിൽ നിന്ന് അമേരിക്കയിലേക്കും തിരിച്ചും നേരിട്ട് വിമാനം വേണമെന്ന ആവശ്യവും അറിയിച്ചിട്ടുണ്ട്. അമേരിക്കയിൽ നിന്നുകൊണ്ടുതന്നെ പ്രവാസി ഇന്ത്യക്കാർക്ക് സ്വന്തം രാജ്യത്തെ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ഉണ്ടാകുന്നതിനു വേണ്ടി പാർലമെന്റിനകത്തും പുറത്തും സമ്മർദം ചെലുത്തുമെന്നും ഹാരിസ് ബീരാൻ പറഞ്ഞു.

സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ കലുഷിതമായ അന്തരീക്ഷമാണെങ്കിലും എല്ലാ വിഭാഗത്തിനും പ്രതീക്ഷയും ആശ്രയവും നൽകുന്ന പച്ചത്തുരുത്താണ് പാണക്കാട് കുടുംബമെന്നും മുൻഗാമികൾ പിന്തുടർന്ന സൗഹാർദത്തിന്റെ പാത പിൻപറ്റുന്ന അപൂർവ വ്യക്തിത്വമാണ് സാദിഖ് അലി ശിഹാബ് തങ്ങളെന്നും വേദിയിൽ സംസാരിച്ചവർ വ്യക്തമാക്കി. സാദിഖ് അലി തങ്ങളുടെ സമയോചിതമായ ഇടപെടലിലൂടെ പല പ്രമാദമായ പ്രശ്നങ്ങളും രമ്യമായി പരിഹരിക്കപ്പെട്ടത് മുൻ ഡിജിപി ടോമിൻ തച്ചങ്കരിയും തന്റെ അനുഭവത്തിൽനിന്ന് ചൂണ്ടിക്കാട്ടി. പ്രശസ്ത ന്യൂറോ സയൻസ് ഗവേഷകൻ ഡോ. മുഹമ്മദ് അബ്ദുൽ മുനീറിനെ സാദിഖ് അലി തങ്ങൾ ആദരിച്ചു. യുഎസ്എ കെഎംസിസിയുടെ വെബ്സൈറ്റും ഫേസ് ബുക്ക് പേജും തങ്ങൾ ചടങ്ങിൽവെച്ചു പ്രകാശനം നടത്തി.

(ശേഷം 30-ാം പേജിൽ)



# ഹൂസ്റ്റണിൽ മരിയൻ എക്സിബിഷൻ

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: സെയിന്റ് മേരീസ് ക്നാനായ ഫൊറോനാ ദേവാലയത്തിൽ മരിയൻ എക്സിബിഷൻ നടക്കുന്നു. ഇടവകയിലെ പ്രധാന തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 10 വ്യാഴാഴ്ച മുതൽ പാരിഷ് ഹാളിലാണ് എക്സിബിഷൻ ആരംഭിച്ചത്.

ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ മരിയൻ എക്സിബിഷന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ചടങ്ങിൽ വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു.

ബ്രദർ ഡൊമിനിക് പി.ഡിയുടെ നേതൃത്വത്തിലുള്ള ക്വീൻ മേരി മിനിസ്ട്രി ഫിലാഡൽഫിയ ആണ് ഈ എക്സിബിഷൻ ക്രമീകരിച്ചത്. ബ്രദർ ഡൊമിനിക് എല്ലാ സമയവും സന്നിഹിതനായിരുന്ന് മാതാവിന്റെ സഭയിലുള്ള സാന്നിദ്ധ്യത്തെക്കുറിച്ചും അമ്മയുടെ മാദ്ധ്യസ്ഥത്താൽ ഇന്നും അത്ഭുതങ്ങൾ നടക്കുന്നു എന്ന് വിശദീകരിക്കുകയും ചെയ്തു.

അറിവും വിശ്വാസവും വർദ്ധിപ്പിക്കുവാനും പരിശുദ്ധ അമ്മയിലുള്ള വിശ്വാസം കൂടുതൽ പകരാനും ഈ എക്സിബിഷൻ സഹായിച്ചു.

സഭയുടെ പഠനങ്ങൾ മനസ്സിലാകുന്ന വിധത്തിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട വർഷങ്ങൾ, സ്ഥലങ്ങൾ, അമ്മയോടുള്ള പ്രാർത്ഥനയിൽ നടന്ന അത്ഭുതങ്ങൾ എന്നിവയെല്ലാം ചിത്രങ്ങൾ സഹിതം പ്രദർശിപ്പിച്ചത് വളരെ അനുഭവവേദ്യമായിരുന്നു എന്ന് സന്ദർശിച്ച എല്ലാവരും അഭിപ്രായപ്പെട്ടു. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പോസ്റ്ററുകൾ വളരെ മനോഹരമായി പ്രദർശിപ്പിച്ചിരുന്നു.

ഇടവക തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ട ഈ പ്രദർശനം എല്ലാവർക്കും ഹൃദ്യമായ അനുഭവവും അനുഗ്രഹപ്രദവുമായിരുന്നു.





# ദയാവധം (യൂത്തനേഷ്യ) നടപ്പാക്കുമോ?

ഡോ. മാത്യു ജോയിസ്

എളുപ്പമുള്ളതോ വേദനയില്ലാത്തതോ ആയ മരണം അല്ലെങ്കിൽ ഭേദപ്പെടുത്താനാവാത്ത, അല്ലെങ്കിൽ വേദനാജനകമായ ഒരു രോഗം ബാധിച്ച ഒരു വ്യക്തിയുടെ അഭ്യർത്ഥന പ്രകാരം അയാളുടെ ജീവിതം മനഃപൂർവം അവസാനിപ്പിക്കുക എന്നതാണ് യൂത്തനേഷ്യ അഥവാ ദയാവധം എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. മറ്റൊരു വാക്കിൽ വളരെ അസുഖമുള്ളതോ വളരെ പ്രായമായതോ ആയ ഒരാളെ അവർ കൂടുതൽ കഷ്ടപ്പെടാതിരിക്കാൻ കൊല്ലുന്ന പ്രവൃത്തിയുടെ പര്യായമാണ് ദയാവധം.

ഇതുവരെ ഇന്ത്യയിൽ ദയാവധം കുറ്റകരമാണ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ഐപിസി) സെക്ഷൻ 309 ആത്മഹത്യാശ്രമവും ഐപിസിയുടെ സെക്ഷൻ 306 ആത്മഹത്യാ പ്രേരണയും പ്രതിപാദിക്കുന്നു. ഇവ രണ്ടു പ്രവൃത്തികളും ശിക്ഷാർഹമാണ്. മസ്തിഷ്ക മരണം സംഭവിച്ചവർക്ക് കുടുംബാംഗങ്ങളുടെ സഹായത്തോടെ ജീവൻ നിലനിർത്താൻ കഴിയും.

സുഖം പ്രാപിക്കുന്നതിനുള്ള സാദ്ധ്യതയില്ലാത്ത അന്ത്യരംഗത്തിൽ കഴിയുന്ന രോഗികൾക്ക്, അവരെ മരിക്കാൻ അനുവദിക്കുന്നത് ഭാവിയിലെ അനാവശ്യവും വ്യർത്ഥവുമായ ചികിത്സാ ശ്രമങ്ങളെ തടയുന്നു എന്നാണ് ദയാഹത്യയുടെ നേട്ടം എന്ന് ദയാഹത്യയുടെ വക്താക്കൾ വാദിക്കുന്നു.

അവർ കഷ്ടപ്പെടുകയാണെങ്കിൽ അവരെ കൊല്ലുന്നത് കൂടുതൽ കഷ്ടപ്പാടുകൾ തടയുന്നു. 2018-ൽ സുപ്രീം കോടതി അന്തസ്സോടെ മരിക്കാനുള്ള അവകാശത്തെ മൗലികാവകാശമായി അംഗീകരിക്കുകയും മാരകരോഗികൾക്ക് അവകാശം നടപ്പിലാക്കാൻ മാർഗ്ഗങ്ങൾ നിർദേശിക്കുകയും ചെയ്തു. അന്തസ്സോടെ മരിക്കാനുള്ള അവകാശം കൂടുതൽ പ്രാപ്യമാക്കുന്നതിന് 2023-ൽ സുപ്രീം കോടതി മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തി.

വ്യത്യസ്ത രാജ്യങ്ങളിൽ ദയാവധ നിയമങ്ങൾ വ്യത്യസ്തമാണ്. ബ്രിട്ടീഷ് ഹൗസ് ഓഫ് ലോർഡ്സ് സെലക്ട് കമ്മിറ്റി ഓഫ് മെഡിക്കൽ എത്തിക്സ് ദയാവധത്തെ നിർവചിക്കുന്നത് 'അചഞ്ചലമായ ദുരിതങ്ങളിൽ നിന്ന് മോചനം നേടുന്നതിനായി ഒരു ജീവിതം അവസാനിപ്പിക്കുക എന്ന വ്യക്തമായ ഉദ്ദേശ്യത്തോടെ നടത്തിയ ബോധപൂർവമായ ഇടപെടൽ' എന്നാണ്.

ദയാവധത്തെ സ്വമേധയാ ഉള്ളതും സ്വമേധയാ അല്ലാത്തതും ഉൾപ്പെടുന്ന വ്യത്യസ്ത രീതികളിൽ തരം തിരിച്ചിരിക്കുന്നു. വോളണ്ടറി ദയാവധം എന്നത്, ഒരു വ്യക്തി തന്റെ ജീവിതം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നത് പല രാജ്യങ്ങളിൽ നിയമപരവുമാണ്.

ഒരു രോഗിയുടെ സമ്മതം ലഭ്യമല്ലാത്തതും ചില രാജ്യങ്ങളിൽ ചില പരിമിതമായ വ്യവസ്ഥകളിൽ സജീവവും നിഷ്ക്രിയവുമായ രൂപങ്ങളിൽ നിയമപരമാകുമ്പോഴാണ് നോൺ-വോളണ്ടറി ദയാവധം സംഭവിക്കുന്നത്. സമ്മതം ചോദിക്കാതെയോ രോഗിയുടെ ഇഷ്ടത്തിന് വിരുദ്ധമായോ ചെയ്യുന്ന സ്വമേധയാ ദയാവധം എല്ലാ രാജ്യങ്ങളിലും നിയമവിരുദ്ധമാണ്. സാധാരണയായി അത് കൊലപാതകമായി കണക്കാക്കപ്പെടുന്നു.

ഡോക്ടറുടെ സഹായത്തോടെ ദയവധം നടത്തുന്നത് നിയമവിധേയമാക്കുന്നതിനുള്ള ബിൽ അവതരിപ്പിക്കാൻ ബ്രിട്ടീഷ് പാർലമെന്റിൽ നീക്കം നടക്കുന്നതിനിടെ ജീവനുവേണ്ടി പോരാട്ടവുമായി യുകെ മലയാളികൾ ഉൾപ്പെടെ നിരവധി പേർ രംഗത്ത്. മാരകരോഗികൾക്ക് ജീവിതാവസാനം 'തെരഞ്ഞെടുക്കുവാൻ' അവസരം എന്ന പേരിൽ അവതരിപ്പിക്കുന്ന ബിൽ എംപി കിം ലീഡ്ബീറ്റർ ഒക്ടോബർ 16-ന് അവതരിപ്പിച്ചു. ഇതിനെതിരെ സോഷ്യൽ മീഡിയയിൽ വിമർശനം ഉയരുകയാണ്. പാർലമെന്റംഗങ്ങൾ വിഷയം ചർച്ചചെയ്യും. നിയമം പ്രാബല്യത്തിൽ വന്നാൽ ഇംഗ്ലണ്ടിലും വെയിൽസിലും ദയാവധത്തിന് പൂർണ്ണ അനുമതി നല്കുമെന്നതാണ് ആശങ്കയ്ക്കു കാരണമാകുന്നത്.


ലേഖകൻ

ജിയാൻ കൗർ കേസിൽ ഭരണഘടനാ ബെഞ്ച് മുമ്പ് നടത്തിയതുപോലെ, അന്തസ്സോടെ മരിക്കാനുള്ള അവകാശം മൗലികാവകാശമാണെന്ന് കോടതി വീണ്ടും ഉറപ്പിച്ചു. അറിവോടെയുള്ള തീരുമാനമെടുക്കാനുള്ള മാനസിക ശേഷിയുള്ള മുതിർന്ന മനുഷ്യന് ജീവൻ നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ചികിത്സയോ മെഡിക്കൽ സൗകര്യങ്ങൾ നിരസിക്കാനുമുള്ള അവകാശമുണ്ടെന്ന് വിധിച്ചു.

ഇന്ത്യയിൽ 2023 മെയ് 19-ന് പുറത്തിറക്കിയ ദയാഹത്യ നടപ്പാക്കുന്നതിനുള്ള പുതുക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങൾ സുപ്രീം കോടതി പരിഗണിക്കുന്നത് സ്വാഗതാർഹമായ നീക്കമാണ്. 72 മണിക്കൂറിനു ശേഷവും മസ്തിഷ്ക മരണത്തിൽ നിന്ന് കരകയറാൻ കഴിയാത്ത രോഗികളും ഇതിൽ ഉൾപ്പെടുന്നു.

ഇക്കഴിഞ്ഞ വിധിയിൽ സുപ്രീം കോടതിയും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. കുലീനരായ മെഡിക്കൽ പ്രഫഷണലുകളുടെ കൈകളിൽ ദയാഹത്യ ആയുധമാക്കി ദയയെ കൊല്ലാൻ ഇടയാക്കരുത്. അവിടെ വ്യക്തികളെ നിർബന്ധിച്ച് അല്ലെങ്കിൽ കൃത്രിമമായി മരണം തെരഞ്ഞെടുക്കാം എന്നതാണ്, ദയാഹത്യ ദുരുപയോഗത്തിനുള്ള പ്രധാന കാരണവും സാദ്ധ്യതയുമെന്നു വാദിക്കുന്നു.

ഒരു പ്രതീക്ഷയും ഇല്ലെങ്കിൽ, ഓരോ ശ്വാസത്തിലും ആ വ്യക്തി കഷ്ടപ്പെടുന്നുവെങ്കിൽ നാം എന്തിനാണ് അവരെ സഹായിക്കാൻ അനുവദിക്കുന്നത്? അത് ക്രൂരതയല്ലേ?

നിങ്ങൾ ഹോസ്പിസ് വിളിക്കുമ്പോൾ കടന്നുപോകുന്നതുവരെ അവർ ആ രോഗിയെ കോമയിലൂടെ കിടന്നുപോകാൻ ദുഷ്കരമായ ഒരവസ്ഥ സൃഷ്ടിച്ചുകൊടുക്കുകയാണ്.

# ഹറികെയ്ൻ പാർട്ടി


സുനിൽ വല്ലാത്തറ

ഫ്ളോറിഡാ: അമേരിക്കയിൽ കാലാകാലങ്ങളായിട്ടുള്ള പ്രകൃതി ദുരന്തമാണ് hurricane അഥവാ മാരക കൊടുങ്കാറ്റ്.

നോർത്ത് കരോലീന, ടെക്സസ്, ന്യൂ ഓർലിയൻസ് തുടങ്ങി ഒട്ടനവധി സംസ്ഥാനങ്ങളിൽ വലിയ നാശം വിതച്ച ഈ പ്രതിഭാസം കഴിഞ്ഞ കുറെ കാലങ്ങളായി ഫ്ളോറിഡാ സംസ്ഥാനത്തു ആണ് മാരക പ്രഹരം ഏൽപ്പിക്കുന്നത്.

അമേരിക്കക്കാരുടെ പേരുകളിൽ അറിയപ്പെടുന്ന ഈ കൊടുങ്കാറ്റ് 2005-ൽ റീത്തയും 2017-ൽ ഇർമയും കടന്നു ഫ്ളോറിഡാ നിവാസികൾ ചെറിയൊരു ആശ്വാസത്തിൽ ഇരിക്കുമ്പോൾ ആണ് രണ്ടു വർഷം മുൻപ് ഫോർട്ട് മയേഴ്സിന് നിലംപരിശാക്കി മറ്റൊരു കൊടുങ്കാറ്റ് വന്നത്.

ഈ വർഷം ജൂണിൽ ഡബ്ബിയും സെപ്റ്റംബറിൽ ഹെലനും വന്നു പോയ ആശ്വാസത്തിൽ ഇരിക്കുമ്പോൾ ആണ് ഒരാഴ്ച മുൻപ് കാറ്റഗറി അഞ്ചിൽ തുടങ്ങിയ വലിയ പ്രഹരശേഷിയോടെ മിൽട്ടൺ ഫ്ളോറിഡായുടെ മധ്യഭാഗത്തു ഭൂമിയിൽ പതിച്ചത്.

സെൻട്രൽ ഫ്ളോറിഡായിൽ കനത്ത നാശനഷ്ടവും ജീവഹാനിയും ഉണ്ടാക്കി മിൽട്ടൺ കടന്നു പോയപ്പോൾ കാലാവസ്ഥ കേന്ദ്രങ്ങളിൽ നിന്നുള്ള മുൻകൂർ അറിയിപ്പിനെ തുടർന്ന് കുറെ അധികം ജനങ്ങൾ ചെയ്തത് അന്യ സംസ്ഥാനങ്ങളിലേക്കു പലായനം ചെയ്യുക എന്ന ഏറ്റവും സുരക്ഷിത മാർഗം ആയിരുന്നു.

വീടുകളുടെ ജനാലകളും ഗ്ലാസ് ഡോറുകളും പ്ലൈവുഡ്കൊണ്ടോ ഗട്ടർകൊണ്ടോ മറച്ചശേഷം വീട്ടിൽ പകുതി സുരക്ഷയോടെ കഴിഞ്ഞുകൂടിയവരും കുറവല്ല.

ഒരു വലിയ വിഭാഗം ആൾക്കാർ ചെയ്യുന്നത് കൊടുങ്കാറ്റിനെ പ്രതിരോധിക്കാൻ ഉള്ള ഷെൽട്ടർ ആയി ബിൽഡ് ചെയ്തിരിക്കുന്ന കെട്ടിടങ്ങളിൽ അഭയം പ്രാപിക്കുക എന്നുള്ളതാണ്.

ഇങ്ങനെ ഒരു കൊടുങ്കാറ്റ് ഉണ്ടാകുമ്പോൾ ഇത് ആഘോഷിക്കുന്ന ഒരു വിഭാഗം ജനങ്ങളും അമേരിക്കയിൽ ഉണ്ട്. മലയാളികൾ ഇത് ആഘോഷിക്കുന്നത് മൂന്നും നാലും ഫാമിലി ഒരു വീട്ടിൽ ഒന്നിച്ചുകൂടി അവർക്കാവശ്യമായ ഭക്ഷണം പാകംചെയ്താണ്. ബാർബിക്യൂ, ബർഗർ, ഹോട്ഡോഗ് തുടങ്ങി നമ്മുടെ നാടൻ കപ്പയും മീൻകറിയും വരെ ഉണ്ടാകും.

ചീട്ടുകളി, കാരംസ്കളി, ചെസ്സ് തുടങ്ങി കാറ്റിന്റെ തീവ്രതയ്ക്കു അനുസരിച്ചു ടേബിൾ ടെന്നിസ്സും കസേരകളി വരെ ഉണ്ടാകും.

മാരക കൊടുങ്കാറ്റു മിൽട്ടൺ വിതച്ച വലിയ നഷ്ടങ്ങൾപോലെ ഇനിയും മറ്റൊരു പ്രകൃതി ദുരന്തം ഈ സുന്ദര ഭൂമിയിൽ ഉണ്ടാകാതിരിക്കട്ടെ.

# ഫോമാ ക്രഡൻഷ്യൽ കമ്മിറ്റി നിലവിൽവന്നു

ഷോളി കുമ്പിളുവേലി


വിജി ഏബ്രഹാം


ടോജോ തോമസ്


തോമസ് കർത്തനാൽ


ചാക്കോച്ചൻ ജോസഫ്


ജോൺ പാട്ടപ്പതി

ന്യൂയോർക്ക്: വിജി ഏബ്രഹാം ചെയർമാനായി ഫോമായുടെ ക്രഡൻഷ്യൽസ് കമ്മിറ്റി നിലവിൽ വന്നു. സെക്രട്ടറിയായി ടോജോ തോമസും കോ-ഓർഡിനേറ്ററായി തോമസ് കർത്തനലും തെരഞ്ഞെടുക്കപ്പെട്ടു. ചാക്കോച്ചൻ ജോസഫും ജോൺ പാട്ടപ്പതിയുമാണ് കമ്മിറ്റി അംഗങ്ങൾ.

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട വിജി ഏബ്രഹാം ഫോമാ മുൻ നാഷണൽ കമ്മിറ്റി അംഗമാണ്. കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് പ്രസിഡണ്ടായും ട്രഷററായും നേതൃപാടവം തെളിയിച്ചിട്ടുള്ള വിജി ഫോമാ ഹെല്പിംഗ് ഹാൻഡിന്റെ പ്രവർത്തനങ്ങളിലും നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ടോജോ തോമസ് മങ്കയുടെ പ്രസിഡണ്ടായും ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായും ഫോമായുടെ മുൻ ആർവിപിയായും നേതൃനിരയിൽ പ്രവർത്തിച്ചിട്ടുണ്ട്.

കോ-ഓർഡിനേറ്റർ തോമസ് കർത്തനാൽ ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ പ്രസിഡണ്ടായും ഫോമാ നാഷണൽ കമ്മിറ്റി അംഗമായും സേവനം ചെയ്തിട്ടുണ്ട്. ഫോമാ ഹൗസിങ് പ്രോജക്ടിലും നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

കമ്മിറ്റി അംഗമായ ചാക്കോച്ചൻ ജോസഫ് ഫോമാ സൺഷൈൻ റീജിയണൽ ആർവിപിയായി തന്റെ കഴിവ് തെളിയിച്ച വ്യക്തിയാണ്. ഒരുമയുടെ പ്രസിഡണ്ടായും സെക്രട്ടറിയായും പ്രവർത്തിച്ചു. മറ്റൊരു കമ്മിറ്റിയംഗമായ ജോൺ പാട്ടപ്പതി ഫോമാ സെൻട്രൽ റീജിയൺ ആർവിപിയായും നാഷണൽ കമ്മിറ്റി അംഗമായും മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ പ്രസിഡണ്ടായും നേതൃനിരയിൽ പ്രവർത്തിച്ചിട്ടുണ്ട്.

ചിക്കാഗോയിലെ സാമൂഹിക, സാംസ്കാരിക രംഗത്തെ സജീവ സാന്നിദ്ധ്യവുമാണ് ജോൺ പാട്ടപ്പതി.

പുതിയ ക്രഡൻഷ്യൽസ് കമ്മിറ്റിയെ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

# ഭക്തന്മാരുടെ നിലവിളി കേൾക്കുന്ന ദൈവം

**ഏലിയാമ്മ ലൂക്കോസ്**

ഈ വർഷത്തിന്റെ അവസാന നാളുകളിലേക്ക് നാം ഓടിക്കൊണ്ടിരിക്കുന്നു. ഭയത്തോടെയാണ് മനുഷ്യൻ കഴിയുന്നത്. കാരണം, അവിടവിടെ നടക്കുന്ന യുദ്ധങ്ങൾ പ്രകൃതിക്ഷോഭങ്ങൾ, മനുഷ്യക്കുരുതികൾ, ലഹരിമരുന്നുകളാൽ തലമുറകൾ നശിക്കുന്നത് തുടങ്ങി അനേക സംഗതികളുണ്ട്. ഇവയെല്ലാം കണ്ടുകൊണ്ട് നിസ്സംഗതരായിരിപ്പാനല്ല ദൈവം നമ്മേ സൃഷ്ടിച്ചത്. നമ്മാൽ ആവോളം ഇവകൾക്കെല്ലാം ഒരു പ്രതിവിധി ഉണ്ടാകേണ്ടതിനായി പ്രവർത്തിക്കണം. പ്രവർത്തിക്കുന്നതിനു മുമ്പ് ഒരു ഒരുക്കമുണ്ട്. കൃഷിക്കാരൻ നിലം ഒരുക്കിയിട്ടാണ് കൃഷി ചെയ്യുന്നത്. നിലം ഒരുക്കാൻ സാമഗ്രികൾ വേണം. അതുപോലെ നാടിന്റെ മ്ളേച്ഛതകൾക്കെതിരെ പോരാടാൻ ഒരു ഒരുക്കം അത്യാവശ്യമാണ്. നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല ഫലം തരുന്ന ദൈവമാണ് വലുത്. അവനിൽ ആശ്രയിച്ചുകൊണ്ട് മുന്നേറുന്നവർ വിജയം പ്രാപിക്കുമെന്നത് സത്യമല്ലയോ?

ഒരു ദൈവഭക്തനായിരിക്കുക എന്നതു മഹാഭാഗ്യമാണ്. ബിലെയാം പ്രാർത്ഥിച്ചു: “ഒരു ഭക്തൻ മരിക്കുന്നതുപോലെ മരിക്കണം” എന്ന്. ദൈവഭക്തന്മാർക്ക് വിശേഷത ഉണ്ടെന്നുള്ള സത്യം ഈയിടെ മരിച്ചുപോയ ഉന്നത രാഷ്ട്രീയ നിലവാരം പുലർത്തിയ എം.എം. ലോറൻസിന്റെ മൃതദേഹത്തിനരികെ നടന്ന സംഭവങ്ങൾ അനേകർ കണ്ടുവല്ലോ. ദൈവമില്ലായെന്ന മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു. ലോകത്തിൽ എത്ര ശ്രേഷ്ഠനായിരുന്നാലും ദൈവമില്ലാത്തവൻ മൂഢൻ തന്നെ. എന്തുകൊണ്ട് മനുഷ്യർ അത് മനസ്സിലാക്കുന്നില്ല. ജാതിയും മതവുമില്ലാത്തവനാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനി.



ലേഖിക

ക്രിസ്തുവിനെ അനുകരിക്കുന്നവൻ ക്രിസ്ത്യാനിയാണ്. ജാതിയില്ല, ഉയർന്നവൻ, താഴ്ന്നവനില്ല. സകലർക്കും വേണ്ടി ദൈവം തമ്പുരാൻ യേശുക്രിസ്തുവിനു മനുഷ്യാവതാരം കൊടുത്ത് ഈ ഭൂമിയിലേക്കയച്ചു. അവനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. അങ്ങനെയുള്ള ഭക്തന്മാരുടെ പ്രാർത്ഥനകൾ ദൈവം കേൾക്കും. മറുപടി നല്കും. നിശ്ചയമാണ്. ഭക്തന്മാരുടെ നിലവിളി കേട്ട് ഉത്തരമരുളുന്ന ഒരു നല്ല ദൈവം നമുക്കുണ്ട്. ‘അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു’ എന്നു നാം ബൈബിളിൽ വായിക്കുന്നു. നമ്മുടെ ദൈവം കരുണയും ദയയുമുള്ളവനാണ്. മനസ്സലിവുള്ളവനാണ്. നമുക്ക് അവന്റെ അടുത്തേക്ക് ഓടിച്ചെല്ലാം.

ഭക്തന്റെ നിലവിളി അഥവാ നിലവിട്ടിട്ടുള്ള വിളിയിൽ ദൈവം കനിയും. നിലവിളി ഒരു ബലഹീനതയായി കരുതുന്നവരുണ്ട്. പുരുഷന്മാർ നിലവിളിക്കുകയോ, സ്ത്രീകളല്ലയോ കരയുന്നത്. അല്ലേ അല്ല. നല്ല ഹൃദയമുള്ളവർ നിലവിളിക്കും. ഹിസ്കിയാവ് എന്ന യിസ്രായേൽ രാജാവ് മരിക്കുമെന്ന പ്രവാചക ശബ്ദത്തിങ്കൽ ദൈവസന്നിധിയിൽ നിലവിളിച്ചു പ്രാർത്ഥിച്ചു. രാജാവ് പ്രവാചകനോട് അപേക്ഷിച്ചില്ല, ചുവരിന്റെ നേരെ മുഖം തിരിച്ചു സ്വർഗ്ഗീയ പിതാവിനോടപേക്ഷിച്ചു നിലവിളിച്ചു.

ഇന്നു നാം നിലവിളിക്കേണ്ട സമയം തന്നെയാണ്. നീ മരിക്കുമെന്നല്ല നൂറുകണക്കിന് ആളുകൾ മരിക്കുമെന്നു കേട്ടാൽ, ലോകത്തിനു വൻനാശനഷ്ടങ്ങൾ വരുന്നുവെന്നു കേട്ടാൽ, മുറിയിൽ കടന്നു രഹസ്യത്തിൽ കാണുന്ന പിതാവിനോട് നിലവിളിച്ചു പ്രാർത്ഥിക്കുക. ദൈവം പ്രവർത്തിക്കും. ഒട്ടും താമസിക്കരുത്. അമേരിക്കയെ നശിപ്പിക്കാൻ വെട്ടുക്കിളിയെപ്പോലെ അനധികൃതമായി കയറിവരുന്നതു നിങ്ങൾ അറിയുന്നില്ലയോ? അന്ധകാരശക്തി അമേരിക്കയെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നതു കാണുന്നില്ലയോ? ഗേ വർദ്ധിക്കുന്നു, ലെസ്പിയൻ കൂടിക്കൂടി വരുന്നു. ഭ്രൂണഹത്യക്ക് അനുവാദം ലഭിക്കുന്നു. കഷ്ടം!

കുഞ്ഞു കരഞ്ഞാൽ അമ്മ വെറുതെയിരിക്കുമോ? പാൽ കൊടുക്കുമല്ലോ. തന്റെ ഭക്തന്മാർ കരഞ്ഞാൽ ദൈവം മറുപടി നല്കുക തന്നെ ചെയ്യും. ഹിസ്കിയാവിന്റെ ആയുസ്സ് ദൈവം നീട്ടിക്കൊടുത്തു. മനസ്സലിവുള്ള ദൈവം നമ്മുടെയും നിലവിളി കേൾക്കും. മിൽട്ടൻ എന്ന കൊടുങ്കാറ്റടിച്ചു നാശനഷ്ടമുണ്ടായി എന്നത് ശരിയാണ്. എന്നാൽ, അതിന്റെ ശക്തി കുറഞ്ഞതിന്റെ രഹസ്യമെന്തെന്നറിയാമോ? അനേകർ ഉപവാസത്തോടെ നിലവിളിക്കുകയായിരുന്നു. ദൈവം ഇത്രത്തോളം കാത്തു. ദൈവപുത്രനായ യേശു നിലവിളിച്ചില്ലയോ?

യഹൂദജാതിയെ മുഴുവൻ നശിപ്പിക്കാൻ രേഖ എഴുതിയതു ഹാമാൻ മൂലം അഹശ്വരേശ് രാജാവാണ്. ആ രേഖ മാറ്റിയെഴുതുവാൻ ഒരു ദൈവഭക്തന്റെ നിലവിളിക്കു സാധിച്ചു. മൊർദേഖായി ഉപവസിച്ചു പ്രാർത്ഥിച്ചു, ഉറക്കെ നിലവിളിച്ചു. ദൈവം പ്രാർത്ഥന കേട്ടുവെന്നു മാത്രമല്ല അവർക്കെതിരായി പോരാടിയ ശത്രുവിനെ തകർത്തുകളഞ്ഞു. രോഗം വന്നിട്ടു കരയും എന്നാൽ, രോഗം (ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.08 |
| യൂറോ | 91.22 |
| സ്റ്റെർലിംഗ്പൗണ്ട് | 109.53 |
| സ്വിസ് ഫ്രാങ്ക് | 97.30 |
| സിംഗപ്പൂർ ഡോളർ | 64.05 |
| കനേഡിയൻ ഡോളർ | 60.84 |
| ഒമാൻ റിയാൽ | 218.40 |
| ബഹ്റൈൻ ദിനാർ | 223.01 |
| സൗദി റിയാൽ | 22.39 |
| യു.എ.ഇ. ദിർഹം | 22.89 |
| കുവൈത്ത് ദിനാർ | 274.43 |

# ഡോ. എം.എസ്.ടി നമ്പൂതിരിയുടെ വിയോഗത്തിൽ കേരളാ ലിറ്ററി സൊസൈറ്റി അനുശോചിച്ചു

**മാർട്ടിൻ വിലങ്ങോലിൽ**

ഡാളസ്: അമേരിക്കയിലെ മലയാള സാഹിത്യത്തിലെ ഉന്നത വ്യക്തിത്വമായിരുന്ന ഡോ. എം.എസ്.ടി നമ്പൂതിരിയുടെ നിര്യാണത്തിൽ കേരളാ ലിറ്ററി സൊസൈറ്റി ഡാളസിന്റെ പ്രവർത്തക സമിതിയും അംഗങ്ങളും അനുശോചനം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ വിയോഗം മലയാളി സമൂഹത്തിലും അദ്ദേഹത്തിന്റെ ജീവിതം സ്പർശിച്ച അനേകരുടെ ഹൃദയങ്ങളിലും അഗാധമായ ശൂന്യത അവശേഷിപ്പിക്കുന്നു എന്നത് സ്മരണീയം.



കേരളാ ലിറ്ററി സൊസൈറ്റിയുടെയും യുഎസ്എയിലെ വിവിധ സാഹിത്യ സംഘടനകളുടെയും മുൻകാല പ്രസിഡണ്ടായിരുന്ന ഡോ. നമ്പൂതിരി, മലയാള സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും ഉന്നമനത്തിനായി തന്റെ ജീവിതം സമർപ്പിച്ചു. മലയാള സാഹിത്യത്തോടുള്ള തന്റെ അഭിനിവേശവും പ്രതിബദ്ധതയും കൊണ്ട് അദ്ദേഹം നമ്മുടെ സമൂഹത്തിലെ എഴുത്തുകാരെയും വായനക്കാരെയും ഒരുപോലെ പ്രചോദിപ്പിച്ചു. സാഹിത്യ സൃഷ്ടികൾക്കു പുറമെ ഡാളസ് മോണിംഗ് ന്യൂസ് ദിനപത്രത്തിലെ ‘ലെറ്റർ ടു ദി എഡിറ്റർ’ എന്ന കോളത്തിൽ സമകാലിക സംഭവങ്ങളെ വിമർശിക്കുന്ന സ്ഥിരം പംക്തി എം.എസ്.ടി കൈകാര്യം ചെയ്തിരുന്നു.

ഡോ. നമ്പൂതിരിയുടെ കൃതികൾ മനുഷ്യന്റെ വികാരങ്ങളെയും അനുഭവങ്ങളെയും കുറിച്ചുള്ള ആഴത്തിലുള്ള ധാരണയെ പ്രതിഫലിപ്പിക്കുന്നു. അദ്ദേഹം വെറുമൊരു എഴുത്തുകാരനായിരുന്നില്ല. മറിച്ച് ഒരു ദാർശനികനായിരുന്നുവെന്ന് പ്രസിഡണ്ട് ഷാജു ജോൺ ആദരപൂർവം സ്മരിച്ചു.

കെഎൽഎസിലെ എഴുത്തുകാരിൽ പലർക്കും അദ്ദേഹം ഒരു ഉപദേഷ്ടാവും മാർഗദർശിയും വഴികാട്ടിയുമായിരുന്നു. നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും സൗന്ദര്യവും ആഴവും നമ്മെ ഓർമ്മിപ്പിക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ വാക്കുകൾ നമ്മുടെ ഹൃദയത്തിലും മനസ്സിലും എന്നേയ്ക്കും പ്രതിദ്ധ്വനിച്ചുകൊണ്ടേയിരിക്കും.

അദ്ദേഹത്തിന്റെ കുടുംബത്തിനും പ്രിയപ്പെട്ടവർക്കും കെഎൽഎസ് അഗാധമായ അനുശോചനം രേഖപ്പെടുത്തി.



# തെരഞ്ഞെടുപ്പിൽ ജനപ്പെരുപ്പവും ഒരു പ്രധാന വിഷയമാണ്

**രാജു തരകൻ**

നവംബർ മാസം നടക്കുന്ന അമേരിക്കൻ പ്രസിഡണ്ട് പദവിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഡോണൾഡ് ട്രംപും കമല ഹാരിസുമാണ് സ്ഥാനാർത്ഥികൾ. ഇലക്ഷന് മുമ്പ് നടക്കുന്ന സംവാദങ്ങളിൽ ഗർഭച്ഛിദ്രം അഥവാ ജനപ്പെരുപ്പത്തെ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നത് ഒരു പ്രധാന ചർച്ചാവിഷയമാണ്.

ഇവിടെ ട്രംപ് ക്രൈസ്തവ വിശ്വാസിയാണ് എന്ന കാരണത്താൽ ഭൂരിഭാഗം ക്രിസ്ത്യാനികളും ട്രംപ് വിജയിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഗർഭച്ഛിദ്രം പാപമാണെന്നും അതിനെ അനുകൂലിക്കുന്ന നിലപാട് തനിക്കില്ലെന്നുമാണ് ട്രംപിന്റെ സംവാദങ്ങളിൽ മുഴങ്ങിക്കേട്ട ശബ്ദം.

കമല ഹാരിസിന് ഈ വിഷയത്തിൽ വ്യത്യസ്ത നിലപാടാണുള്ളത്. ഗർഭച്ഛിദ്രം നടത്തുന്നതിനുള്ള തീരുമാനം സ്ത്രീകൾക്ക് വിട്ടുകൊടുക്കുക. പ്രത്യുത അത് ട്രംപോ സർക്കാരോ അല്ല തീരുമാനിക്കേണ്ടത് എന്നതാണ് കമല ഹാരിസിന്റെ അഭിപ്രായം.

മനുഷ്യജീവിതത്തിൽ തെരഞ്ഞെടുപ്പ് ഒരു പ്രധാന ഘടകമാണ്. മഹാപുരോഹിതന്മാരും മൂപ്പന്മാരും യാതൊരു തെറ്റും ചെയ്യാത്ത യേശുകർത്താവിന്മേൽ കുറ്റം ആരോപിച്ച് പീലാത്തോസിന്റെ മുന്നിൽ ഹാജരാക്കിയപ്പോൾ പീലാത്തോസ് അവരോട് ചോദിക്കുകയാണ് യഹൂദന്മാരുടെ രാജാവ് എന്ന് നിങ്ങൾ പറയുന്നവനെ ഞാൻ എന്തു ചെയ്യണം? അവനെ ക്രൂശിക്ക എന്നതായിരുന്നു അവരുടെ മറുപടി.

പീലാത്തോസ് പുരുഷാരത്തിന് തൃപ്തി വരുത്തുവാൻ ഇച്ഛിച്ച് ബറബ്ബാസിനെ അവർക്ക് വിട്ടുകൊടുത്തു. യേശുവിനെ ചെമ്മട്ടികൊണ്ട് അടിപ്പിച്ചു ക്രൂശിക്കുവാൻ ഏല്പിച്ചു (മർക്കോസ് 15-ന്റെ 12 മുതൽ 15 വരെയുള്ള വാക്യങ്ങൾ). പെന്തെക്കോസ്ത് വിശ്വാസികളായ പലരും മറ്റുള്ളവരെ തൃപ്തിപ്പെടുത്തുന്നതിനായി കർത്താവിനെ വ്യത്യസ്ത രീതിയിൽ ക്രൂശിക്കയാണ്. ഒരു വിഭാഗം ധനസമ്പാദനത്തിനായി ക്രൂശിക്കുമ്പോൾ മറ്റൊരു വിഭാഗം അധികാരത്തിനും സ്ഥാനമാനത്തിനുമായി കർത്താവിനെ ക്രൂശിക്കുകയാണ്. പെന്തെക്കോസ്ത് സഭകളിൽ ഒരു വിശ്വാസി തെറ്റ് ചെയ്താൽ അത് തെറ്റാണെന്ന് പറയുവാനുള്ള ആർജ്ജവം സഭാശുശ്രൂഷകർക്ക് ഉണ്ടായിരിക്കണം. ഇന്നുള്ള ഭൂരിപക്ഷം പാസ്റ്റർമാരും മൗനം ദീക്ഷിക്കുകയാണ് പതിവ്. നിലനില്പിന്റെ പ്രശ്നം കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. നമ്മെ വിളിച്ച ദൈവം വിശ്വസ്തനാണ്. അനുദിന ജീവിതത്തിൽ നമ്മെ ഭരിക്കുന്ന സകല ചിന്താഭാരങ്ങളും ദൈവത്തിൽ സമർപ്പിക്കുക. അപ്പോഴാണ് ദൈവപ്രവൃത്തി വെളിപ്പെടുന്നത്. നിത്യതയായിരിക്കണം നമ്മുടെ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യം. നിത്യത നഷ്ടപ്പെടുത്തുന്ന യാതൊരു വിഷയത്തിലും മനസ്സ് അടിമപ്പെടാതെ സൂക്ഷിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയജീവിതം.

ഇഹലോക ജീവിതത്തിൽ ഭരണകർത്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അവിടെയും നാം ദൈവഹിതമാണ് അന്വേഷിക്കേണ്ടത്. ദൈവത്തിൽ വിശ്വാസം ഉള്ളവരെയാണ് നാം ഭരണകർത്താക്കളായി തെരഞ്ഞെടുക്കേണ്ടത്. തെരഞ്ഞെടുപ്പിൽ ഭ്രൂണഹത്യയും ഒരു ചർച്ചാവിഷയമായ ഈ കാലഘട്ടത്തിൽ തിരുവചനം എന്താണ് അനുശാസിക്കുന്നത്?

ദൈവം നോഹയേയും ഇവന്റെ പുത്രന്മാരെയും അനുഗ്രഹിച്ച് അവരോട് അരുളിച്ചെയ്തതെന്തെന്നാൽ, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ (ഉല്പത്തി 9ന്റെ1). ആദമിന്റെ ആയുഷ്ക്കാലം ആകെ 930 സംവത്സരമായിരുന്നു. പിന്നെ അവൻ മരിച്ചു. (ഉല്പത്തി 5-ന്റെ 5). 90-ാം സങ്കീർത്തനത്തിൽ മോശ മനുഷ്യായുസ്സി



ലേഖകൻ

നെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, മനുഷ്യന്റെ ആയുഷ്ക്കാലം എഴുപത് സംവത്സരം, ഏറെ ആയാൽ എൺപത് സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രെ.

ഏദൻ തോട്ടത്തിൽ ദൈവം സൃഷ്ടിച്ച് ആക്കിയ ആദവും ഹവ്വായും ദൈവത്തിന്റെ കല്പന ലംഘിച്ചതിന്റെ ഫലമായി പാപികളായിത്തീർന്നു. അതോടൊപ്പം ഭൂമി ശപിക്കപ്പെടുകയും മനുഷ്യന്റെ കഷ്ടതയുടെ തുടക്കം കുറിക്കുകയും ചെയ്തു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നതു കൊണ്ടാണ് ദൈവം മനുഷ്യന് തുണയെ കൊടുത്തത്. ദൈവം തരുന്ന ദാനമാണ് മക്കൾ. മക്കൾ എത്രയാകാമെന്ന തീരുമാനം ഭാര്യാഭർത്താക്കന്മാരിൽ നിക്ഷിപ്തമാണ്.

പെന്തെക്കോസ്ത് സഭകളിൽ സഭാശുശ്രൂഷക്കാരെ തെരഞ്ഞെടുക്കുമ്പോൾ കമ്മിറ്റിയിലെ ഒരു പ്രധാന ചർച്ചാവിഷയമാണ് ഇനി വരാൻ പോകുന്ന പാസ്റ്ററിന് എത്ര മക്കൾ ഉണ്ടെന്നുള്ള ചോദ്യം. ഭ്രൂണഹത്യ പാപമാണെന്നുള്ള ചിന്തയോടു കൂടി ഈ ലേഖനത്തിന് സമാപ്തി കുറിക്കുന്നു.

# കുട്ടികളുടെ വിവാഹനിശ്ചയം തടയാനും നിയമം വേണം: സുപ്രീംകോടതി

ന്യൂഡൽഹി: കുട്ടികളുടെ വിവാഹം മാത്രമല്ല, വിവാഹ നിശ്ചയം നടത്തുന്നത് തടയാനും നിയമമുണ്ടാക്കുന്നത് പാർലമെന്റ് പരിഗണിക്കണമെന്ന് സുപ്രീംകോടതി. ശൈശവവിവാഹനിരോധനനിയമത്തിലെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാനായി കുട്ടികളുടെ വിവാഹനിശ്ചയം നടത്തുന്ന പ്രവണത ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഇക്കാര്യം സർക്കാരിനോട് അഭ്യർത്ഥിച്ചത്.

ഇഷ്ടമുള്ള പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള അവകാശമാണ് പ്രായപൂർത്തിയാകുംമുൻപ് കുട്ടികൾക്ക് നിഷേധിക്കപ്പെടുന്നതെന്നും കോടതി പറഞ്ഞു.

അതേസമയം, ശൈശവവിവാഹ നിരോധനനിയമം അതിന് അനുമതി നൽകുന്ന വ്യക്തിനിയമങ്ങളെക്കാൾ മുകളിലാണെന്ന് പ്രഖ്യാപിക്കാൻ കേന്ദ്രം ആവശ്യപ്പെട്ടെങ്കിലും സുപ്രീംകോടതി തയ്യാറായില്ല. വ്യക്തിനിയമങ്ങളെ മറികടക്കുംവിധം 2006-ലെ ശൈശവവിവാഹ നിരോധനനിയമത്തിൽ ഭേദഗതി വരുത്താനുള്ള ബില്ല് പാർലമെന്റിന്റെ പരിഗണനയിലാണെന്ന് ചൂണ്ടിക്കാട്ടിയാണ് ഇതുസംബന്ധിച്ച പ്രഖ്യാപനത്തിൽനിന്ന് സുപ്രീംകോടതി വിട്ടുനിന്നത്. ശൈശവവിവാഹ നിരോധന നിയമവും വ്യക്തിനിയമങ്ങളും ചേർന്നുവരുന്ന സാഹചര്യങ്ങൾ ആശയക്കുഴപ്പമുണ്ടാക്കുന്നതായി കോടതി നിരീക്ഷിച്ചു. കേസിൽ വാദം പൂർത്തിയായി വിധിപറയാൻ മാറ്റിയശേഷമാണ്, വ്യക്തിനിയമത്തെ ശൈശവവിവാഹ നിരോധനനിയമം മറികടക്കുമെന്ന് പ്രഖ്യാപിക്കാനാവശ്യപ്പെട്ട് കേന്ദ്രം കുറിപ്പ് നൽകിയത്. ഈ വിഷയത്തിൽ വിവിധ ഹൈക്കോടതിവിധികളിൽ വൈരുധ്യമുണ്ടെന്നും കേന്ദ്രം ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ, 2021 ഡിസംബറിൽ വ്യക്തിനിയമത്തെ മറികടക്കാനുള്ള ഭേദഗതിക്കായി സർക്കാർ പാർലമെന്റിൽ ബില്ലവതരിപ്പിച്ച് സ്റ്റാൻഡിങ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണെന്ന് സുപ്രീംകോടതി പറഞ്ഞു.

ശൈശവവിവാഹ നിരോധനം ഫലപ്രദമായി നടപ്പാക്കണമെന്നുകാട്ടി ഈ രംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ എൻലൈറ്റൻമെന്റ് ആൻഡ് വൊളന്ററി ആക്ഷൻ എന്ന സംഘടന നൽകിയ ഹർജിയിലാണ് വിധിപറഞ്ഞത്. ശൈശവവിവാഹം തടയാനും ഇതിന് ഇരകളായ കുട്ടികളുടെ പുനരധിവാസം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ നിർദേശങ്ങളും വിധിയിലുണ്ട്.

## ആത്മരോദനം

(18-ാം പേജിൽനിന്നും)

ഇന്നത്തെ എന്റെ അവസ്ഥ വളരെ ദയനീയമാണ്. എന്റെ അഹങ്കാരമായിരുന്ന ഇലകളെല്ലാം പൊഴിഞ്ഞുപോയി. ചുട്ടുപൊള്ളുന്ന വെയിലത്ത് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവനായി ശിഖരങ്ങളും പ്രധാന തടിയും ഉണങ്ങാൻ തുടങ്ങിയിരിക്കുന്നു.

ഇല പൊഴിഞ്ഞതിലും ഉണങ്ങിയതിലുമുള്ള എന്റെ സങ്കടമെല്ലാം ആ ഒരു നിമിഷംകൊണ്ട് പമ്പകടന്നു. കാരണം എന്റെ ശരിക്കുള്ള അവസ്ഥ ഇപ്പോൾ എനിക്ക് മനസ്സിലായി. സത്യത്തിൽ ദൈവകൃപ കൊണ്ടാണ് അന്ന് എനിക്ക് ആ കഴിവും അംഗീകാരങ്ങളും അനുഗ്രഹങ്ങളും കിട്ടിയിരുന്നത് എന്ന് എനിക്ക് അറിയില്ലായിരുന്നു.

അങ്ങനെ ചിന്തിച്ചു ഞാൻ നിൽക്കുന്ന നേരം. മുന്നോട്ടു നടന്ന അദ്ദേഹം തലപൊക്കി എന്നെ ഒന്നു തിരിഞ്ഞുനോക്കി. എന്നിട്ടൊന്നും മിണ്ടാതെ കടന്നുപോയി. ആ നോട്ടം...! അതു മാത്രം മതിയായിരുന്നു കൊഴിഞ്ഞുപോയ ഓരോ ഇലകളും എന്റെ ഹൃദയത്തിൽ വീണ്ടും കിളിർത്തു തളിർക്കാൻ...!



# HUMAN RIGHTS VIOLATIONS IN WARS

Human rights violations during wars have been a recurring tragedy throughout history, casting a long shadow over humanity. In the chaos of armed conflict, the most fundamental rights of individuals—such as the right to life, liberty, and security—are often brutally trampled. These violations manifest in various forms, from mass atrocities and war crimes to systemic abuses and deprivation of basic needs. The consequences of such acts ripple across generations, leaving deep scars on both individuals and societies. Addressing these violations is a multifaceted challenge that demands a comprehensive approach encompassing prevention, accountability, and restoration. This essay will delve into the nature of human rights violations during wars, their far-reaching impacts, and the remedies that can help heal the wounds of conflict.

**Historical Context of Human Rights Violations in Wars**

Throughout the annals of history, wars have been synonymous with human rights violations. From ancient conflicts to modern-day warfare, the brutality of war has often led to the systematic abuse of civilians and combatants alike.

Historical records are replete with instances of massacres, genocides, forced migrations, and other atrocities. For example, the Thirty Years' War in the 17th century saw widespread devastation and loss of life, while World War II witnessed the Holocaust and other horrific crimes against humanity. These historical events underscore the persistent and pervasive nature of human rights violations in wartime, highlighting the urgent need for robust mechanisms to protect vulnerable populations.

The principles of international humanitarian law (IHL) began to take shape in the mid-19th century, culminating in the adoption of the Geneva Conventions. These conventions sought to establish rules for the humane treatment of individuals during armed conflicts, aiming to mitigate the horrors of war. Despite these legal frameworks, enforcement has often been inconsistent, and violations continue to occur with alarming frequency.

**Specific Violations Observed in Recent Conflicts**

Recent conflicts around the world have continued to demonstrate the tragic reality of human rights violations in war. In Syria, the ongoing civil war has resulted in widespread atrocities, including the use of chemical weapons, targeted attacks on civilians, and the forced displacement of millions. In Yemen, the war has led to a catastrophic humanitarian crisis, with countless civilians suffering from famine, disease, and violence. The conflict in Tigray, Ethiopia, has also seen reports of mass killings, sexual violence, and other grave abuses.

In addition to these large-scale conflicts, smaller-scale skirmishes and insurgencies also bring about significant human rights violations. The use of landmines and improvised explosive devices (IEDs) poses a constant threat to civilians in conflict zones. Child soldiers are recruited and forced to participate in hostilities, robbing them of their childhood and exposing them to unimaginable horrors. These specific violations highlight the need for a concerted global effort to protect human rights during times of war.

**Short-Term and Long-Term Consequences**

The consequences of human rights violations during wars can be devastating, with impacts felt both immediately and for generations to come.

**Short-Term Consequences**

The immediate effects of violence, such as injuries, disabilities, and death, are often compounded by psychological trauma. Survivors may experience PTSD, depression, and anxiety, affecting their ability to function and rebuild their lives.

Conflict often forces people to flee their homes, leading to large-scale displacement. Refugees and internally displaced persons (IDPs) face precarious living conditions, lack of access to basic services, and vulnerability to further abuse.

Wars frequently result in the destruction of vital infrastructure, including homes, schools, hospitals, and water supplies. This devastation hampers immediate recovery efforts and exacerbates humanitarian crises.

**Long-Term Consequences**

The psychological effects of war can be passed down through generations, affecting not only those who directly experienced the conflict but also their descendants. This intergenerational trauma can hinder social cohesion and development. Wars often lead to economic decline, as infrastructure destruction, loss of workforce, and instability discourage investment and economic activity. Rebuilding efforts require significant resources and time.

The aftermath of war can lead to prolonged periods of social and political instability. Grievances and unresolved issues from the conflict can fuel further violence and impede efforts towards peace and reconciliation.

**International Legal Framework and Enforcement Mechanisms**

International Legal Framework and Enforcement Mechanisms to Combat Human Rights Violations During War The international community has developed a robust set of legal frameworks and enforcement mechanisms designed to prevent, address, and redress human rights violations during armed conflicts. These mechanisms aim to protect civilians, ensure accountability for perpetrators, and provide remedies for victims.

**Geneva Conventions and Additional Protocols**

The Geneva Conventions, adopted in 1949, along with their Additional Protocols, are the cornerstone of international humanitarian law (IHL). They establish legal standards for the humanitarian treatment of individuals during war.

Key provisions include Protection of Civilians: Parties to a conflict must distinguish between combatants and non-combatants, avoiding attacks on civilian populations and infrastructure. Another provision is the Treatment of Prisoners of War. Captured combatants must be treated humanely, with protections against torture and degrading treatment. Next one is Care for the Wounded and Sick Both combatants and civilians who are wounded or sick must be cared for without discrimination.

**International Criminal Court (ICC)**

The ICC, established by the Rome Statute in 1998, is a permanent international court responsible for prosecuting individuals for genocide, war crimes, crimes against humanity, and the crime of aggression. The ICC's mandate includes:

Jurisdiction: The ICC can prosecute crimes committed by nationals of member states or on the territory of member states.

Accountability: By holding perpetrators accountable, the ICC aims to deter future violations and provide justice for victims.

Complementarity: The ICC operates on the principle of complementarity, meaning it will only intervene if national courts are unwilling or unable to prosecute.

Various UN bodies play critical roles in monitoring, reporting, and addressing human rights violations during conflicts:

Human Rights Council (HRC): The HRC investigates human rights abuses and makes recommendations for action. It can establish independent fact-finding missions and commissions of inquiry.

Office of the High Commissioner for Human Rights (OHCHR): The OHCHR provides technical assistance to states, monitors human rights situations, and supports the work of human rights mechanisms.

Special Procedures: Independent experts appointed by the HRC investigate specific human rights issues and report their findings.

**Customary International Law**

Customary international law, derived from consistent and general practice accepted as law, also plays a vital role in protecting human rights during conflicts. Key principles include:

Non-derogable Rights: Certain rights, such as the right to life and the prohibition of torture, cannot be suspended even during emergencies.

Universal Jurisdiction: States may prosecute individuals for serious violations of international law regardless of where the crimes were committed.

**Regional Human Rights Systems**

Regional human rights syste-ms, such as the European Court of Human Rights (ECHR) and the Inter-American Court of Human Rights (IACHR), provide additional avenues for addressing violations:

European Convention on Hu-man Rights: The ECHR can hear cases brought by individuals or states alleging violations of the Convention.

American Convention on Hu-man Rights: The IACHR oversees compliance with the Convention and can issue binding judgments.

**Challenges and Future Directions**

Despite these frameworks, challenges remain in effectively preventing and addressing human rights violations. These include issues of state sovereignty, political will, and resource constraints. Moving forward, strengthening international cooperation, enhancing the capacity of national judicial systems, and increasing support for victims are essential steps towards ensuring greater accountability and justice.

**United Nations Human Rights Mechanisms**

Various UN bodies, such as the Human Rights Council and the Office of the High Commissioner for Human Rights (OHCHR), play crucial roles in monitoring and addressing human rights violations. These mechanisms can investigate abuses, provide recommendations, and support efforts to strengthen national human rights institutions.

# SEEKING BRIDEGROOM

*Christian Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecos-

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# SEEKING BRIDE

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

# SEEKING BRIDEGROOM CONTD.....

tal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## ആലീസ് ജെയിംസ്

**എസ്.എച്ച്.മൗണ്ട്:** മുരിങ്ങോത്ത് റിട്ട. മുൻസിഫ് ജെയിംസ് തോമസിന്റെ ഭാര്യ ആലീസ് ജെയിംസ് (88) അന്തരിച്ചു. എസ്.എച്ച് മൗണ്ട് കൊപ്പുഴയിൽ കുടുംബാംഗമാണ്. മക്കൾ: ഷിബു ജെയിംസ്, ബെറ്റ്സി, നാൻസി (ഇരുവരും യുഎസ്), പരേതയായ ഷേർലി, ജോണിക്കുട്ടി (യുഎസ്). മരുമക്കൾ: ലൂക്കോസ് തെക്കേപ്പറമ്പിൽ പാച്ചിറ (യുഎസ്), പരേതനായ തോമസ് പാഴൂക്കുന്നേൽ (സംക്രാന്തി), ഗേളി ഷിബു മാക്കീൽ (മാഞ്ഞൂർ),ടോമി ഇല്ലിക്കാട്ടിൽ (മാറിക).

## പി.എം. ഏബ്രഹാം

**പൊൻകുന്നം:** നരിയനാനി പൂവത്താനി പി.എം. ഏബ്രഹാം (അവറാച്ചൻ-78) അന്തരിച്ചു. ഭാര്യ: മുട്ടുചിറ മുരിക്കൻ പരേതയായ ലില്ലിക്കുട്ടി ഏബ്രഹാം. മക്കൾ: അലീന ഷിബു, മാത്യു ഏബ്രഹാം (യുഎസ്), ജോഷ്വ ഏബ്രഹാം. മരുമക്കൾ: ഷിബു ഏബ്രഹാം മണിക്കത്താൻ (യുഎസ്), ലേഖ മാത്യു വെള്ളൂക്കുന്നേൽ പരവൻപറമ്പിൽ തീക്കോയി (യുഎസ്), റോസി തോമസ് പാലാക്കുന്നേൽ (മാമ്മൂട്).

**തണ്ണീർമുക്കം:** ചേർത്തല ബാർ അസോസിയേഷൻ മുൻ പ്രസിഡണ്ട് കോക്കമംഗലം ചേന്നോത്ത് കക്കാട്ടുചിറയിൽ അഡ്വ. ജോസ് സിറിയക് (61) അന്തരിച്ചു.

## ആനി വർക്കി

**കോലഞ്ചേരി:** കോതമംഗലം പൂക്കുന്നേൽ ജിമ്മി ജോസഫിന്റെ (റിട്ട. ഓഫീസർ, ന്യൂ ഇന്ത്യ എക്സ്പ്രസ്) ഭാര്യ കോലഞ്ചേരി സെ. പീറ്റേഴ്സ് കോളജ് ബോട്ടണി വകുപ്പ് മുൻ മേധാവി ആനി വർക്കി (68) അന്തരിച്ചു. മക്കൾ: ദീപക് ജിമ്മി, (യുഎസ്), എബി ജിമ്മി. മരുമകൾ: ടാന്യ ദീപക് (അസി. പ്രഫ. കാലിഫോർണിയ യൂണിവേഴ്സിറ്റി).

**കൈനടി:** തോട്ടുകടവിൽ (ഒതളത്തിനാടിച്ചിറ) മറിയാമ്മ ചാക്കോ (ചാച്ചിക്കുട്ടി-82) അന്തരിച്ചു.

**കങ്ങഴ:** പാടത്തുമാപ്പിള കുടുംബാംഗം ഇരവികുളങ്ങര റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ ഇ.എ. ചാക്കോ (കുഞ്ഞൂഞ്ഞപ്പൻ -87) അന്തരിച്ചു.

**തൊടുപുഴ:** എടപ്പാൾ ഹോസ്പിറ്റൽ സീനിയർ പീഡിയാട്രീഷൻ നടയ്ക്കൽ ഡോ. റിയാസ് പി. കാസിം (53)അന്തരിച്ചു.

**കുറിച്ചി:** മാമ്പുഴക്കരി ആശാരിപറമ്പിൽ ദേവകിയമ്മ (89) അന്തരിച്ചു.

**കോട്ടയം:** തിരുനക്കര ശ്രീനിവാസ് അയ്യർ റോഡ് ഗോമതി വിലാസിൽ എച്ച്. രാമനാഥൻ (രാംജി-68) അന്തരിച്ചു.

**നൂറനാട്:** പടനിലം ഏലിയാസ് നഗർ ഭാഗ്യോദയത്തിൽ മേരിയമ്മ ജോർജ് (88) അന്തരിച്ചു.

## പ്രൊഫ. വി.ഡി. ജോസഫ്



**അറ്റ്ലാന്റ:** ടോം മക്കനാലിന്റെ ഭാര്യാപിതാവ് തലശേരി ബി.എഡ് കോളജ് റിട്ട. പ്രിൻസിപ്പൽ കണ്ണൂർ ശ്രീകണ്ഠപുരം വട്ടക്കാവുങ്കൽ പ്രൊഫ. വി.ഡി. ജോസഫ് (89) അന്തരിച്ചു. ഭാര്യ പരേതയായ സിസിലി ജോസഫ്. മക്കൾ: ബീന, (ജോസി, അജി, മിനി ടോം (അറ്റ്ലാന്റ), സൈജോ. മരുമക്കൾ: ഫ്രാൻസിസ്, സണ്ണി, ജോസ്, ടോം മക്കനാൽ, ജോബി. 48 വർഷമായി ശ്രീകണ്ഠപുരം എജ്യൂക്കേഷണൽ സൊസൈറ്റിയുടെയും ആർട്സ് കോളജിന്റെയും ഭരണസമിതി സെക്രട്ടറി, വൈസ് മെൻസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ, ശ്രീകണ്ഠപുരം ഓഫീസേഴ്സ് ക്ലബ് പ്രസിഡണ്ട്, സീനിയർ സിറ്റിസൺസ് ഫോറം ജില്ലാ പ്രസിഡണ്ട് തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിരുന്നു.

**കണ്ണൂർ:** അമലോത്ഭവമാതാവിന്റെ ഉർസുലൈൻ സന്യാസിനീ സഭാംഗം സിസ്റ്റർ ഡൊമിറ്റില്ല വട്ടക്കുന്നേൽ (85) അന്തരിച്ചു.

**കീഴുക്കുന്ന്:** കോട്ടയം സെ. ജോസഫ്സ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക കീഴുക്കുന്ന് തോട്ടത്തിൽ ലിസി വർഗീസ് (89) അന്തരിച്ചു.

## വി.കെ. സഖറിയ

**കോട്ടയം:** റിട്ട. ചീഫ് മറൈൻ എൻജിനീയർ (ഹോങ്കോംഗ്) ചിങ്ങവനം വലിയപറമ്പിൽ വി.കെ. സഖറിയ (86) അന്തരിച്ചു. ഭാര്യ: റാന്നി മുണ്ടുകോട്ടയ്ക്കൽ കുഞ്ഞൂഞ്ഞമ്മ സഖറിയ. മക്കൾ: നോജ് സഖറിയ, ജെ. സഖറിയ. മരുമക്കൾ: ലില്ലി കേളച്ചന്ദ്ര, ടീന പാടിക്കൽ (എല്ലാവരും യുഎസ്).

**രാജപുരം:** പാലംകല്ലിലെ ഈഴറാത്ത് അന്നമ്മ (88) അന്തരിച്ചു.

**കടുത്തുരുത്തി:** വെള്ളാശേരി നെയ്യത്തുംപറമ്പിൽ ഉലഹന്നാൻ ദേവസ്യ (കുഞ്ഞുഞ്ഞ്-95) അന്തരിച്ചു.

**കുര്യനാട്:** കൊച്ചുമലയിൽ പരേതനായ ജോണിന്റെയും ഏലിയാമ്മയുടെയും മകൻ ജോയി ജോൺ (58) അന്തരിച്ചു.

**കുറുപ്പന്തറ:** കുറുപ്പംപറമ്പിൽ ഫിലിപ് ഉലഹന്നാൻ (പീലി-90) അന്തരിച്ചു.

**വയലാ:** വില്ലമ്പേൽ അശ്വതി അനൂപ് (31) അന്തരിച്ചു.

## കെ.ടി. പോൾ

**ഇരിങ്ങാലക്കുട:** എയർ ഫോഴ്സിലെയും എയർ ഇന്ത്യയിലെയും മുൻ ഉദ്യോഗസ്ഥൻ താണിശേരി കുവ്വക്കാടൻ കെ.ടി. പോൾ (79) അന്തരിച്ചു. ഭാര്യ കണ്ടശാംകടവ് വടക്കേത്തല പൂവ്വത്തിങ്കൽ കുടുംബാംഗം മേരി (റിട്ട. അദ്ധ്യാപിക). മക്കൾ: ബോയ്സി (യുകെ), ജിഷ (യുഎസ്). മരുമക്കൾ: ബിനി, മനോജ്.

**കോട്ടയം:** വട്ടക്കുന്നേൽ പുളിക്കൽ (ഫ്ളാറ്റ് 1 സെഞ്ചറി ടവേഴ്സ് കോട്ടയം) പരേതനായ പി.കെ. ചാക്കോയുടെ ഭാര്യ കൊൽക്കത്ത ഗേൾസ് ഹൈസ്കൂൾ റിട്ട. ടീച്ചർ റെബേക്ക ചാക്കോ (ലീല-88) അന്തരിച്ചു.

**കോട്ടയം:** എം.ഡി. സെമിനാരി ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകനും പഴയസെമിനാരി ഓഫീസ് മുൻ മാനേജരുമായ പുത്തനങ്ങാടി ചക്കാലയിൽ സി.എ. ബേബി (84) അന്തരിച്ചു.

## ബിനോയ് തോമസ്



**ന്യൂയോർക്ക്:** കോട്ടയം പരിയാരം ഏലക്കാട്ട് കടമ്പനാട്ട് പരേതനായ ചാക്കോ തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകൻ ബിനോയ് സി. തോമസ് (48) ആൽബനിയിൽ അന്തരിച്ചു. ഭാര്യ: ആൻ തോമസ്. മകൻ: എയ്ഡൻ. സഹോദരി: പരേതയായ ലിൻഡ തോമസ്. പിതാവ് ചാക്കോ തോമസ് കഴിഞ്ഞ ജൂലൈ 15-നാണ് അന്തരിച്ചത്.

**കൂത്താട്ടുകുളം:** കൂത്താട്ടുകുളം ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ ഓകമറ്റത്തിൽ മാണി പീറ്റർ (85) അന്തരിച്ചു.

## എം.കെ. ഏബ്രഹാം


**കാനം:** മൈലക്കാട്ടായ മാലത്ത് എം.കെ. ഏബ്രഹാം (86) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ മല്ലപ്പള്ളി കൊറ്റക്കുടി പള്ളിക്കൽ പരേതയായ റെയ്ച്ചൽ ഏബ്രഹാം. മക്കൾ: ജോജി ഏബ്രഹാം, ജെസ്സൻ ഏബ്രഹാം. മരുമക്കൾ: ബിന്ദു, എലിസബത്ത്.

**സൗത്ത് പാമ്പാടി:** റിട്ട. അദ്ധ്യാപകൻ കുറ്റിക്കൽ കന്നുവെട്ടി കെ.പി. രാജപ്പൻ (72) അന്തരിച്ചു.

**കോട്ടയം:** കീഴുക്കുന്ന് താന്നിക്കൽ ടി.പി. ജോർജിന്റെ മകൻ ആഷിൻ ടി. ജോർജ് (31) ദുബായിൽ അന്തരിച്ചു.

**മോനിപ്പള്ളി:** തോട്ടുങ്കൽ മേരി പൈലി (81) അന്തരിച്ചു.

## കൂനംപ്ലാക്കൽ പോൾസൺ



**ഫ്ളോറിഡ:** തൃശൂർ ചീനികടവ് കൂനംപ്ലാക്കൽ പോൾസൺ (75) തൃശൂരിലെ കണ്ണായിൽ അന്തരിച്ചു. ഭാര്യ ലീല. മക്കൾ: ഡേവിഡ് (ഫ്ളോറിഡ), തോംസൺ (കാനഡ). മരുമക്കൾ: ജോയ്സ്, ബ്ലെസ്സി.

**വടവാതൂർ:** കാഞ്ഞിരത്തുംമൂട്ടിൽ പരേതനായ കെ.ജെ. ചാക്കോയുടെ മകൻ എംആർഎഫ് ഉദ്യോഗസ്ഥൻ കെ.സി. ഷാജി (53) അന്തരിച്ചു.

**കാഞ്ഞിരമറ്റം:** പന്തപ്ലാക്കൽ ജോസഫ് തോമസ് (സേവിച്ചൻ-63) അന്തരിച്ചു.

**അയർക്കുന്നം:** പുതിയിടത്ത് പി.ഒ. ഉലഹന്നാൻ (ഓനച്ചൻ-92) അന്തരിച്ചു.

**അരീപ്പറമ്പ്:** കണ്ടൻകാവ് പെരിയാർമറ്റത്തിലായ കാവുങ്കൽ കെ.സി. മാത്യു (പാപ്പച്ചൻ -78) അന്തരിച്ചു.

**പാലാ:** കൊച്ചിടപ്പാടി തെങ്ങുംപള്ളിൽ ടി.എം. ഏബ്രഹാം (ബേബി-76) അന്തരിച്ചു.

**മാൻവെട്ടം:** പോങ്ങാംചിറയിൽ ഐസക് വർക്കി (കുഞ്ഞ് -80) അന്തരിച്ചു.

## കുട്ടിയമ്മ തോമസ്

**മേലുകാവുമറ്റം:** ഓലിക്കൽ എം. തോമസിന്റെ ഭാര്യ കുട്ടിയമ്മ (78) അന്തരിച്ചു. ഭരണങ്ങാനം തറപ്പേൽ കുടുംബാംഗമാണ്. മക്കൾ: ജോജോ, ആൻസി, ജിജി (യുഎസ്), ജോഷി (യുകെ). മരുമക്കൾ: ആൻസമ്മ തെക്കെമുലമുണ്ടയിൽ (കൊഴുവനാൽ), അപ്പച്ചൻ വെട്ടിക്കാട്ടിൽ (തൊടുപുഴ), ബെൻസി ഗോൾസ്ഹിൽ (പൊൻകുന്നം), ഷൈനി തുരുത്തിപ്പിള്ളിൽ (നെയ്ശേരി).

**കോട്ടയം:** കളത്തിപടി പാറേക്കുളത്ത് ആണ്ടമ്മ ജോർജ് (91) അന്തരിച്ചു.

**കൊഴുവനാൽ:** പെരുമണ്ണിൽ പി.ജെ. ജോസഫ് (കുഞ്ഞേപ്പ്-89) അന്തരിച്ചു.

**ചേർപ്പുങ്കൽ:** കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി റിട്ട. ഉദ്യോഗസ്ഥ കട്ടക്കയം കെ.പി. മേരി (77) അന്തരിച്ചു.

**മേൽപാടം:** റിട്ട. ഓണററി ക്യാപ്റ്റൻകോട്ടയിൽ നിരണത്തുപുരയ്ക്കൽ എൻ.സി. ജോൺ (തമ്പാൻ-88) അന്തരിച്ചു.

**മേലുകാവുമറ്റം:** വെള്ളറ പിണക്കാട്ട് പരേതനായ ചാക്കോയുടെ ഭാര്യ ഏലിയാമ്മ (കുട്ടിയമ്മ-87) അന്തരിച്ചു.

## സാറാമ്മ ചാക്കോ

**പേരൂർ:** ചേപ്പാട് നാടാവള്ളിൽ തിക്കമ്പിൽ ടി.കെ. ജോണിന്റെ ഭാര്യ കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക സാറാമ്മ ചാക്കോ (തങ്കമ്മ-79) അന്തരിച്ചു. കോട്ടയം വട്ടക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: പ്രകാശ് ജോൺ (യുഎസ്), പ്രതീഷ് ജോൺ (കാനഡ). മരുമക്കൾ: ലിൻഡാ ജോർജ് ആക്കാംപറമ്പിൽ (പെരുവ), ദിവ്യ തോമസ് മണകുന്നത്ത് (പിറവം).

**കാണക്കാരി:** ചേരാടിയിൽ പരേതനായ സി.പി. ഔസേഫിന്റെ (വിദ്യാഭ്യാസ വകുപ്പ്) ഭാര്യ വിദ്യാഭ്യാസ വകുപ്പ് മുൻ ഉദ്യോഗസ്ഥ പി.ഡി. മറിയം (90) അന്തരിച്ചു.

**ആയൂർ:** റിട്ട. റെയിൽവേ ഉദ്യോഗസ്ഥൻ പെരിങ്ങള്ളൂർ കൊല്ലമൺവിള ബൈജു ഭവനിൽ കെ.ഇ. ജോൺ (90) അന്തരിച്ചു.

**മാമ്മൂട്:** കൊച്ചുറോഡ് അറവനാട് പുതുപ്പറമ്പ് സങ്കീർത്തനയിൽ എം.ജെ. ബാംബിനോ (77) അന്തരിച്ചു.

## മേരിക്കുട്ടി ഏബ്രഹാം

**കാണക്കാരി:** കരിപ്പറമ്പിൽ മേരിക്കുട്ടി ഏബ്രഹാം (84) അന്തരിച്ചു. കിടങ്ങൂർ കുന്നപ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഏബ്രഹാം. മക്കൾ: മിറ്റി, ജോണി, കുഞ്ഞുമോൾ, ആൻസി, ഷേർളി, ജയ്നമ്മ, ജെസി, എസ്തർ, ലൂക്കോസ്, വിമല (എല്ലാവരും യുഎസ്). ജോമോൻ (യുകെ). മരുമക്കൾ: ലീലാമ്മ, ലാലി, മാത്യു, ബേബി, സേവി, തോമസ്, സജി, ജോമോൻ, സിന്ധു (എല്ലാവരും യുഎസ്), ബിൻസി (യുകെ).

**കരിങ്കുന്നം:** റിട്ട. സൈനിക ഉദ്യോഗസ്ഥൻ തോട്ടനാനിയിൽ ടി.ജെ. മത്തായി (കുട്ടപ്പൻ-82) അന്തരിച്ചു.

**തൃശൂർ:** ഇന്ത്യൻ വിദേശ ഇന്റലിജൻസ് ഏജൻസി റിസർച്ച് ആൻഡ് അനാലിസിസ് വിങ് (റോ) റിട്ട. ഡപ്യൂട്ടി കമ്മീഷണർ ചേറൂർ ശാന്തിലൈൻ പള്ളത്ത് നിവാസിൽ രാജഗോപാൽ മേനോൻ (74) അന്തരിച്ചു.

**തിരുവല്ല:** അണ്ണവട്ടം തടത്തിൽ എലിസബത്ത് ജോസഫ് (64) അന്തരിച്ചു.

**ഉടുമ്പന്നൂർ:** റിട്ട. കൃഷി അസി. ഡയറക്ടർ മൊടൂർ ജേക്കബ് (96) അന്തരിച്ചു.

**ചിങ്ങവനം:** മാലത്തുശേരിൽ റെജി മർക്കോസ് (65) അന്തരിച്ചു.

**ശ്രീകണ്ഠാപുരം:** തളിപ്പറമ്പ് സീതി സാഹിബ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ ചെമ്മക്കാട്ട് പാലവിള വീട്ടിൽ ടി.ടി. ജോൺ (87) അന്തരിച്ചു.

**അയർക്കുന്നം:** മണ്ണുമ്മൂട്ടിൽ ജയിംസ് വർഗീസിന്റെ ഭാര്യ ലിസി ജയിംസ് (65) അന്തരിച്ചു.

**ഏഴുപുന്ന:** കരുമാഞ്ചേരി വത്സമ്മ (86) അന്തരിച്ചു.

## ജോസഫ് ജോർജ് മോഹൻ

**കോട്ടയം:** കഞ്ഞിക്കുഴി കണ്ടൻചിറ ജോസഫ് ജോർജ് മോഹൻ (69) അന്തരിച്ചു. ഭാര്യ പള്ളം കല്ലുത്ര ഡെയ്സി. മക്കൾ: സോബു (യുഎസ്), സിമി (ദുബായ്). മരുമക്കൾ: മജു ചെറിയാൻ (ദുബായ്), ശ്വേത (യുഎസ്).

**വളഞ്ഞവട്ടം:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ നിരണം മട്ടയ്ക്കൽ കാരിക്കോട്ട് ബർസ്ലീബി കെ. ഡാനിയൽ (കുഞ്ഞ്-80) അന്തരിച്ചു.

## ചിന്നമ്മ ജോസ്

**തിരുവനന്തപുരം:** പേരൂർക്കട വിന്നേഴ്സ് നഗർ പഴയപീടികയിൽ ചിന്നമ്മ ജോസ് (73) അന്തരിച്ചു. ചിങ്ങവനം മാലത്തുശ്ശേരിൽ കുടുംബാംഗമാണ്. ഭർത്താവ് ജോസ് മാത്യു (എച്ച്എൽഎൽ റിട്ട. ഉദ്യോഗസ്ഥൻ). മക്കൾ: സിമി (യുഎഇ), ജിമി (യുഎസ്). മരുമക്കൾ: ലഞ്ചു മുരിക്കോലിപ്പുഴ, ബിനു തറയിൽ മുളക്കാൻചിറ.

**കല്ലൂപ്പാറ:** മല്ലപ്പള്ളി സിഎംഎസ് എച്ച്എസ് റിട്ട. അദ്ധ്യാപകൻ ചാക്കോഭാഗം മുറിയിൽ വടക്കേതോണിപ്പുറത്ത് ശ്രീനിലയം എസ്. ലക്ഷ്മണൻ പിള്ള (68) അന്തരിച്ചു.

**മാനന്തവാടി:** തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ മാനന്തവാടി നിർമ്മല പ്രോവിൻസ് അംഗം സിസ്റ്റർ സെറാഫിൻ ഞാറയ്ക്കൽ (76) അന്തരിച്ചു.

**ആളൂർ:** കുറ്റിക്കാട് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക വാഴപ്പിള്ളി ചാക്കോത്ത് ട്രീസ (83) അന്തരിച്ചു.

## രാമചന്ദ്ര വാരിയർ

**ആർപ്പൂക്കര:** ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് മുൻ ഉദ്യോഗസ്ഥൻ പടിഞ്ഞാറേ വാരിയത്ത് രാമചന്ദ്ര വാരിയർ (73) അന്തരിച്ചു. ഭാര്യ പ്രഭാദേവി (മുൻ എസ്ബിടി ഉദ്യോഗസ്ഥ). മക്കൾ: ആർ. രാഹുൽ, ആർ. ലക്ഷ്മി (ഇരുവരും യുഎസ്). മരുമക്കൾ: അശ്വതി, രഞ്ജിത് വാരിയർ.

**പാക്കിൽ:** കുളങ്ങരച്ചിറ പരേതനായ ഷൈജുവിന്റെയും ബിന്ദു ആന്റണിയുടെയും മകൻ ജിബിൻ ഷൈജു (24) അന്തരിച്ചു.

**തിരുവല്ല:** സെ. തോമസ് ടിടിഐ റിട്ട. പ്രിൻസിപ്പൽ കാട്ടൂക്കര ഉാഹേത്ത് ബത്ഷാലോമിൽ ഏലിയാമ്മ വർഗീസ് (ഓമന-76) അന്തരിച്ചു.

**സൗത്ത് കളമശേരി:** ടിഒജി പാസ് റോഡ് മണ്ണാകുഴിയിൽ ലീന സാറ ജേക്കബ് (49) അന്തരിച്ചു.

**കടപ്പൂർ:** ഗവ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അദ്ധ്യാപകൻ ചെറുശ്ശേരിൽ കെ.സി. തങ്കപ്പൻ (85) അന്തരിച്ചു.

**അതിരമ്പുഴ:** രാഷ്ട്രീയ ജനതാദൾ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം മൂലയിൽ തെങ്ങുംതോട്ടത്തിൽ ടി.എം. ജോസഫ് (65) അന്തരിച്ചു.

## ELDERLY COUPLE LOOKING FOR LIVE-IN CAREGIVER AT ELMHURST(CHICAGO)

Elderly couple (79 and 80 year old) looking for live-in caregiver, at Elmhurst (Chicago). Duties include assisting with daily activities, light cooking, housework, and overall company.

**Competitive pay, please contact**

**Ginash George 630-975-2525**

**for more information.**

## 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI


Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**





## Favors Received




*Inserted by: Firm Believer, Boston*

## Favors Received




*Inserted by: Firm Believer, Boston*

**Visit Our Website: www.keralaexpress.com for Classified Advt.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## Favors Received



*Inserted by: Firm Believer, Chicago*

## Favors Received



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ അമ്മയെ ഒപ്പംനിന്നു ശുശ്രൂഷിക്കുന്നു...**

**119**

ചന്ദ്രബാബു കൊലക്കേസിൽ ഹേമചന്ദ്രൻ ശിക്ഷിക്കപ്പെടുമെന്നും കൊലപാതകത്തിൽ അയാളുടെ പങ്കാളിത്തം തെളിയിക്കാൻ പ്രോസിക്യൂഷനു കഴിയുമെന്നും അനിബാബുവിനോടു സമർത്ഥിക്കാൻ ശ്രമിക്കുകയായിരുന്നു സന്ദീപ്.

അനിബാബു അതെല്ലാം നിഷേധിച്ചു.

“സാറ് പറയുന്നപോലൊന്നുമല്ല സാറെ. ഞാൻ കേസ് കുറെ നടത്തിയവനാ. എനിക്കറിയാം.”

“സാക്ഷിമൊഴികളും സാഹചര്യത്തെളിവുകളും ഒണ്ടല്ലോ. അയാൾക്കു ചെറിയ ശിക്ഷയെങ്കിലും കിട്ടും. സർവീസിൽനിന്ന് പിരിച്ചു വിടുകേം ചെയ്യും.”

“കോടതീൽ ചെല്ലുമ്പം മററവൻമാര് രണ്ടുപേരും മൊഴി മാറ്റിപ്പറയും സാറെ. ആരാ, കൂട്ടിക്കൽ സുകുവും കുഞ്ഞുമോനും. പിന്നെ പോത്തിനെ കൊന്നവൻമാരും കുഴിച്ചിട്ടവൻമാരും ജെസീബീക്കാരനും. അവൻമാരുംകൂടെ മൊഴിമാറ്റിയാൽ തീർന്നില്ലേ കേസ്. മറ്റേ മൂന്നു പ്രതികളും ചത്തല്ലോ. ഹേമചന്ദ്രൻ ഊരിപ്പോകും സാറെ.”

“എന്തായാലും നമ്മൾ നിയമം കയ്യിലെടുക്കണ്ട. അത് അതിന്റേതായ വഴിക്കുപോട്ടെ. നമുക്ക് വേറെ ഉത്തരവാദിത്തങ്ങളുണ്ട്. നിങ്ങൾ അല്ലിമയുടെ കൊച്ചച്ഛനാണ്. അവളുടെ അച്ഛനു പകരം നിൽക്കാൻ മറ്റൊരു ബന്ധു ഇല്ല. മാത്രമല്ല, നിങ്ങളുടെ അച്ഛനും അമ്മയും പ്രായമായവരാണ്. അവരെ നോക്കേണ്ട ബാധ്യതയും ഉണ്ട്.”

അനിബാബു വിസമ്മതാർത്ഥത്തിൽ തലയാട്ടിക്കൊണ്ടിരുന്നു. സന്ദീപിന്റെ ഫോണിലേക്ക് കോൾ വരുന്നുണ്ടായിരുന്നു. സന്ദീപ് കോൾ എടുത്തു.

“സാറെ, ഞാൻ ഓഫീസിലുണ്ടായിരുന്നു. എന്റെയൊരു റിലേറ്റീവ് കാണാൻ വന്നപ്പോ ഊണുകഴിക്കാൻ വേണ്ടി ഇറങ്ങിയതാ. ഗ്രീൻപാർക്കിലൊണ്ട്. അരമണിക്കൂറിനകം വരും.” സന്ദീപ് കോൾ നിർത്തിയപ്പോൾ അനിബാബു ചോദിച്ചു:

“സാറിന്റെ പത്രം ഓഫീസീന്നായിരിക്കും അല്ലേ?”

“ങാ.. അതു സാരമില്ല. ഞാൻ ലഞ്ച്ടൈമിലാ പോന്നത്.”

“ഞാൻ കാണാൻ വന്നത് സാറിന്റെ ജോലിക്കു തടസ്സമായി, അല്ലേ?”

“നമ്മൾ ഊണുകഴിക്കാൻ വന്നതല്ലേ. ദാ, എത്തിയല്ലോ...” ബെയറർ പ്ലേറ്റുകളിലും സോസറുകളിലുമായി ചോറും കറികളും കൊണ്ടുവന്നു നിരത്തി.

“രണ്ട് ഫിഷ് ഫ്രൈ കൂടി എടുത്തോ.” സന്ദീപ് ഓർഡർ ചെയ്തു.

“നമുക്ക് തുടങ്ങാം.” സന്ദീപ് പപ്പടം പൊടിച്ചുകൊണ്ടു പറഞ്ഞു.

അവർ ഊണു കഴിച്ചുകൊണ്ടിരിക്കെ സന്ദീപിനു വീണ്ടും കോൾ വന്നു. സന്ദീപ് ഇടതുകൈകൊണ്ട് ഫോൺ എടുത്തു നോക്കി. ട്രൂ കോളറിൽ ഹേമചന്ദ്രന്റെ പേര് തെളിഞ്ഞു.

“ഇത് അയാളാ, ഹേമചന്ദ്രൻ.” സന്ദീപ് അനിബാബുവിനോടു പറഞ്ഞു. അനിബാബുവിന്റെ മുഖത്തു പെട്ടെന്ന് ഒരു മുറുക്കം ദൃശ്യമായി.

“സാറ് ആലോചിച്ചിട്ട് എടുത്താ മതി. ഇപ്പം എടുക്കണ്ട.”

“എടുത്താലെന്താ കൊഴപ്പം?”

“സാറിനെ അയാൾ ഫോണിൽ വിളിക്കണെങ്കി എന്തായിരിക്കും കാര്യം? ഒന്നുകിൽ ഭീഷണിപ്പെടുത്താൻ. അല്ലെങ്കി വെല്ലുവിളിക്കാനും പുച്ഛിക്കാനും...” അനിബാബു പറഞ്ഞതു ശരിയായിരിക്കുമെന്ന് സന്ദീപ് അനുമാനിച്ചു.

“എന്നാലും അയാളെന്താ പറയുന്നതെന്നു കേക്കാല്ലോ...”

“സാറിന്റെ ഫോണിൽ റിക്കോർഡ് ചെയ്യാൻ പറ്റത്തില്ലേ?”

“ങാ, ചെയ്യാം, ചെയ്യണോ?” ഇതിനിടയിൽ ഫോൺ റിങ് ചെയ്യുന്നതു നിലച്ചു.

“അയാളിനീം വിളിക്കും. ഒറപ്പാ... സാറന്നേരം സ്പീക്കറിലിടുവാണെങ്കി എനിക്കൂടെ കേക്കാരുന്നു.” ഫോൺ ടേബിളിൽവെച്ച് അതിലേക്കുതന്നെ നോക്കിയിരുന്ന് സന്ദീപ് ഊണു കഴിച്ചു.

“വിളിക്കുന്നില്ലല്ലോ.” സന്ദീപ് പറഞ്ഞു.

“വിളിക്കും സാറെ... അയാൾടെ നാക്കും മൂക്കും ചങ്കും കരളും തലച്ചോറുംവരെ ചൊറിയുന്നൊണ്ട്. സാറല്ലേ എല്ലാം കുത്തിപ്പൊക്കിക്കൊണ്ടു വന്ന് അയാളെ സബ്ജയിലിലും കോടതീലും കേറ്റിയത്.” ഊണുകഴിച്ചു തീരാറായപ്പോൾ വീണ്ടും കോൾ വന്നു. സന്ദീപ് കോൾ റിക്കോർഡർ ഓൺ ചെയ്തു. സ്പീക്കർ മോഡിലേക്കു മാറ്റി.

“ഹലോ...” സന്ദീപ് അറ്റൻഡ് ചെയ്തു.

“ഹലോ... സാറെ... സാറിപ്പം എവിടാ?”

“ആരാന്നു മനസ്സിലായില്ലല്ലോ.”

“പറയാം. സാറെവിടാന്നു പറ.”

“ഞാൻ ആലപ്പുഴയുണ്ട്. ഹോട്ടലിക്കേറി ഊണു കഴിച്ചോണ്ടിരിക്കുവാ... വിളിക്കുന്നതാരാ?”

“എടാ – മോനേ... നീ വല്യ പത്രക്കാരനാണല്ലോ. നീ കൊറേയൊക്കെ ഒണ്ടാക്കിയല്ലോ. ഇനി നീ എനിക്കിട്ട് ഒരു കോപ്പും ഒണ്ടാക്കാനില്ലെന്നു പറയാൻ വേണ്ടി വിളിച്ചതാ...”

“മാന്യമായിട്ട് സംസാരിക്കണം. നിങ്ങളാരാണെന്നുപോലും പറഞ്ഞില്ല.”

“എന്നെ നിനക്ക് മനസ്സിലായില്ല, അല്ലേ? ഹേമചന്ദ്രൻന്നാ പേര്. ഇപ്പം നിനക്ക് പിടികിട്ടിക്കാണുമല്ലോ.”

“ഓ– മനസ്സിലായി. മുൻപ് ക്രൈംബ്രാഞ്ച് ഡിവൈഎസ്പിയായിരുന്ന ഹേമചന്ദ്രൻ.”

“ഇപ്പഴും ഡിവൈഎസ്പി തന്നെയാണെടാ. സസ്പെൻഷൻ മാത്രമേയുള്ളൂ. എന്നെയാരും പിരിച്ചുവിട്ടിട്ടൊന്നുമില്ല. ഞാൻ സർവീസിലോട്ടു തിരിച്ചു കേറുന്ന ദിവസം നിന്നെ വിളിക്കാം. നിനക്കൊരു പാർട്ടീം തരാം.”

“വളരെ സന്തോഷം.”

“നീ എന്താടാ ചെറ്റേ വിചാരിച്ചത്? എന്നെ തൂക്കുമരത്തിലോട്ടു കേറ്റി തൂക്കിക്കൊല്ലാമെന്നോ? നീയൊന്നും എന്നെ ഒരു ചുക്കും ചെയ്യാനില്ല. നിന്റെ തന്ത ജഡ്ജിയൊണ്ടല്ലോ. അയാളും അയാൾടെ തലപ്പത്തെ ഹൈക്കോടതീം അതിനും മേലേയുള്ള സുപ്രീം കോടതീംകൂടി നോക്കിയാലും എനിക്കിട്ടൊരു പുല്ലും ചെയ്യാനില്ല. ഞാനേ... കളി നല്ലപോലെ പഠിച്ചിട്ടാ കളത്തിലെറങ്ങിയത്.”

“നിങ്ങൾ കുറ്റക്കാരനാണെങ്കിൽ ശിക്ഷിക്കപ്പെടുകതന്നെ ചെയ്യും. അക്കാര്യത്തിൽ എനിക്കു യാതൊരു സംശയോം ഇല്ല.”

“ഒലത്തും. നീയൊന്നു പോടാ. പക്ഷേ, നീ കരുതിയിരുന്നോ – നീ എന്റെ കുടുംബം തകർത്തവനാ. എന്റെ ഭാര്യ ഇപ്പം ഡിവോഴ്സിന് പോകാൻ കാരണം നീയാ... അതിനു ഞാൻ നിനക്കൊരു ഗിഫ്റ്റ് തരുന്നൊണ്ട്. ഞാൻ സർവീസിലോട്ടു തിരിച്ചുകേറിക്കോട്ടെ. നിനക്കു മാത്രമല്ല, നീയൊരുത്തിയെ കെട്ടാനിരിക്കുന്നൊണ്ടല്ലോ അവൾക്കിട്ടും ഞാനൊരു പണി കൊടുക്കുമെടാ. അവൾടെ തള്ളയ്ക്കിട്ട് പണികൊടുത്തവനാ ഞാൻ. ഹേമചന്ദ്രൻ തീരുമാനിച്ചതൊന്നും ഇന്നേവരെ നടക്കാതിരുന്നിട്ടില്ല. ആശിച്ചതൊന്നും നേടാതിരുന്നിട്ടുമില്ല. നിന്റെ തലയോട്ടിയേലോട്ട് കുറിച്ചുവെച്ചോടാ റാസ്കൽ.”

കോൾ അടുത്തക്ഷണം മുറിഞ്ഞു. സന്ദീപ് അനിബാബുവിനെ നോക്കി. ഫോണിലേക്കു നോക്കി അനങ്ങാതിരിക്കുകയാണ്.

“ചേട്ടൻ ഊണുകഴിച്ചു തീർന്നില്ല.” സന്ദീപ് ഓർമിപ്പിച്ചു. അനിബാബു ഒന്നിളകിയിരുന്നു.

“ഞാൻ പറഞ്ഞത് കൃത്യമല്ലേ സാറെ. ഭീഷണീം വെല്ലുവിളീം പുച്ഛോം.”

“ഈ ഫോൺ റിക്കോർഡിങ് അയാൾക്കെതിരെ തെളിവല്ലേ.”

“ഒന്നുമില്ല സാറെ. അയാള് പറയാനൊള്ളതൊക്കെ പറഞ്ഞു. നമുക്കുമാത്രം മനസ്സിലാകുന്ന ഭാഷേൽ. കോടതീൽ കൊണ്ടുവെച്ച് അരിച്ചു നോക്കുമ്പം അതിലൊന്നുമില്ല സാറെ...” അത് ശരിയാണെന്നു സന്ദീപിനും തോന്നി.

“സാറ് മുൻപു പറഞ്ഞത് ശരിയാ. നിയമം അതിന്റെ വഴിക്കു പോട്ടെ. ഞാൻ എന്റെ വഴിക്കും പോകാം...”

“എന്താ ഉദ്ദേശിച്ചത്?”

“ഒന്നുമില്ല സാറെ... എനിക്കു മതി. ഞാനെണീറ്റ് കൈ കഴുകാം. സാറ് പൈസാ കൊടുത്തേക്കുവല്ലോ.” അനിബാബു കൈകഴുകാൻ വാഷ്റൂമിനു നേർക്കു നടന്നുപോകുന്നതു നോക്കി സന്ദീപ് സംശയഗ്രസ്തനായി ഇരുന്നു.

***  ***  ***

കോവിഡ് എന്ന മഹാവ്യാധി ഇന്ത്യൻ നഗരങ്ങളിലേക്കും വ്യാപിച്ചു തുടങ്ങിയിരുന്നു. പേവിഷക്കാറ്റിനെ എന്നപോലെ ആളുകൾ ആ പകർച്ചവ്യാധിയെ ഭയന്നു. പരിശോധനകളും നിയന്ത്രണങ്ങളും കർശനമാക്കി. പൊതുജനങ്ങൾ പുറത്തിറങ്ങാൻ മടിച്ചു. രോഗികൾ ചികിത്സയ്ക്കായി ആശുപത്രികളിൽ പോകുന്നതുപോലും വേണ്ടെന്നു വെച്ചു. ഹോസ്പിറ്റലുകളിൽ കർശന നിയന്ത്രണങ്ങളുണ്ടായി.

കിളിമാനൂരിലെ അശ്വനി മെന്റൽ ഹോസ്പിറ്റൽ പുതിയ രോഗികളെ സ്വീകരിക്കുന്നതു നിർത്തിവെച്ചിരുന്നു. ഒരുവിധം ഭേദപ്പെട്ട രോഗികളെ വേണ്ടത്ര മരുന്നുകൾ നൽകി പറഞ്ഞയയ്ക്കുക എന്നതായി ആശുപത്രി അധികൃതരുടെ നിലപാട്. മാളവികയുടെ ആരോഗ്യനില മോശമായിക്കൊണ്ടിരുന്നതിനാൽ അല്ലിമയ്ക്ക് ഹോസ്പിറ്റലിൽ തന്നെ കഴിയുകയല്ലാതെ ഗത്യന്തരമുണ്ടായില്ല. അമ്മയെ വിട്ടു പോകാൻ അവൾ ആഗ്രഹിച്ചുമില്ല. ഡോക്ടർ ശരിയാകും എന്നാശ്വസിപ്പിച്ച ‘ആരോഗ്യസ്ഥിതി’ അമ്മയ്ക്ക് ഒരിക്കലും വീണ്ടു കിട്ടാൻ പോകുന്നില്ലെന്ന് അല്ലിമയ്ക്കു ബോധ്യപ്പെട്ടു കഴിഞ്ഞു. വെള്ളത്തിനടിയിലെ ഏതോ കടൽപാറയിലിടിച്ച് അമരം തകർന്ന കപ്പൽ എന്നപോലെ അമ്മയുടെ ജീവിതം സാവധാനം മുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ ഡോക്ടർ വിജയ്മോഹൻ റൗണ്ട്സിനു വന്നപ്പോൾ അല്ലിമ പ്രത്യാശയുടെ അവസാനത്തെ കണികയും മനസ്സിൽവെച്ച് ചോദിക്കുകയുണ്ടായി:

“ഇനിയൊരു തിരിച്ചുവരവൊണ്ടോ അമ്മയ്ക്ക്? ഡോക്ടർക്ക് എന്തെങ്കിലും പ്രതീക്ഷയൊണ്ടോ? രക്ഷപ്പെടാനൊരു മാർഗം എവിടെങ്കിലും ഒണ്ടോ? ഡോക്ടർ സത്യം പറയണം. എനിക്കിനി വെഷ

മമൊന്നുമില്ല."

"ഇല്ല എന്നുള്ളതാണ് സത്യം. ഒരു സാധ്യതയുമില്ല." ഡോക്ടർ വിജയ്മോഹൻ തുറന്നു സമ്മതിച്ചു.

"ഇവിടുന്ന് മറ്റേതെങ്കിലും ഹോസ്പിറ്റലിലേക്കു മാറ്റിയിരുന്നെങ്കിലോ?"

"അതിനുള്ള ആരോഗ്യമൊന്നും പേഷ്യന്റിന് ഇല്ലായിരുന്നു. ഒണ്ടെങ്കിൽ ഞങ്ങളപ്പോത്തന്നെ അഡ്വൈസ് ചെയ്തേനെ."

അല്ലിമ പിന്നെ ഒന്നും ചോദിച്ചില്ല.

മരണക്കയത്തിലേക്കു മുങ്ങിത്താഴുന്ന അമ്മയെ നന്നായി പരിചരിക്കുകയല്ലാതെ തനിക്കൊന്നും ചെയ്യാനില്ലെന്ന് അവൾക്കു മനസ്സിലായി. കുടലുകളെ മാന്തിക്കീറുന്ന വേദനയിൽ മാളവിക, അല്ലിമയുടെ തോളത്തു കിടന്ന് ശിശുവിനെപ്പോലെ കരഞ്ഞു കരഞ്ഞു തളർന്നു. മയക്കുമരുന്നിന്റെ ആലസ്യത്തിൽ അവളുടെ മടിയിൽ കിടന്നുറങ്ങി. വേദനയിൽനിന്ന് ഒരൽപം ആശ്വാസം കിട്ടുമ്പോൾ



മാളവിക അല്ലിമയെ കെട്ടിപ്പിടിച്ച് ചിരിച്ചുകൊണ്ടു കിടന്നു. ഈ സമയമെല്ലാം അല്ലിമ ആരും കാണാതെ തന്റെ നിറമിഴികളൊപ്പി.

അമ്മയ്ക്ക് ഉറങ്ങാൻ അവൾ താരാട്ടു പാട്ടുകൾ മൂളിപ്പാടി. ശബ്ദമില്ലാത്ത ചിരിയോടെ മാളവിക അതെല്ലാം അവളുടെ മടിയിൽ കിടന്നു കേട്ടു. അനിബാബുവും രാജഗോപാലും സന്ദീപും ഇടയ്ക്കിടെ വരികയും അല്ലിമയെ കണ്ട് ആശ്വസിപ്പിച്ച് തിരിച്ചു പോവുകയും ചെയ്തുകൊണ്ടിരുന്നു.

*** *** ***

സമയം രാത്രി 10.30 കഴിഞ്ഞു.

കാഞ്ഞിരപ്പള്ളി സിറ്റിസൺ ക്ലബ്ബിന്റെ മുൻഭാഗത്തെ ഗേറ്റിൽ വന്ന് അനിബാബു പലതവണ നോക്കി. അപ്പോഴെല്ലാം ക്ലബ്ബിന്റെ പാർക്കിങ് സ്ഥലത്ത് ഹേമചന്ദ്രന്റെ ഫോർച്യൂണർ അനക്കമില്ലാതെ കിടക്കുന്നതു കണ്ടു.

അവിടെ ഗേറ്റിനപ്പുറം സെക്യൂരിറ്റി ഗാർഡ് കാവൽ നിൽക്കുന്നുണ്ട്. അനിബാബു ക്ലബ് കെട്ടിടത്തിന്റെ പിന്നാമ്പുറത്തു ചെന്നു. അവിടെയും ഒരു ഗേറ്റും സെക്യൂരിറ്റിയും ഉണ്ട്. ക്ലബ്ബിൽ വരുന്ന വാഹനങ്ങൾ മിക്കവാറും ആ ഗേറ്റിൽകൂടിയാണു പുറത്തേക്കു പോകുക. അനിബാബു ആ ഗേറ്റിലേക്കു ചെന്നു. ക്ലബിന്റെ പിൻഭാഗത്തെ ഭിത്തിയിലും വലതുഭാഗത്തെ ഗാർഡനിലും സ്ഥാപിച്ചിട്ടുള്ള ഫാൻസി ബൾബുകളിൽനിന്നു മങ്ങിയ പ്രകാശമേ ഗേറ്റിലേക്ക് എത്തുന്നുള്ളൂ. അനിബാബു ഗേറ്റ് കടന്നു ചെന്നപ്പോൾ സെക്യൂരിറ്റി ചോദിച്ചു:

"ആരാ.... എന്താ ഇതിലേ...?"

"ഹേമചന്ദ്രൻ സാർ വിളിച്ചിട്ടു വന്നതാ. സാറിന്ന് അടിച്ച് ഫിറ്റായിട്ടിരിക്കുവാ. സാറിന്റെ കാറ് ഓടിക്കാൻ വേണ്ടി വിളിപ്പിച്ചതാ. വീട്ടിലെത്തിക്കണ്ടേ..."

"ഓ... അതുശരി. സാറകത്തിരുന്നു ചീട്ടുകളിക്കുന്നൊണ്ടാരുന്നു."

"എന്നാ ഞാനങ്ങോട്ടു ചെല്ലട്ടെ."

"ക്ലബിനകത്തോട്ട് കേറണ്ട. കാറിന്റടുത്ത് നിന്നാ മതി." സെക്യൂരിറ്റി ഓർമിപ്പിച്ചു.

"അത്രേയുള്ളൂ. നമ്മള് വെറും ഡ്രൈവറല്ലേ."

"സാറിന്റെ സ്ഥിരം ഡ്രൈവറല്ലല്ലോ?"

"അല്ലെന്ന്. ഞാനിവിടെ ടാക്സി സ്റ്റാൻഡിലെ ഡ്രൈവറാ... പക്ഷേ, സാറിനെ ഞാൻ മുൻപും പലതവണ കൊണ്ടുപോയിട്ടൊണ്ട്." സെക്യൂരിറ്റി ശരിയെന്നു തലയാട്ടി.

അനിബാബു പിന്നിലെ ടാറിളകിയ പാതയിൽകൂടി മുൻഭാഗം ലക്ഷ്യമാക്കി നടന്നു. മുൻവശത്തെ ഗേറ്റിന്റെ സെക്യൂരിറ്റിയുടെ കണ്ണിൽ പെടാത്തവിധം ഗാർഡനിലെ അശോകമരത്തിനു ചുവട്ടിൽ നിലയുറപ്പിച്ചു. ക്ലബിൽനിന്നു മടങ്ങുന്നവരുടെ കാറുകൾ പലതും കടന്നുപോകുന്നത് അനിബാബു കണ്ടു. ആരും സംശയിക്കാതിരിക്കാൻവേണ്ടി ടാക്സി ഡ്രൈവറുടെ പാന്റ്സും ഷർട്ടുമാണ് അനിബാബു അണിഞ്ഞിരുന്നത്. കയ്യിൽ കരുതിക്കൊണ്ടുവന്ന കയ്യുറകൾ എടുത്ത് അയാൾ രണ്ടു കയ്യിലുമിട്ടു. പതിനൊന്നു മണിയോടെ ഹേമചന്ദ്രൻ പുറത്തേക്കിറങ്ങുന്നത് അനിബാബു കണ്ടു. ക്ലബിന്റെ നീളൻവരാന്തയിലൂടെ നടന്ന് അയാൾ കാർ കിടക്കുന്ന ഭാഗത്തെത്തി. അനിബാബുവും അങ്ങോട്ടുതന്നെ നീങ്ങി.

പാസ്സേജിലൂടെ കടന്നുപോയ രണ്ടുപേർ ഹേമചന്ദ്രന്റെ നേർക്കു കൈ ഉയർത്തിക്കാട്ടി ഗുഡ്നൈറ്റ് പറഞ്ഞു പോയി.

ഹേമചന്ദ്രൻ സ്വിച്ച് കീയുടെ റിമോട്ട് കൺട്രോൾ ബട്ടൺ അമർത്തി കാറിന്റെ ലോക്ക് തുറന്നു. അനന്തരം ഡോർ തുറന്ന് സീറ്റിൽ കയറിയിരുന്നു. ഡോർ അടയ്ക്കുന്നതിനു മുന്നേ അനിബാബു ഡ്രൈവിങ് സീറ്റിന്റെ വശത്തെത്തി. ഡോർ അൽപംകൂടി തുറന്നു പിടിച്ച് ഡ്രൈവിങ് സീറ്റിലിരിക്കുന്ന ഹേമചന്ദ്രനോട് ചേർന്നു നിന്നു.

"ആരാ നീ... എന്താ?"

ഹേമചന്ദ്രൻ പെട്ടെന്നുണ്ടായ ക്ഷോഭത്തിലും സംശയത്തിലും പെട്ട് അനിബാബുവിനെ തുറിച്ചുനോക്കി.

"സാറ് ഒറ്റയ്ക്കേയുള്ളോ?" അനിബാബു ചിരിച്ചുകൊണ്ടു ചോദിച്ചു.

"നീ ആരാണെന്നാ ചോദിച്ചത്- അങ്ങോട്ടു മാറി നിൽക്കടാ..." ഹേമചന്ദ്രൻ അനിബാബുവിന്റെ കഴുത്തിൽ പിടിച്ചു തള്ളാൻ ശ്രമിച്ചു. അനിബാബു തല വെട്ടിച്ച് ഒഴിഞ്ഞുമാറി.

"ഞാൻ സാറിനെ കൂട്ടിക്കൊണ്ടു പോകാൻ വന്നതാ. കാലനാ എന്നെ അയച്ചത്."

പാന്റ്സിന്റെ പോക്കറ്റിലെ കഠാരപ്പിടിയിൽ മുറുകിയ കൈ അനിബാബു മുകളിലേക്ക് നൊടിയിടയിൽ ഉയർത്തി. ഒരു മിന്നിത്തിളക്കം മാത്രമേ ഹേമചന്ദ്രനു കാണാൻ കഴിഞ്ഞൊള്ളൂ. കത്തിമുന തൊണ്ടയെല്ലിനു താഴെ തുളഞ്ഞ് ചോര വാർന്നു.

"ചന്ദ്രബാബുവിന്റെ കൊലക്കേസ് നടക്കുന്ന കോടതീന്ന് സാറ് പുല്ലുപോലെ ഊരിപ്പോരും. പക്ഷേങ്കി ചന്ദ്രബാബൂന്റെ അനുജൻ അനിബാബൂന്റെ കോടതീന്ന് അങ്ങനെ രക്ഷപ്പെടാൻ പറ്റത്തില്ല സാറേ. ആ കോടതി സാറിന് മരണശിക്ഷയാ വിധിച്ചിരിക്കുന്നെ." അനങ്ങിയാൽ കത്തിമുന തൊണ്ടക്കുഴിയിലേക്ക് അമർന്നു താഴുമെന്നതിനാൽ തടയാനും തല്ലാനും വേണ്ടി ഉയർത്തിയ കൈകൾ രണ്ടും അങ്ങനെതന്നെ പിടിച്ച് കീഴടങ്ങിയവനെപ്പോലെ ഹേമചന്ദ്രൻ ഇരുന്നുപോയി. അലറിവിളിക്കാനായി തുറന്ന വായ അനിബാബു കൈപ്പത്തികൊണ്ട് അടച്ചുപിടിച്ച് കഴുത്തിലൂടെ കത്തികൊണ്ട് അമർത്തിയൊരു വരവരച്ചു.

ഒരു ഞരക്കം മാത്രമേ ഹേമചന്ദ്രനിൽനിന്ന് പുറത്തേക്കു വന്നുള്ളൂ. ചോര നെഞ്ചിലേക്കു കുതിച്ചൊഴുകി. തല നെഞ്ചിലേക്കു തൂങ്ങി. അനിബാബു ആ വലിയ ശരീരത്തിന്റെ പിടച്ചിൽ രണ്ടു കൈകളിലുമായി അമർത്തിപ്പിടിച്ച് രണ്ടു മിനിറ്റോളം നിന്നു. പിന്നെ സീറ്റ് ചായ്ച്ചിട്ട് അതിലേക്ക് ഹേമചന്ദ്രനെ കിടത്തി. ഊർന്നു വീണു കിടന്ന സ്വിച്ച്കീ എടുത്ത് കാർ ലോക്ക് ചെയ്തു. സ്വിച്ച് കീ കാറിന്റെ അടിയിലേക്കിട്ടശേഷം വന്നപോലെ തന്നെ തിരിച്ചു നടന്നു.

ഗാർഡനിൽ, നേരത്തേ നോക്കിവെച്ച ടാപ്പിനരികെ ചെന്ന് ചോരയിൽ മുങ്ങിയ രണ്ടു കൈകളും കഴുകി. ചോരപുരണ്ട ഷർട്ട് അഴിച്ചു ചുരുട്ടി മതിലരികിലേക്ക് എറിഞ്ഞു. ഉള്ളിൽ ധരിച്ചിരുന്ന കറുത്ത ടീഷർട്ടിലും അവിടവിടെ ചോരപ്പാടുകൾ ഉണ്ടായിരുന്നെങ്കിലും അത് പെട്ടെന്നാരുടെയും കണ്ണിൽ പെടുമായിരുന്നില്ല. മതിലിന് ഉയരം കുറവെന്നു തോന്നിയ ഭാഗത്തുകൂടി ചാടിക്കടന്ന് അനിബാബു റോഡിലെത്തി. ക്ലബിൽനിന്ന് പിന്നെയും ആളുകൾ ഇറങ്ങിവന്ന് കാറിൽ കയറി യാത്രയായി.

ഒടുവിൽ, ഹേമചന്ദ്രന്റെ കാർ മാത്രം കിടക്കുന്നതു കണ്ട് സെക്യൂരിറ്റി അതിനടുത്തേക്കു ചെന്നു. കാറിനുള്ളിൽ ചൂടുചോരയുടെ നീരാവി പടർന്ന് ചില്ലുകളിൽ പറ്റിപ്പിടിച്ചതിനാൽ അകത്തെ കാഴ്ച വ്യക്തമായിരുന്നില്ല. ഡോർ ഹാൻഡിൽ പിടിച്ച് തുറക്കാൻ ശ്രമിച്ചെങ്കിലും അത് വിഫലമായി. സെക്യൂരിറ്റി തന്റെ കാബിനിൽ ചെന്ന് ടോർച്ച് എടുത്തുകൊണ്ടുവന്ന് കാറിനുള്ളിലേക്കു പ്രകാശിപ്പിച്ചപ്പോൾ, ചായ്ച്ചിട്ട ഡ്രൈവിങ് സീറ്റിൽ ഹേമചന്ദ്രൻ ചാരിക്കിടക്കുന്നതു കണ്ടു. മദ്യലഹരിയിൽ ഉറങ്ങിപ്പോയതായിരിക്കും എന്നു കരുതി പലതവണ ഡോറിലും വിൻഡോയിലും മുട്ടി വിളിച്ചെങ്കിലും പ്രതികരണമൊന്നും ഉണ്ടായില്ല.

(തുടരും)

## ട്രംപിന്റെ സ്വേച്ഛാധിപത്യ മോഹങ്ങൾ

(18-ാം പേജിൽനിന്നും)

ഡോണൾഡ് ട്രംപിനെതിരെ ഈ തെരഞ്ഞെടുപ്പിൽ പരസ്യനിലപാട് സ്വീകരിച്ചിട്ടുള്ളവർ എല്ലാംതന്നെ അദ്ദേഹത്തിന്റെ വിജയം അവർക്ക് സൃഷ്ടിക്കാവുന്ന അപകടത്തെക്കുറിച്ചും പ്രതിസന്ധികളെക്കുറിച്ചും ബോദ്ധ്യമുള്ളവരാണ്. ഡോണൾഡ് ട്രംപ് തന്റെ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ അമേരിക്കൻ മിലിട്ടറിയുടെ ഇടപെടലുണ്ടാകാമെന്ന് സൂചിപ്പിച്ചുകഴിഞ്ഞു. ആയതിനാൽ അമേരിക്കൻ ജനാധിപത്യം നിലനില്ക്കണമെന്ന് കാംക്ഷിക്കുന്നവരെല്ലാം ഡോണൾഡ് ട്രംപിന്റെ പരാജയം ഉറപ്പാക്കുവാനുള്ള ജനമുന്നേറ്റത്തിൽ അണിചേരണം. ഡോണൾഡ് ട്രംപിന്റെ വൈറ്റ് ഹൗസ് കമ്യൂണിക്കേഷൻസ് മേധാവി ആയിരുന്ന അലീഷ്യ ഗ്രിഫിൻ വെളിപ്പെടുത്തുന്നു: "ജനുവരി 6-ന് തന്റെ മുൻ മേധാവി ഡോണൾഡ് ട്രംപ് താൻ ആ പദവിക്ക് എത്ര അയോഗ്യനാണെന്ന് തുറന്നുകാട്ടി. അദ്ദേഹത്തിന്റെ ധാർമ്മിക മൂല്യങ്ങൾ താൻ ഇന്നുവരെ ഒപ്പം ജോലി ചെയ്തിട്ടുള്ളവരിൽ ഏറെ പിന്നിലാണ്. അദ്ദേഹം കുടിയേറ്റ ജനതയെ പൈശാചികരും നികൃഷ്ടരുമായി ചിത്രീകരിക്കുന്നു.

നുണയെന്ന് പൂർണ്ണബോദ്ധ്യമുള്ള ആരോപണങ്ങൾ അവർക്കെതിരെ അദ്ദേഹം ഉന്നയിക്കുകയും അതുവഴി അവരുടെ ജീവൻ അപായത്തിലാക്കുകയും ചെയ്യുന്നു. ആദ്യ ഊഴത്തിൽ അദ്ദേഹത്തോടൊപ്പം ക്യാബിനറ്റ് പദവി അലങ്കരിച്ചവരിൽ ഏറെയും ഭരണഘടനയോടും തങ്ങൾ എടുത്ത സത്യപ്രതിജ്ഞയോടും പൂർണ്ണ വിധേയത്വം പുലർത്തുന്നവരായിരുന്നു. അവരെല്ലാം ഭരണഘടനയ്ക്ക് വിധേയപ്പെട്ട് അതിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുവാൻ ഡോണൾഡ് ട്രംപിന്റെ മേൽ സമ്മർദ്ദം ചെലുത്തി. മറ്റൊരു ഊഴം ലഭിച്ചാൽ അത്തരം നിയന്ത്രണങ്ങൾക്ക് വിധേയപ്പെടുവാൻ അദ്ദേഹം കൂട്ടാക്കില്ല. നിയന്ത്രണത്തിനുള്ള ഗാർഡ് റെയിലുകൾ ഒന്നുമുണ്ടാകില്ല."

# എയർ ഇന്ത്യ വിമാനങ്ങൾക്ക് ഭീഷണിയുമായി പന്നു

ന്യൂഡൽഹി: എയർ ഇന്ത്യ വിമാനങ്ങൾക്ക് ഭീഷണിയുമായി ഖലിസ്ഥാൻ വിഘടനവാദി ഗുർപട്വന്ത് സിങ് പന്നു. നവംബർ ഒന്നു മുതൽ 19 വരെ വിമാനങ്ങളിൽ യാത്ര ചെയ്യരുതെന്നു പന്നു പറഞ്ഞതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സിഖ്‌വിരുദ്ധ കലാപത്തിന്റെ വാർഷികം ആയതിനാൽ ആക്രമണമുണ്ടാകുമെന്നാണ് പന്നുവിന്റെ ഭീഷണി. ഒരാഴ്ചയ്ക്കിടെ നൂറോളം വിമാനങ്ങൾക്ക് സുരക്ഷാഭീഷണി ഉണ്ടായ സാഹചര്യത്തിൽ പന്നുവിന്റെ ഭീഷണിയെ ജാഗ്രതയോടെ വിലയിരുത്തുകയാണ് സുരക്ഷാ ഏജൻസികൾ. കഴിഞ്ഞവർഷവും പന്നു സമാനമായ രീതിയിൽ ഭീഷണിസന്ദേശം പുറത്തിറക്കിയിരുന്നു. ഖാലിസ്ഥാൻവാദം ഉന്നയിക്കുന്ന സിഖ് ഫോർ ജസ്റ്റിസ് സംഘടനയുടെ സ്ഥാപകനാണ് പന്നു. തീവ്രവാദം പ്രോത്സാഹിപ്പിക്കുന്നതായി ആരോപിച്ച് 2020 ജൂലൈയിൽ പന്നുവിനെതിരെ യുഎപിഎ ചുമത്തിയിരുന്നു. അമേരിക്കയിലുള്ള പന്നുവിനെതിരെ കേന്ദ്രം അറസ്റ്റ് വാറണ്ടും പുറപ്പെടുവിച്ചിരുന്നു. പഞ്ചാബിൽ വിഘടനവാദത്തെ വളരെയധികം പിന്തുണയ്ക്കുന്നതാണ് പന്നുവിന്റെ രാഷ്ട്രീയം. സ്വതന്ത്ര സിഖ് രാഷ്ട്രത്തിനായി വാദിച്ചുകൊണ്ട് ഖലിസ്ഥാൻ ആശയത്തിനു പ്രോത്സാഹനം നല്കി. തുടർന്ന് ഖലിസ്ഥാൻ വിഘടനവാദത്തിന്റെ വക്താവായും മാറി. സ്വതന്ത്ര സിഖ് രാഷ്ട്രമെന്ന ആശയം മുൻനിർത്തി യുഎസ്, കാനഡ, ബ്രിട്ടൺ എന്നിവിടങ്ങളിൽ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ മുൻപന്തിയിലുള്ള പന്നു ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥർക്കെതിരെ മനുഷ്യാവകാശ ലംഘനം ആരോപിച്ച് തുടർച്ചയായി കേസുകളും നടത്തുന്നുണ്ട്. പലതരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളിലും പങ്ക് തെളിഞ്ഞതിനെത്തുടർന്ന് 2020-ൽ പന്നുവിനെ ഇന്ത്യ ഭീകരരുടെ പട്ടികയിൽ ഉൾപ്പെടുത്തി. കൃഷിഭൂമിയും സർക്കാർ കണ്ടുകെട്ടിയിരുന്നു. പഞ്ചാബിൽ രാജ്യദ്രോഹവുമായി ബന്ധപ്പെട്ട മൂന്നു കേസുകളിലടക്കം 22 ക്രിമിനൽ കേസുകളിൽ പ്രതിയാണ്. 2022 ഒക്ടോബറിൽ പന്നുവിനെതിരെ റെഡ് കോർണർ നോട്ടീസ് അയയ്ക്കാൻ ഇന്ത്യ ഇന്റർപോളിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, തെളിവുകളുടെ അഭാവം ചൂണ്ടിക്കാട്ടി ഇന്റർപോൾ ഈ ആവശ്യം നിരസിക്കുകയായിരുന്നു.

# ഭക്തന്മാരുടെ നിലവിളി കേൾക്കുന്ന ദൈവം

(22-ാം പേജിൽനിന്നും)

വരാതിരിക്കാൻ കരഞ്ഞു പ്രാർത്ഥിച്ചാൽ എത്ര നല്ലതാണ്. ബഹുമാന്യനായ മൊർദേഖായി നിലവിളിച്ചുവെങ്കിൽ നാം നമ്മുടെ കുടുംബത്തിനു വേണ്ടി, നാടിനുവേണ്ടി, തലമുറകൾക്കു വേണ്ടി ഒക്കെ ദയവായി പ്രാർത്ഥിച്ചാലും. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

അമേരിക്കയിൽ ഇലക്ഷൻ അടുത്തുവല്ലോ. നമ്മുടെ രാജ്യത്തെ നന്മയെക്കരുതി നാം ബുദ്ധിയോടെ, വിവേകത്തോടെ വോട്ട് രേഖപ്പെടുത്തണം. മറക്കല്ലേ. ദൈവം പ്രാർത്ഥിക്കുന്ന മക്കളെ ഓർക്കാതിരിക്കില്ല. സ്വാർത്ഥമതികളായ മനുഷ്യർ ചിന്തിക്കും, എനിക്കെല്ലാമുണ്ട്, ഞാനെന്തിനു പ്രാർത്ഥിക്കണം. എന്നാൽ സാമൂഹിക ജീവികളായ നാം അങ്ങനെയല്ല. മറ്റുള്ളവരെക്കൂടെ കരുതേണ്ടതുണ്ട്. ലോകത്തിനു നന്മ ആഗ്രഹിക്കുന്നവരാകാം. എനിക്കെന്തു കിട്ടുമെന്നല്ല, എനിക്കെന്തു കൊടുക്കാൻ കഴിയുമെന്നാണ് നാം ചിന്തിക്കേണ്ടത്. നമുക്കുവേണ്ടി മാത്രം നാം ജീവിക്കുന്നുവെങ്കിൽ ചാവുകടലിനെപ്പോലെ ആയിരിക്കും. അമേരിക്കൻ ജനതയുടെ നന്മയ്ക്കുവേണ്ടി നമുക്കു നിലവിളിക്കാം. നമ്മുടെ അമേരിക്കയുടെ നിലനില്പിനു വേണ്ടി പ്രാർത്ഥിക്കാം, പ്രവൃത്തിക്കാം. കണ്ണുനീരോടെ വിതയ്ക്കുന്നവർക്ക് ആർപ്പോടെ ഒരു കൊയ്ത്തുണ്ടല്ലോ. നമുക്കും അതു പ്രതീക്ഷിക്കാം. നാം ദൈവത്തിൽ വിശ്വസിക്കുന്നുവെന്നു പറഞ്ഞ് ആരംഭിച്ച ഒരു നല്ല രാജ്യമാണ് അമേരിക്ക. ആ വിശ്വാസം നിലനിർത്തിക്കൊണ്ടു പോകാൻ അമേരിക്കയ്ക്കു കഴിയട്ടെ. സ്കൂളുകളിലെല്ലാം പ്രാർത്ഥനകൾ ആരംഭിക്കണം. വൈറ്റ് ഹൗസ് ഒരു പ്രെയർ ഹൗസ്കൂടി ആയിത്തീരട്ടെ.

ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതു പോലെ ദൈവത്തിന്റെ ദയ തന്റെ ഭക്തന്മാരോട് വലുതാണ്. അവന്റെ ദയയും കരുണയും ഭക്തന്മാരെ ചുറ്റിക്കൊള്ളും. നിലവിളിക്കുന്ന ഭക്തനെ ദൈവം സഹായിക്കുക തന്നെ ചെയ്യും. നിശ്ചയം.

# പോപ്പുലർഫ്രണ്ട്: 56.56 കോടിയുടെ സ്വത്തുക്കൾ കണ്ടുകെട്ടി

മലപ്പുറം: പോപ്പുലർഫ്രണ്ട് ഓഫ് ഇന്ത്യക്ക് എതിരായ നടപടിയുടെ ഭാഗമായി 56.56 കോടി രൂപ വിലമതിക്കുന്ന 35 സ്വത്തുവകകൾ കണ്ടുകെട്ടിയതായി എൻഫോഴ്‌സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) അറിയിച്ചു. പിഎഫ്ഐയുമായി ബന്ധമുള്ള ട്രസ്റ്റുകളോ വ്യക്തികളോ കമ്പനികളോ നടത്തുന്ന സ്ഥാപനങ്ങളാണ് കണ്ടുകെട്ടിയത്.

മലപ്പുറം, കോഴിക്കോട്, ഇടുക്കി, വയനാട്, കൊല്ലം, തൃശൂർ, തിരുവനന്തപുരം, എറണാകുളം, കോട്ടയം, പാലക്കാട് ജില്ലകളിലെ സ്വത്തുവകകൾ കണ്ടുകെട്ടിയവയിൽ ഉൾപ്പെടും. നേരത്തെ പിഎഫ്ഐ ബന്ധമുള്ള 5.16 കോടിയുടെ സ്വത്തുവകകൾ കണ്ടുകെട്ടിയിരുന്നു. ഇതോടെ ആകെ 61.72 കോടിയുടെ സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി. മലപ്പുറം മഞ്ചേരിയിലെ സത്യസരണി എജ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്, പിഎഫ്ഐ ഓഫീസായ യൂണിറ്റി ഹൗസ് സ്ഥിതിചെയ്യുന്ന കോഴിക്കോട് മീഞ്ചന്തയിലെ ഒബെലിസിക് പ്രോപ്പർട്ടീസ് ആൻഡ് ഡെവലപ്പേഴ്സ്, ഇടുക്കി മുരിക്കാശേരിയിലെ ഹിൽവാലി ചാരിറ്റബിൾ ട്രസ്റ്റ്, കരുനാഗപ്പള്ളിയിലെ കാരുണ്യ ഫൗണ്ടേഷൻ ട്രസ്റ്റ്, തൃശൂർ ചാവക്കാട്ടെ ഇസ്‌ലാമിക് കൾചറൽ ട്രസ്റ്റ്, എറണാകുളത്ത് ഇടപ്പള്ളിയിലെ കമ്യൂണിറ്റി കെയർ ഫൗണ്ടേഷൻ, പാലായിലെ ഫൗണ്ടേഷൻ ഫോർ അഡ്വാൻസ്ഡ് സോഷ്യൽ തോട്ട്, പാലക്കാട്ടെ നന്മ ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയ്ക്കു കീഴിലുള്ള സ്വത്തുവകകൾ പിടിച്ചെടുത്തവയിൽ ഉൾപ്പെടുന്നു.

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മറവിൽ മതപരിവർത്തനകേന്ദ്രം നടത്തുന്നു, പിഎഫ്ഐ പ്രവർത്തകർ യോഗം ചേരുന്നു, പിഎഫ്ഐയുമായി ബന്ധമുള്ളവർ നിക്ഷേപം നടത്തി തുടങ്ങിയ കാരണങ്ങളാണ് സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനു കാരണമായി ഇഡി ആരോപിച്ചിരിക്കുന്നത്. പോപ്പുലർ ഫ്രണ്ടുമായി ബന്ധമുണ്ടെന്നാരോപിച്ച് നേരത്തെ അമ്പതോളം ബാങ്ക് അക്കൗണ്ടുകൾ ഇഡി മരവിപ്പിച്ചിരുന്നു. 2022-ലാണ് പോപ്പുലർ ഫ്രണ്ടിനെ കേന്ദ്രസർക്കാർ നിരോധിച്ചത്.

# സ്റ്റേ ചെയ്തു

(3-ാം പേജിൽനിന്നും)

മദ്രസാ ബോർഡുകൾ അടച്ചുപൂട്ടണമെന്നും ശിപാർശ ചെയ്തു. മദ്രസാ വിദ്യാർത്ഥികൾക്ക് നിയമപ്രകാരമുള്ള വിദ്യാഭ്യാസം നൽകണമെന്നും കത്തിൽ നിർദേശിച്ചിരുന്നു.

ഉത്തർപ്രദേശിലെ മദ്രസ വിദ്യാഭ്യാസ ബോർഡ് നിയമം റദ്ദാക്കിയ അലഹബാദ് ഹൈക്കോടതി ഉത്തരവു സ്റ്റേ ചെയ്ത് സുപ്രീംകോടതി ഉത്തരവ്, ബാലാവകാശ കമ്മീഷന്റെ പഠന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് നിർദേശമെന്നും പ്രിയാങ്ക് കനൂങ് വ്യക്തമാക്കിയിരുന്നു. കേരളത്തിലെ മദ്രസകളിൽ കുട്ടികൾ ചൂഷണത്തിനു വിധേയരാകുന്നുവെന്നും ദേശീയ ബാലാവകാശ കമ്മീഷൻ പഠനറിപ്പോർട്ടിൽ പറഞ്ഞിരുന്നു.

# ആഘോഷങ്ങൾക്ക് ഹരിത പടക്കങ്ങൾ മാത്രമേ വിൽക്കാവൂ

തിരുവനന്തപുരം: അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ദീപാവലി ആഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി എട്ടു മുതൽ 10 വരെയും ക്രിസ്മസ്, പുതുവത്സരാഘോഷങ്ങളിൽ രാത്രി 11.55 മുതൽ പുലർച്ചെ 12.30 വരെയുമാക്കി നിയന്ത്രിച്ച് സർക്കാർ ഉത്തരവ്. ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കത്തിന്റെയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്കും ജില്ലാ പോലീസ് മേധാവിമാർക്കും നിർദേശം നൽകി ആഭ്യന്തര വകുപ്പ് ഉത്തരവു പുറപ്പെടുവിച്ചു.

# കാശ്മീരിൽ ഭീകരാക്രമണം

(3-ാം പേജിൽനിന്നും)

കാശ്മീരിൽ ഭീകരാക്രമണം നടന്നതിനു പിന്നാലെ മുതിർന്ന എൻഐഎ ഉദ്യോഗസ്ഥർ സംഭവസ്ഥലത്തേക്ക് പുറപ്പെട്ടു. ഭീകരാക്രമണത്തിനു പിന്നിൽ പാക്കിസ്ഥാൻ പിന്തുണയുള്ള ഭീകര സംഘടനയാണെന്ന വാർത്തകൾക്ക് പിന്നാലെയാണ് എൻഐഎ ഉദ്യോഗസ്ഥർ മേഖലയിലേക്കു തിരിച്ചത്. ഭീകരാക്രമണത്തിന് പിന്നിൽ 'ദ് റെസിസ്റ്റൻസ് ഫ്രന്റിന്റെ' പങ്ക് പുറത്തുവന്നതോടെ കേസ് അന്വേഷണം എൻഐഎ ഏറ്റെടുത്തേക്കും.

അതേസമയം, ഭീകരാക്രമണത്തിന് ശക്തമായി മറുപടി നൽകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. ഗഗൻഗീറിൽ തൊഴിലാളികൾക്ക് നേരെയുണ്ടായ ഭീകരാക്രമണം ഭീരുത്വമാണെന്ന് അമിത് ഷാ എക്സിൽ കുറിച്ചു. ഹീനമായ പ്രവൃത്തിയിൽ ഉൾപ്പെട്ടവരെ വെറുതെ വിടില്ലെന്നും സുരക്ഷാ സേനയിൽ നിന്ന് ഭീകരർക്ക് കടുത്ത പ്രതികരണം നേരിടേണ്ടി വരുമെന്നും അമിത് ഷാ മുന്നറിയിപ്പ് നൽകി. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി, ജമ്മു കാശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള, ലഫ് ഗവർണർ മനോജ് സിൻഹ തുടങ്ങിയവർ ആക്രമണത്തെ അപലപിച്ചു. ഭീകരരെ കണ്ടെത്താൻ സുരക്ഷാ സേന വ്യാപക തെരച്ചിൽ ആരംഭിച്ചു.

# പാണക്കാട് സയ്യിദ് സാദിഖ് അലി തങ്ങൾക്കും ഹാരിസ് ബീരാനും സ്വീകരണം

(20-ാം പേജിൽനിന്നും)

ഐഒസി ചെയർ ജോർജ് എബ്രഹാം, നന്മ - എംഎംഎൻജെ സഹസ്ഥാപകൻ ഡോ. സമദ് പൊന്നേരി, ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, നന്മ വൈസ് പ്രസിഡണ്ട് ഡോ. സക്കീർ ഹുസൈൻ, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടക്കൽ, ബോബി ബാൽ, ജോർജ് ജോസഫ്, മുൻ ഫൊക്കാന പ്രസിഡണ്ട് മാധവൻ നായർ, അസ്‌ലം ഹമീദ്, യുഎഇ കെഎംസിസി സെക്രട്ടറി അൻവർ നഹ, ലീലാ മാരേട്ട്, ജിബി തോമസ്, മധു കൊട്ടാരക്കര, തങ്കം അരവിന്ദ്, അനിൽ പുത്തൻചിറ, ഹനീഫ് എരഞ്ഞിക്കൽ, മുസ്തഫ കമാൽ, ഒമർ സിനാപ്, നിരാർ ബഷീർ, ഷൈമി ജേക്കബ്, ജിൻസ് മാത്യു, അഞ്ചൽ ഷാഫി ചാലിയം, അബ്ദുൽഖാദർ പാട്ടില്ലത്ത്, നാസർ കോടൂർ, ജംഷാദ് എന്നിവർ സംസാരിച്ചു.

സുൽഫിക്കർ ഹബീബ്, താഹാ മുഹമ്മദ് എന്നിവർ പരിപാടി ക്രമീകരിച്ചു. ഇൻതിയാസ് സ്വാഗതവും ഷെമി അന്ത്രു നന്ദിയും പറഞ്ഞു.

ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് ഡയോസിസ് മെത്രാപ്പോലീത്ത സഖറിയാ മോർ നിക്കോളാവോസിന്റെ ആശംസാ സന്ദേശവും അറിയിച്ചു.

SUBSCRIPTION FORM

I.D. # ____ Date ____ Expiration Date ____

Name ____

Address ____

City ____ State ____ Zip ____

Phone: ____ Email: ____

Signature: ____

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ____

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ____

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER

K.O. JOSE & ASSOCIATES, INC.
Certified Public Accountants





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and
EFFICIENT

*Quality*
REPAIR



WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**